VOL NO: 06 | ISSUE 20
www.nerpatham.com
mail@nerpatham.com
2022 MAY 14 | ₹10

# നേർപഥം

വാരിക

## വാർത്താവിനിമയം: ക്വുർആനിക മാർഗരേഖ

വിദ്വേഷ ഭാഷകരുടെ അധരവിസർജ്യങ്ങളാൽ ദുർഗന്ധപൂരിതമായിരിക്കുന്നു കേരളം! മുന്നണി പരീക്ഷണങ്ങൾ നടത്തി തളർന്ന ഒരു രാഷ്ട്രീയ ഭിക്ഷാംദേഹിയുടെ ഭാഗ്യാന്വേഷണ രസനാവിലാസങ്ങൾക്ക് ഈയിടെ നാട് നൽകിയ വില ചെറുതൊന്നുമല്ല. മത സൗഹാർദത്തിന്റെ കളിത്തൊട്ടിലായി രാഷ്ട്രശില്പികൾ വിശേഷിപ്പിച്ച കേരളത്തിന്റെ തലസ്ഥാന നഗരിയുടെ ഹൃദയകേന്ദ്രങ്ങളിലാണ് വർഗീയ വിദ്വേഷത്തിന്റെ ഈ പുരീഷ രസായനം നിവേദിച്ചിട്ടുള്ളത് എന്നതാണ് ഏറെ ഖേദകരം.



# വിദ്വേഷ ഭാഷണങ്ങളും വിശ്വാസി സമൂഹങ്ങളും

- || രോഗവും മരുന്നും
- || ഉറച്ച തീരുമാനമുണ്ടാവുക!
- || പ്രവാചകന്റെ വിവാഹങ്ങൾ

# പുറത്തിറങ്ങി...




WISDOM BOOKS

**PUBLISHING || DISTRIBUTION**

Wisdom Books | E.K.P Building | Calicut

Web: www.wisdomislam.org | Email: publication@wisdomislam.org

0495 4019437 9207525244



## പുതിയ പുസ്തകങ്ങൾ

| | |
|---|---|
| 01. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 4 | ഹുസൈൻ സലഫി |
| 02. സുരക്ഷിതത്വം സമൂഹം ഇസ്‌ലാം | ഉസ്മാൻ പാലക്കാഴി |
| 03. മുഹമ്മദ് നബി(സ്വ) ചരിത്ര സംഗ്രഹം | അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി |
| 04. വീക്ഷണ വ്യത്യാസങ്ങൾ നേരായ സമീപനം | കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ |
| 05. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 3 | ഹുസൈൻ സലഫി |
| 06. ഐ.എസിന്റെ മതമേത്? | അബ്ദുൽ മാലിക് സലഫി |
| 07. പ്രവാചക കുടുംബവും സ്വഹാബത്തും | വിവർത്തനം: പി.എൻ.അബ്ദുല്ലത്തീഫ് മദനി |
| 08. ഇബാദത്ത്: അർഥവും വ്യാഖ്യാനവും | അൻവർ അബൂബക്കർ |
| 09. പൗരത്വ നിഷേധവും ഇസ്‌ലാമിക സമൂഹവും | സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി |
| 10. മഹാമാരി: 100 കർമശാസ്ത്ര വിധികൾ | ഫൈസൽ മൗലവി പുതുപ്പറമ്പ് |
| 11. പൗരത്വം, ഫാഷിസം, മതനിരപേക്ഷത | ഡോ. കെ.ഇ.എൻ / ഡോ. സി മുഹമ്മദ് റാഫി |
| 12. വിശ്വാസ കാര്യങ്ങൾ, ഭാഗം: ഒന്ന് / അല്ലാഹു | ഉമർകോയ മദീനി |
| 13. ഉത്തമ സ്വഭാവങ്ങൾ | അബ്ദുൽ ജബ്ബാർ മദീനി |
| 14. പ്രാർഥനയുടെ അത്ഭുതങ്ങൾ | സഅഫർ സ്വാദിഖ് മദീനി |

0277

# നേർപഥം

വാരിക

2022 മെയ് 14
1443 ശവ്വാൽ 12
പുസ്തകം 06 / ലക്കം 20






Printed, published & owned by
K. Sajjad

Printed at
Sprint Offset Printers, Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Design, Cover & Layout:
Musthafa Mannarottil

Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/nerpatham weekly



കവർ സ്റ്റോറി

10



## വിദ്വേഷ ഭാഷണങ്ങളും വിശ്വാസി സമൂഹങ്ങളും

സുഫ്‌യാൻ അബ്ദുസ്സലാം

05
മുഖമൊഴി
വിവേകം ഭീരുത്വമല്ല

06
ലേഖനം
രോഗവും മരുന്നും
ഇമാം ഇബ്നുൽ ക്വയ്യിം അൽജൗസിയ്യ
വിവർത്തനം: ബിൻത് മുഹമ്മദ്

16
ലേഖനം
ജീവിതവിശുദ്ധിയുടെ ഇസ്‌ലാമിക പാഠങ്ങൾ
ഉസ്മാൻ പാലക്കാഴി

18
ലേഖനം
വാർത്താവിനിമയം: ക്വുർആനിക മാർഗരേഖ
ശമീർ മദീനി

22
ക്വുർആൻ ദർശനം
മുഹമ്മദ്
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി

26
ചരിത്രപഥം
പ്രവാചകന്റെ വിവാഹങ്ങൾ
ഹുസൈൻ സലഫി

32
ലേഖനം
തശഹ്ഹുദിലെ പ്രാർഥന; നാം അറിയേണ്ടത്
ദുൽക്കർഷാൻ അലനല്ലൂർ

34
മധുരം ജീവിതം
ഉറച്ച തീരുമാനമുണ്ടാവുക!
ഡോ. സി. മുഹമ്മദ് റാഫി ചെമ്പ്ര

# വക്വഫ് ബോർഡ് നിയമനം: മുഖ്യമന്ത്രി പ്രതികരിക്കണം

## വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ

കോഴിക്കോട്: സംസ്ഥാന വക്വഫ്ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പേഴ്സണൽ അസിസ്റ്റന്റായി ഇതര മത വിഭാഗത്തിൽനിന്ന് നിയമനം നടത്തിയ നടപടി വിവാദമായ പശ്ചാത്തലത്തിൽ മുഖ്യമന്ത്രി ഈ വിഷയത്തിൽ വ്യക്തത നൽകണമെന്ന് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന സെക്രട്ടറിയേറ്റ് ആവശ്യപ്പെട്ടു.

ദേവസ്വത്തിൽ ഹൈന്ദവ വിശ്വാസികളെയും വക്വഫ് ബോർഡിൽ ഇസ്‌ലാം മത വിശ്വാസികളെയും നിയമിച്ച് വരുന്ന കീഴ്‌വഴക്കം മാറിമറിയുന്നത് ആശങ്കാജനകമാണ്. വക്വഫ് നിയമനം പി.എസ്.സിക്ക് വിടില്ലെന്നും അതുമായി ബന്ധപ്പെട്ട നിയമം നിയമസഭയിൽ പിൻവലിക്കുമെന്നും മുസ്‌ലിം നേതാക്കൾക്ക് മുഖ്യമന്ത്രി നൽകിയ ഉറപ്പ് നിലനിൽക്കുമ്പോൾ, ഇതര വിഭാഗത്തിൽപെട്ടവരെ നിയമിക്കാൻ വക്വഫ് ബോർഡ് തയ്യാറായത് മുസ്‌ലിം സമുദായത്തോടുള്ള വെല്ലുവിളിയാണ്. വക്വഫ് സ്വത്ത് അല്ലാഹുവിന്റെതാണ്. അത് കൈകാര്യം ചെയ്യേണ്ടത് അല്ലാഹുവിൽ വിശ്വാസമുള്ളവരായിരിക്കണം എന്നത് മുസ്‌ലിം സമുദായം ഒറ്റക്കെട്ടായി മുഖ്യമന്ത്രിയെ ഉണർത്തിയ കാര്യമാണ് എന്നിരിക്കെ, വക്വഫ് ബോർഡിലേക്ക് നടത്തിയ പുതിയ നിയമനം പിൻവലിച്ച് സമുദായത്തിന്റെ ആശങ്കയകറ്റാൻ മുഖ്യമന്ത്രി മുൻകൈയെടുക്കണമെന്നും വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന സെക്രട്ടറിയേറ്റ് ആവശ്യപ്പെട്ടു.

പ്രസിഡന്റ് പി.എൻ അബ്ദുല്ലത്വീഫ് മദനി അധ്യക്ഷത വഹിച്ചു. കുഞ്ഞി മുഹമ്മദ് മദനി പറപ്പൂർ, ടി.കെ അഷ്‌റഫ്, അബൂബക്ർ സലഫി, നാസിർ ബാലുശ്ശേരി, ഹാരിസ് ഇബ്നു സലീം, ഫൈസൽ മൗലവി, അബ്ദുൽ മാലിക് സലഫി എന്നിവർ സംസാരിച്ചു.

# 'തർജുമാനുൽ ക്വുർആൻ' പ്രകാശനവും ക്വുർആൻ സെമിനാറും

കോഴിക്കോട്: മർഹൂം കെ. ഉമർ മൗലവി രചന നിർവഹിച്ച 'തർജുമാനുൽ ക്വുർആൻ, സമ്പൂർണ പരിഭാഷ'യുടെ പ്രകാശനം കോഴിക്കോട് സ്പാൻ ഓഡിറ്റോറിയത്തിൽ നടന്നു. സാമാന്യജനങ്ങൾക്ക് ഉപകരിക്കുന്ന സരളശൈലികൊണ്ടും ഹ്രസ്വമായ വിവരണംകൊണ്ടും ശ്രദ്ധേയമാണ് ഉമർ മൗലവി രണ്ടാമത് രചിച്ച ഈ പരിഭാഷ.

ശൈഖ് അബ്ദുല്ലത്വീഫ് അബ്ദുസ്സമദ് അൽകാതിബ് പ്രകാശനസമ്മേളനം ഉദ്ഘാടനം ചെയ്തു. വിശുദ്ധ ക്വുർആനിന്റെ സന്മാർഗദർശനം മനുഷ്യർക്കാകെ വെളിച്ചമാണെന്നും എന്നാൽ അതിന്റെ ഉള്ളടക്കത്തെ പ്രമാണബദ്ധമായിത്തന്നെ സമീപിക്കണമെന്നും ഉദ്ഘാടന പ്രസംഗത്തിൽ അദ്ദേഹം പ്രസ്താവിച്ചു. മുഖ്യാതിഥിയായി ബഹു. തുറമുഖ, മ്യൂസിയം മന്ത്രി അഹ്മദ് ദേവർകോവിൽ സംബന്ധിച്ചു. നന്മയിലേക്ക് വഴിനടത്തേണ്ട ക്വുർആനെ തെറ്റായി വ്യാഖ്യാനിച്ച് തീവ്രവാദത്തിന് വഴിയൊരുക്കുന്നതിനെ കരുതിയിരിക്കണമെന്ന് മന്ത്രി ഓർമപ്പെടുത്തി.

തർജുമാനുൽ ക്വുർആൻ അവസാന വാല്യത്തിന്റെ പ്രകാശനം ഡോ. അലി അജ്മാൻ നിർവഹിച്ചു. പ്രകാശന സമ്മേളനത്തിൽ മുബാറക് ബിൻ ഉമർ, കെ.സി. മുഹമ്മദ് മൗലവി, വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ പ്രസിഡന്റ് പി.എൻ അബ്ദുല്ലത്വീഫ് മദനി, കെ.എൻ.എം (മർക്കസുദ്ദഅ്‌വ) പ്രസിഡന്റ്സി.പി ഉമർ സുല്ലമി, വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ വൈസ് പ്രസിഡന്റ് കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ, മദ്റസ ക്ഷേമനിധി ബോർഡ് ചെയർമാൻ എം.പി അബ്ദുൽ ഗഫൂർ സാഹിബ്, മുഹമ്മദ് അഹ്മദ് ഫാറൂഖി, മുഹമ്മദ് ദാവൂദ് അബ്ദുല്ല അൽകാതിബ് എന്നിവർ സംസാരിച്ചു.

# വിവേകം ഭീരുത്വമല്ല

പൗരത്വനിയമ ഭേദഗതി, ഏകസിവിൽകോഡ് നടപ്പാക്കുമെന്ന പ്രഖ്യാപനം, 'ഗോമാതാവി'ന്റെ പേരിൽ നടക്കുന്ന ആൾക്കൂട്ട കൊലപാതകം, വംശീയ ഉൻമൂലനത്തിനുള്ള ബോധപൂർവമുള്ള ശ്രമം, ബാങ്കുവിളി-ഹിജാബ് പോലുള്ള ഇസ്‌ലാമിക ചിഹ്നങ്ങൾ നിരോധിക്കാനുള്ള ശ്രമം, വർഗീയവാദികളായ നേതാക്കളുടെ കൊല്ലാനും മാനഭംഗപ്പെടുത്താനുമുള്ള പരസ്യമായ ആഹ്വാനം... ഇങ്ങനെ മുസ്‌ലിംകളുടെ മനസ്സിനെ അസ്വസ്ഥമാക്കുന്ന ഒരുപാട് കാര്യങ്ങൾ വർത്തമാനകാല ഇന്ത്യയിൽ നടന്നുകൊണ്ടിരിക്കുകയാണ്. രാജ്യത്തുള്ള തങ്ങളുടെ നിലനിൽപും സമാധാനത്തോടെയുള്ള ജീവിതവും നഷ്ടപ്പെടുമോ എന്ന ചിന്ത മുസ്‌ലിം ന്യൂനപക്ഷത്തെ അലട്ടിക്കൊണ്ടിരിക്കുന്നുണ്ട്.

എന്നാൽ നിരാശയിലേക്ക് കൂപ്പുകുത്താനോ പ്രതികാരബുദ്ധ്യാ തീവ്രനിലപാടിലേക്ക് നീങ്ങാനോ ഇതൊന്നും കാരണമായിക്കൂടാ. കാരണം രാജ്യത്തെ ഭൂരിപക്ഷം ജനങ്ങളും ഈ വർഗീയ ഭ്രാന്തിനെ അംഗീകരിക്കാത്തവരും മുസ്‌ലിം സമുദായത്തിന്റെ കൂടെ നിൽക്കുന്നവരുമാണ്. മതനിരപേക്ഷ നിലപാടുള്ളവരുടെ കൂടെനിന്ന് എല്ലാവിധ അതിക്രമങ്ങൾക്കും അനീതിക്കുമെതിരെ നിയമപരമായി പോരാടുക എന്നതാണ് ഈ അവസരത്തിൽ കരണീയമായിട്ടുള്ളത്.

സത്യവിശ്വാസം ശക്തിയുടെ ഉറവിടമാണ്. സത്യവിശ്വാസി ഏതവസ്ഥയിലും ഉന്നതനും ശക്തനും തന്നെയാണ്, ആയിരിക്കണം. ഏത് പ്രതികൂല സാഹചര്യങ്ങളിലും പതറാതെയും പ്രശ്നങ്ങളെ അതിജയിച്ചും സൽകർമനിരതനായിരിക്കാൻ സത്യവിശ്വാസം (ഈമാൻ) മനഷ്യനു കരുത്തേകും.

അല്ലാഹുവിന്റെ തീരുമാനങ്ങൾക്കപ്പുറം ഈ ലോകത്ത് യാതൊന്നും സംഭവിക്കുകയില്ല. അതിനാൽ അവന്റെ വിധിയെ-അത് നമുക്ക് ഇഷ്ടകരമായതാണെങ്കിലും അനിഷ്ടകരമായതാണെങ്കിലും-പരീക്ഷണമായിക്കാണാൻ നമുക്കാവണം. അല്ലാഹുവിന്റെ വിധിയുടെ വീഥിയിലൂടെ ക്ഷമയോടെ, സഹനത്തോടെ, അർപ്പണബോധത്തോടെ ദൈവികനിയമങ്ങൾക്ക് സാക്ഷ്യംവഹിക്കുന്നവരായി ജീവിക്കുവാൻ കഴിയാത്തവൻ വിശ്വാസി എന്ന് സ്വയം അഭിമാനിക്കുന്നത് അർഥശൂന്യമാണ്.

സമൂഹത്തിൽ നിലനിൽക്കുന്ന പിഴച്ച മൂല്യങ്ങളോടും ദുഷിച്ച ആചാരങ്ങളോടും രാജിയാകാതെ നന്മ കൽപിക്കുവാനും തിന്മ വിരോധിക്കുവാനുമുള്ള ആർജവം പകർന്നുതരുന്നത് ഈമാനാണ്. സ്വന്തത്തോടും മറ്റുള്ളവരോടും ചെയ്യുന്ന നന്മയും ഗുണകാംക്ഷയുമാണത്. ആ വഴിയിലുള്ള യാത്ര അത്ര സുഗമമായിരിക്കില്ല. ആ മാർഗത്തിൽ കാണുവാൻ കഴിയുക പൂക്കൾ വിതറിയ പരവതാനിയല്ല; കല്ലും മുള്ളും വിതറിയ കരിമ്പടങ്ങളായിക്കും. എതിർപ്പിന്റെ, പരിഹാസങ്ങളുടെ കൂരമ്പുകൾ പാഞ്ഞുവന്നേക്കാം. ഇരുട്ടിന്റെ മിത്രങ്ങൾക്കെങ്ങനെ വെളിച്ചത്തെ സ്നേഹിക്കുവാൻ കഴിയും? അവരോടു നാമെന്തു പറയണമെന്ന് ക്വുർആൻ പറഞ്ഞുതരുന്നുണ്ട്:

"പറയുക: എന്റെ ജനങ്ങളേ, നിങ്ങളുടെ നിലപാടനുസരിച്ച് നിങ്ങൾ പ്രവർത്തിച്ചുകൊള്ളുക. ഞാനും പ്രവർത്തിച്ചുകൊണ്ടിരിക്കുകതന്നെയാകുന്നു. എന്നാൽ വഴിയെ നിങ്ങൾ അറിയും; അപമാനകരമായ ശിക്ഷ വന്നെത്തുന്നതും ശാശ്വതമായ ശിക്ഷ വന്നിറങ്ങുന്നതും ആർക്കാണെന്ന്" (39:39-40).

ആത്മബോധത്തിന്റെ കരുത്തിൽ സത്യവിശ്വാസി ആരുടെ മുമ്പിലും ചങ്കുറപ്പോടെ നിവർന്നുനിൽക്കുന്നവനായിരിക്കണം. അല്ലാഹുവിന്റെ കാവൽ ഉള്ളതിനാൽ അവൻ മറ്റാരെയും ഭയപ്പെടേണ്ടതുമില്ല.

ലേഖനം




# രോഗവും മരുന്നും 3

ഇമാം ഇബ്നൽ ക്വയ്യിം അൽജൗസിയ്യ
ക്രോഡീകരണം: ഉസ്താദത്ത് ഈമാൻ ഉബൈദ്
വിവർത്തനം: ബിൻത് മുഹമ്മദ്

**പാഠം 7**

**പ്രത്യാശയും പ്രതീക്ഷയും നിലനിർത്തുക**

ആരാധനകൾ അനുഷ്ഠിക്കുമ്പോൾ പ്രത്യാശയോടൊപ്പം ഒരുനാൾ അല്ലാഹുവിനെ കണ്ടുമുട്ടുമെന്ന പ്രതീക്ഷയും പുലർത്തേണ്ടതാണ്. അല്ലാഹു പറയുന്നു:

“ആരെങ്കിലും തന്റെ റബ്ബുമായി കണ്ടുമുട്ടാൻ ആഗ്രഹിക്കുന്നുവെങ്കിൽ അവൻ സൽകർമം പ്രവർത്തിച്ചുകൊള്ളട്ടെ. തന്റെ രക്ഷിതാവിനെ ആരാധിക്കുന്നതിൽ ഒരാളെയും പങ്കുചേർക്കാതിരിക്കട്ടെ” (അൽകഹ്ഫ്:110)

പ്രതീക്ഷ നിലനിർത്തുവാൻ മൂന്നുകാര്യങ്ങൾ അനിവാര്യമാണ്.

*1) ആഗ്രഹം:* നാം പ്രതീക്ഷിക്കുന്ന കാര്യത്തെ നാം അതിയായി സ്നേഹിക്കുകയും ആഗ്രഹിക്കുകയും വേണം.

*2) ഭയം:* നാം പ്രതീക്ഷിക്കുന്ന കാര്യം നഷ്ടപ്പെട്ടുപോകുമോ എന്ന് ഭയക്കേണ്ടതാണ്.

*3) കഠിനാദ്ധ്വാനം:* നാം പ്രതീക്ഷിക്കുന്ന കാര്യം നേടാൻ കഠിനാദ്ധ്വാനം ചെയ്യേണ്ടതുമാണ്.

ഉദാ: സ്വർഗം നമ്മൾ പ്രതീക്ഷിക്കുന്നുണ്ടെങ്കിൽ അത് ലഭിക്കാൻ നാം ആഗ്രഹിക്കുകയും അത് കൈവിട്ടുപോകുമോ എന്ന് ഭയക്കുകയും അത് ലഭിക്കുവാൻ കഠിനാദ്ധ്വാനം ചെയ്യുകയും വേണം. സ്വർഗത്തിൽ പോകണമെന്ന് ആഗ്രഹിക്കുകയും അതിനായി ഒന്നും ചെയ്യാതിരിക്കുകയും ചെയ്താൽ അത് വെറും വ്യാമോഹം മാത്രമാണ്.

മനുഷ്യർക്ക് പ്രചോദനമേകാൻ പ്രതീക്ഷ അത്യാവശ്യമാണ്. നിനക്ക് ഒന്നിനും കഴിവില്ല എന്ന് പറഞ്ഞ് ഒരിക്കലും ജനങ്ങളെ നിരാശപ്പെടുത്തരുത്. നിരാശാബോധം മനുഷ്യനെ ലക്ഷ്യപ്രാപ്തിയിൽനിന്നും അകറ്റുന്നതാണ്. നന്മ പ്രതീക്ഷിച്ച് ജീവിക്കുന്നവർക്ക് അത് കൈവിട്ടുപോകുമോ എന്ന ഭയവും വേണ്ടതാണ്. അബൂഹുറയ്റ(റ) നിവേദനം: “അല്ലാഹുവിന്റെ റസൂൽ(സ്വ) അരുളി: ‘ഭയമുള്ളവർ രാത്രി നേരത്തെ യാത്ര തിരിക്കുന്നതാണ്. രാത്രി നേരത്തെ യാത്ര ചെയ്യുന്നവർ ലക്ഷ്യസ്ഥാനത്ത് എത്തുന്നതാണ്. അറിയുക, അല്ലാഹുവിന്റെ വിഭവം വിലയേറിയതാണ്. അല്ലാഹുവിന്റെ വിഭവം സ്വർഗം തന്നെ” (തിർമുദി 2638).

ഒരാൾ തന്റെ രോഗം മനസ്സിലാക്കിക്കഴിഞ്ഞാൽ അതിനെ ചികിത്സിക്കണം. അത് ഹൃദയത്തിലെ രോഗമായിരുന്നാലും ചികിത്സിക്കേണ്ടതാണ്. ഹൃദയത്തിലെ രോഗങ്ങൾ പുറമെ പ്രകടമാകാറില്ല. അത് ചികിത്സിച്ചില്ലെങ്കിൽ മനസ്സിൽ പരക്കുന്നതും ക്രമേണ മനസ്സ് മരവിച്ച് ഒരുതരം അവ

**പ്രതീക്ഷ നിലനിർത്തുവാൻ മൂന്നുകാര്യങ്ങൾ അനിവാര്യമാണ്.**
**1) ആഗ്രഹം: നാം പ്രതീക്ഷിക്കുന്ന കാര്യത്തെ നാം അതിയായി സ്നേഹിക്കുകയും ആഗ്രഹിക്കുകയും വേണം.**
**2) ഭയം: നാം പ്രതീക്ഷിക്കുന്ന കാര്യം നഷ്ടപ്പെട്ടുപോകുമോ എന്ന് ഭയക്കേണ്ടതാണ്.**
**3) കഠിനാദ്ധ്വാനം: നാം പ്രതീക്ഷിക്കുന്ന കാര്യം നേടാൻ കഠിനാദ്ധ്വാനം ചെയ്യേണ്ടതുമാണ്. ഉദാ: സ്വർഗം നമ്മൾ പ്രതീക്ഷിക്കുന്നുണ്ടെങ്കിൽ അത് ലഭിക്കാൻ നാം ആഗ്രഹിക്കുകയും അത് കൈവിട്ടുപോകുമോ എന്ന് ഭയക്കുകയും അത് ലഭിക്കുവാൻ കഠിനാദ്ധ്വാനം ചെയ്യുകയും വേണം. സ്വർഗത്തിൽ പോകണമെന്ന് ആഗ്രഹിക്കുകയും അതിനായി ഒന്നും ചെയ്യാതിരിക്കുകയും ചെയ്താൽ അത് വെറും വ്യാമോഹം മാത്രമാണ്.**

അല്ലാഹുവിന് നമ്മെ ആവശ്യമില്ല. പക്ഷേ, അവൻ നമ്മെ സൃഷ്ടിക്കുകയും നമുക്ക് സ്വർഗത്തിലേക്ക് പോകുവാൻ അവസരം നൽകുകയും ചെയ്തിരിക്കുന്നു. 'സ്വർഗത്തിൽ പ്രവേശിക്കുക' എന്നത് ഒരു ചെറിയ കാര്യമല്ല. വെറുതെ പ്രതീക്ഷിച്ചതുകൊണ്ട് മാത്രം അവിടെ എത്തുകയുമില്ല. നാം അതിനായി നിരന്തര പരിശ്രമം നടത്തേണ്ടതാണ്. മഹാന്മാരായ സ്വഹാബികൾ സൽകർമങ്ങൾ അധികമായി പ്രവർത്തിച്ചിരുന്നതിനോടൊപ്പം വളരെയധികം ഭയക്കുകയും ചെയ്തിരുന്നു. പരീക്ഷക്ക് നന്നായി തയ്യാറെടുക്കുന്ന ഒരാൾ അതിനായി ഒന്നും ചെയ്യാത്തവനെക്കാൾ ഭയക്കുന്നതാണല്ലോ?

സൽകർമങ്ങൾ പ്രവർത്തിക്കുമ്പോൾ മാത്രമെ നമുക്ക് പ്രതീക്ഷ ലഭിക്കുകയുള്ളൂ. അതോടൊപ്പം അത് സ്വീകരിക്കപ്പെടുമോ എന്ന ഭയവും വേണം. സ്വർഗം നമുക്ക് ഉറപ്പായും ലഭിക്കും എന്ന ചിന്ത വ്യർഥമാണ്. അവസാന ശ്വാസംവരെ നിരന്തരപരിശ്രമം അതിനാവശ്യമാണ്.

അബൂബക്ർ സിദ്ദീക്(റ) പറയുമായിരുന്നു: 'ഒരു വിശ്വാസിയുടെ ശരീരത്തിന്റെ രോമമെങ്കിലും ആകാൻ എനിക്ക് സാധിച്ചിരുന്നെങ്കിൽ കൊള്ളാമായിരുന്നു!' അദ്ദേഹം തന്റെ നാവ് കാണിച്ചുകൊണ്ട് പറയുമായിരുന്നു: 'ഇതാണ് എന്നെ ധാരാളം അപകടങ്ങളിൽ അകപ്പെടുത്തിയത്!' എന്നാൽ അദ്ദേഹം വളരെ കുറച്ച് മാത്രമെ സംസാരിക്കുമായിരുന്നുള്ളൂ. അദ്ദേഹത്തിന്റെ ഭയഭക്തിയെക്കുറിച്ച് ക്വുർആൻ തന്നെ വാഴ്ത്തിപ്പറഞ്ഞിട്ടുണ്ട്. (സൂറതുല്ലൈൽ 17-21). എന്നിട്ടും അദ്ദേഹം സ്വയം സുരക്ഷിതനായി കരുതിയിരുന്നില്ല.

ഉമറുൽ ഫാറൂക്(റ) സൂറതുത്ത്വൂർ പാരായണം ചെയ്യുകയായിരുന്നു. അദ്ദേഹം ഏഴാമത്തെ ആയത്ത് എത്തി: 'നിന്റെ നാഥന്റെ ശിക്ഷ തീർച്ചയായും സംഭവിക്കുന്നത് തന്നെയാകുന്നു.' ഉടനെ അദ്ദേഹം കരയുവാൻ ആരംഭിച്ചു. കരഞ്ഞ് കരഞ്ഞ് രോഗം ബാധിച്ചു. ജനങ്ങൾ അദ്ദേഹത്തെ സന്ദർശിക്കാൻ വരികയുണ്ടായി! പതിവനുസരിച്ച് ഒരു രാത്രിയിൽ അദ്ദേഹം ക്വുർആൻ പാരായണം ചെയ്യുകയായിരുന്നു. പാരായണത്തിനിടയിൽ ഈ ആയത്തിൽ എത്തി. "ദൈവസ്മരണയാൽ അവരുടെ ഹൃദയങ്ങൾ ഭയപ്പെടുന്നതിനും അവൻ അവതരിപ്പിച്ച സത്യത്തിന് മുന്നിൽ തല കുനിക്കുന്നതിനും വിശ്വാസികൾക്ക് ഇനിയും സമയമായില്ലയോ?" (അൽഹദീദ് 16). അദ്ദേഹം വല്ലാതെ ഭയപ്പെടുകയും വീട്ടിൽ നിന്നും പുറത്തിറങ്ങാതെ കരഞ്ഞ് കഴിയുകയും ചെയ്തു. അദ്ദേഹം ഭയഭക്തി നിമിത്തം കരഞ്ഞ് കരഞ്ഞ് മുഖത്ത് രണ്ട് കറുത്തവരകൾ വീണിരുന്നു. ഉമറിനെ കണ്ടാൽ പിശാച് തിരിഞ്ഞുകളയുന്നതാണ് എന്ന് നബി(സ്വ) അരുളിയിട്ടുണ്ട്. ആ ഒരു വ്യക്തിയുടെ അവസ്ഥയാണിത്! അതെ, മഹത്തുക്കളായ സ്വഹാബിമാർ ശക്തരായിരുന്നെങ്കിലും അവരുടെ ഹൃദയം വളരെ മൃദുലമായിരുന്നു.



ഉസ്മാനുബ്നു അഫ്ഫാൻ(റ) ഏതെങ്കിലും ക്വബ്റിടത്തിൽ എത്തിയാൽ കരഞ്ഞ് കരഞ്ഞ് സ്വന്തം താടിയിൽനിന്നും കണ്ണുനീർ ഇറ്റുവീഴുമായിരുന്നു. അദ്ദേഹം പറയുകയുണ്ടായി: 'ഞാൻ

സ്ഥയിലാവുകയും ചെയ്യും. ഉദാ: ഒരാൾക്ക് അസൂയ എന്ന രോഗം ബാധിച്ചിട്ടുണ്ടെങ്കിൽ ഉടൻ ചികിത്സിക്കണം. താൻ അസൂയപ്പെടില്ല എന്ന് പ്രതീക്ഷിച്ചാൽ മാത്രം പോരാ, ആ സ്വഭാവത്തിൽനിന്ന് മോചനം നേടാൻ അല്ലാഹുവിന്റെ സഹായം തേടുകയും പാപമോചനം തേടുകയും അസൂയപ്പെടാതിരിക്കാൻ കഠിനാദ്ധ്വാനം ചെയ്യുകയും വേണം.

അത് ഗൗരവത്തിലെടുത്ത് അതിന് പ്രതിവിധി കണ്ടെത്താൻ ശ്രമിച്ചില്ലെങ്കിൽ അത് ഹൃദയത്തിൽ സ്ഥിരപ്പെടുകയും ഹൃദയത്തിന്റെ നൈർമല്യത നഷ്ടപ്പെടുകയും ഹൃദയം ക്രമേണ മരവിക്കുകയും നാശമാകുകയും ചെയ്യുന്നതാണ്. നമുക്ക് കൈമുതലായിട്ടുള്ളത് നമ്മുടെ ഹൃദയമാണ്. ഈമാൻ സ്ഥിതിചെയ്യേണ്ടത് ഹൃദയത്തിലാണ്. അല്ലാഹു നമ്മെ ഏവരെയും കാത്തുരക്ഷിക്കട്ടെ, ആമീൻ

സ്വർഗത്തിനും നരകത്തിനും ഇടയിൽ നിൽക്കുകയും എങ്ങോട്ടാണ് പോകേണ്ടതെന്ന് എന്നോട് പറയാതിരിക്കുകയും ചെയ്താൽ, ഞാൻ ചാരമായി പോകട്ടെയെന്ന് ഞാൻ ആശിക്കുന്നു!' കാരണം വിധിയെന്താണെന്ന് അറിയാത്തതിനാൽ അദ്ദേഹം വളരെയധികം ഭയപ്പെട്ടിരുന്നു.

അലിയ്യുബ്നു അബീത്വാലിബ്(റ) എല്ലാ കാലവും ജീവിച്ചിരിക്കുമെന്ന ചിന്തയെയും സ്വന്തം ദേഹച്ഛയെ പിന്തുടരുന്നതിനെയും വളരെയധികം ഭയപ്പെട്ടിരുന്നു. അദ്ദേഹം പറയുന്നു: 'നമ്മൾ എന്നും ജീവിച്ചിരിക്കുമെന്ന ചിന്ത പരലോകത്തെ മറപ്പിക്കുന്നതാണ്!' അതെ, അടുത്ത വേനലവധിക്കും അടുത്ത വർഷവും നന്നാകാമെന്ന് ചിന്തിച്ചുകൊണ്ടിരിക്കുകയും പരലോകത്തെ മറക്കുകയും ചെയ്യും. എന്നാൽ പരലോകം ഏത് നിമിഷത്തിലും വന്നുചേരാൻ സാധ്യതയുണ്ട്.

സ്വന്തം ദേഹച്ഛകളെ പിൻപറ്റുന്നത് വളരെ ഭയക്കണം. കാരണം അത് നമ്മെ സത്യം അംഗീകരിക്കുന്നതിൽനിന്നും തടയും. ഓരോ ദിവസവും പിന്നിടുമ്പോഴും ദുൻയാവ് പിറകോട്ട് പോവുകയാണ്. ഓരോ വർഷം പിന്നിടുമ്പോഴും ഓർക്കണം; നമ്മൾ മരണത്തോട് അടുത്തുകൊണ്ടിരിക്കുന്നു.

അലി(റ) പറയുന്നു: 'ദുൻയാവിന്റെ സന്തതികളും പരലോകത്തിന്റെ സന്തതികളും ഉണ്ട്. നിങ്ങൾ പരലോകത്തിന്റെ സന്തതികളാകുവാൻ ശ്രമിക്കുക. ഇന്ന് കർമങ്ങൾ മാത്രമേയുള്ളൂ; വിചാരണയില്ല. നാളെ കർമങ്ങളുടെ വിചാരണ മാത്രമേയുണ്ടാകൂ. അപ്പോൾ കർമങ്ങൾ ചെയ്യുവാൻ സാധിക്കില്ല!"

അബുദ്ദർദാഅ് പറയുന്നു: 'നിനക്ക് ധാരാളം ജ്ഞാനമുണ്ടായിരുന്നു. പക്ഷേ, അത് അനുസരിച്ചുള്ള കർമങ്ങൾ എവിടെയെന്ന് നാളെ ചോദ്യമുണ്ടാകുന്നതിനെ ഞാൻ വളരെയധികം ഭയപ്പെടുന്നു. അപ്രകാരം ചോദ്യമുണ്ടായാൽ ഞാൻ നശിച്ചുപോകുന്നതാണ്!'

ഇതായിരുന്നു മഹാന്മാരായ സ്വഹാബിമാരുടെ അവസ്ഥകൾ! അല്ലാഹു നമ്മെയെല്ലാം കാത്തുരക്ഷിക്കട്ടെ! "അല്ലാഹുവേ, ഉപകാരപ്രദമായ അറിവും പരിശുദ്ധ വിഭവങ്ങളും സ്വീകാര്യപ്രദമമായ കർമങ്ങളും ഞാൻ നിന്നോട് ചോദിക്കുന്നു" (ഇബ്നുമാജ, ഹദീസ് നമ്പർ 978).

അബ്ദുല്ലാഹ് ബിൻ അബീമുലയ്ക(റഹി) പറഞ്ഞു: "ഞാൻ റസൂലുല്ലാഹി(സ്വ)യുടെ മുപ്പത് സ്വഹാബികളെ കണ്ടുമുട്ടി. അവരിൽ ആരുംതന്നെ ഞങ്ങൾക്ക് ജിബ്‌രീലിനെയും മീകാഈലിനെയും പോലെ ഈമാനുണ്ട് എന്ന് അവകാശപ്പെട്ടില്ല!" (ബുഖാരി). ഈ വചനം ഉദ്ധരിച്ചപ്പോൾ ഇമാം ബുഖാരി കൊടുത്ത ശീർഷകം ഇപ്രകാരമാണ്: 'വിശ്വാസി അവൻ അറിയാതെ തന്റെ കർമങ്ങൾ തകർന്നുപോകുമോ എന്ന് ഭയപ്പെട്ടുകൊണ്ടിരിക്കും.'



**അടുത്ത വേനലവധിക്കും അടുത്ത വർഷവും നന്നാകാമെന്ന് ചിന്തിച്ചുകൊണ്ടിരിക്കുകയും പരലോകത്തെ മറക്കുകയും ചെയ്യും. എന്നാൽ പരലോകം ഏത് നിമിഷത്തിലും വന്നുചേരാൻ സാധ്യതയുണ്ട്. സ്വന്തം ദേഹേച്ഛകളെ പിൻപറ്റുന്നത് വളരെ ഭയക്കണം. കാരണം അത് നമ്മെ സത്യം അംഗീകരിക്കുന്നതിൽനിന്നും തടയും. ഓരോ ദിവസവും പിന്നിടുമ്പോഴും ദുൻയാവ് പിറകോട്ട് പോവുകയാണ്. ഓരോ വർഷം പിന്നിടുമ്പോഴും ഓർക്കണം; നമ്മൾ മരണത്തോട് അടുത്തുകൊണ്ടിരിക്കുന്നു.**

**പാഠം 4**

### പൂർവകാല ജനതയുടെ പാപങ്ങളുടെ പരിണിതഫലങ്ങൾ

നാം ഏറ്റവും കൂടുതൽ ഭയപ്പെടേണ്ട രോഗം പാപങ്ങളാണ്. കാരണം പാപങ്ങൾ നമ്മുടെ ഹൃദയത്തെ ബാധിക്കുന്നതാണ്. പാപങ്ങൾ എത്ര വലുതാണോ അതിനനുസരിച്ച അത് ഹൃദയത്തെ ബാധിക്കും. ഏറ്റവും വലിയ പാപം ശിർക്കാണ്. അത് നമ്മുടെ മനസ്സിനെ മരവിപ്പിച്ചുകളയും.

രോഗവും മറ്റു രീതിയിലുള്ള നാശനഷ്ടങ്ങളുമെല്ലാം നമ്മുടെ പാപങ്ങളുടെ പരിണിതഫലമാണ്. പാപങ്ങൾ കാരണം വലിയ നാശനഷ്ടങ്ങൾ സംഭവിക്കുന്നതാണെന്ന് മുൻഗാമികളുടെ വിവിധ സംഭവങ്ങൾ ഉദ്ധരിച്ച് അല്ലാഹു നമ്മെ ഉണർത്തുന്നു.

ഇബ്‌ലീസിനെ ഉന്നതങ്ങളിൽനിന്നും താഴേക്കെത്തിച്ചത് അനുസരണക്കേടായിരുന്നു. നൂഹ്

**നമുക്ക് അവതരിച്ച ഗ്രന്ഥത്തിൽ നിന്നും പാഠങ്ങൾ ഉൾക്കൊള്ളുവാനുള്ള സമയം അതിക്രമിച്ചുകഴിഞ്ഞിരിക്കുന്നു. ഇനിയും നമ്മൾ അതിന് തയ്യാറായില്ലെങ്കിൽ മുൻകാല ജനതതക്ക് ബാധിച്ചതുപോലെയുള്ള ശിക്ഷകൾ നമ്മളും ഏറ്റുവാങ്ങേണ്ടി വരും. മുകളിൽ പറയപ്പെട്ടത് പോലുള്ള ശിക്ഷകൾ ഇതുവരെ വന്നുഭവിച്ചിട്ടില്ലെങ്കിലും നാം അനുഭവിച്ചുകൊണ്ടിരിക്കുന്ന ശിക്ഷകൾക്ക് ഒട്ടും കുറവില്ലയെന്ന് മനസ്സിലാക്കുക. ഈ കാലഘട്ടത്തിലും അക്രമം, കൊല, നാടുകടത്തൽ, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, കൃഷിനാശം, പകർച്ചവ്യാധി, മുതലായ നാശനഷ്ടങ്ങൾ സംഭവിക്കുന്നുണ്ട്. ഇവയുടെയെല്ലാം അടിസ്ഥാന കാരണം നമ്മുടെ പാപങ്ങൾ തന്നെയാണ്.**

നബി(അ)യുടെ ജനത, മഹാപാപങ്ങളായ ശിർക്കും നിഷേധവും കാരണം കഠിന ശിക്ഷക്കർഹരായി. മുകളിൽനിന്നും പെയ്തിറങ്ങുകയും താഴ്ഭാഗത്തുനിന്നും പ്രവഹിക്കുകയും ചെയ്ത മഹാപ്രളയത്തിൽ അല്ലാഹു അവരെ മുക്കിക്കളഞ്ഞു. അതിന്റെ തിരമാലകൾ പർവതങ്ങൾക്ക് സമാനമായിരുന്നുവെന്ന് ക്വുർആൻ പറയുന്നു.

ആദ് ഗോത്രത്തെ അവരുടെ അനുസരണക്കേട് മൂലം കൊടുങ്കാറ്റിലൂടെ അല്ലാഹു ശിക്ഷിച്ചു. അത് നശിപ്പിച്ചത് മനുഷ്യരെ മാത്രമല്ല, അവരുടെ കൃഷിയിടങ്ങളെയും കാലികളെയും അവർക്കുണ്ടായിരുന്ന എല്ലാത്തിനെയും തകർത്തുകളഞ്ഞു. അല്ലാഹു അതിനെ ജനങ്ങൾക്ക് ഒരു പാഠമാക്കി.

സമൂദ് ഗോത്രത്തിനെ ഒരു ഘോരശബ്ദത്തിലൂടെ പ്രകമ്പനം കൊള്ളിക്കുകയും അത് അവരുടെ ഹൃദയങ്ങളെ തകർക്കുകയും അവർ മരിച്ചുവീഴുകയും ചെയ്തു.

ശുഐബ് നബി(അ)യുടെ



ഗോത്രം ജനങ്ങളുമായുള്ള ഇടപാടുകളിൽ വഞ്ചനകാണിക്കുകയും സ്വന്തം അവകാശങ്ങൾ കൈപ്പറ്റുകയും എന്നാൽ മറ്റുള്ളവരുടെ അവകാശങ്ങൾ നിഷേധിക്കുകയും ചെയ്തു. അവരുടെ ശിരസ്സുകൾക്കുമീതെ ഒരു മേഘം വന്ന് പൊതിയുകയും അഗ്നിമഴ അവരിലേക്ക് പെയ്തിറങ്ങുകയും ചെയ്തു. അല്ലാഹുവിന് എല്ലാ വസ്തുക്കളുടെയും സവിശേഷതകൾ മാറ്റിമറിക്കാനുള്ള കഴിവുണ്ട്. ഇബ്റാഹീം നബി(അ)ക്ക് ലഭിച്ചതുപോലെ, അല്ലാഹുവിന്റെ കൽപന പ്രകാരം അഗ്നിക്ക് തണുപ്പ് നൽകാൻ സാധിക്കും. ഇപ്രകാരം എല്ലാ മേഘങ്ങളും വെള്ളം മാത്രമല്ല വർഷിക്കുന്നത്, അല്ലാഹുവിന്റെ കൽപന പ്രകാരം അതിന് കല്ലുകളോ അഗ്നിയോ എന്തും വർഷിക്കാൻ സാധിക്കുന്നതാണ്.

സാധുക്കളെ ധാരാളമായി പീഡിപ്പിച്ച ഫിർഔനും കൂട്ടരും ജലത്തിൽ മുങ്ങിത്താണ് നശിച്ചു. അക്രമങ്ങൾ കാട്ടിക്കൂട്ടിയ ക്വാറൂൻ ഭൂമിയിൽ ആണ്ടുപോയി.

ബനൂ ഇസ്റാഈൽ പ്രവാചകന്മാരുടെ പാതയിൽനിന്നും മാറുകയും അക്രമങ്ങൾ കാട്ടുകയും ചെയ്തപ്പോൾ അവരുടെ അടുത്തേക്ക് അല്ലാഹു മഹാഅക്രമികളായ ആളുകളെ അയച്ചു. ഇത് രണ്ടുതവണ സംഭവിച്ചിട്ടുണ്ടെന്ന് ക്വുർആൻ വിവരിക്കുന്നു.

പരിശുദ്ധ ക്വുർആൻ വിവിധ ഭാഗങ്ങളിൽ വിവരിച്ച സംഭവങ്ങളാണ് മുകളിലുദ്ധരിച്ചത്. നമുക്ക് അവതരിച്ച ഗ്രന്ഥത്തിൽനിന്നും പാഠങ്ങൾ ഉൾക്കൊള്ളുവാനുള്ള സമയം അതിക്രമിച്ചുകഴിഞ്ഞിരിക്കുന്നു. ഇനിയും നമ്മൾ അതിന് തയ്യാറായില്ലെങ്കിൽ മുൻകാല ജനതതക്ക് ബാധിച്ചതുപോലെയുള്ള ശിക്ഷകൾ നമ്മളും ഏറ്റുവാങ്ങേണ്ടി വരും. മുകളിൽ പറയപ്പെട്ടത് പോലുള്ള ശിക്ഷകൾ ഇതുവരെ വന്നുഭവിച്ചിട്ടില്ലെങ്കിലും നാം അനുഭവിച്ചുകൊണ്ടിരിക്കുന്ന ശിക്ഷകൾക്ക് ഒട്ടും കുറവില്ലയെന്ന് മനസ്സിലാക്കുക. ഈ കാലഘട്ടത്തിലും അക്രമം, കൊല, നാടുകടത്തൽ, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, കൃഷിനാശം, പകർച്ചവ്യാധി, മുതലായ നാശനഷ്ടങ്ങൾ സംഭവിക്കുന്നുണ്ട്. ഇവയുടെയെല്ലാം അടിസ്ഥാന കാരണം നമ്മുടെ പാപങ്ങൾ തന്നെയാണ്.

പാപങ്ങൾ ചെയ്യാത്ത മനുഷ്യരാരും ഉണ്ടാകില്ല. മനുഷ്യൻ ബലഹീനനായാണ് സൃഷ്ടിക്കപ്പെട്ടത്. പക്ഷേ, നമുക്ക് ഏത് നിമിഷം വേണമെങ്കിലും സ്വന്തം തെറ്റ് സമ്മതിച്ച് അല്ലാഹുവിലേക്ക് പശ്ചാത്തപിച്ച് മടങ്ങാവുന്നതാണ്. അബൂഹുറയ്റ(റ) നിവേദനം: "റസൂലുല്ലാഹി അരുളി: എന്റെ ആത്മാവ് നിയന്ത്രിക്കുന്ന അല്ലാഹുവിൽ സത്യം, നിങ്ങൾ പാപങ്ങൾ ചെയ്യുന്നവരല്ലെങ്കിൽ അല്ലാഹു നിങ്ങളെ മാറ്റി തെറ്റുകൾ ചെയ്യുകയും അല്ലാഹുവിനോട് പാപമോചനം തേടുകയും ചെയ്യുന്ന മറ്റൊരു ജനതയെ കൊണ്ടുവരുകയും ചെയ്യുന്നതാണ്" (മുസ്‌ലിം 2741)

അപ്പോൾ അല്ലാഹുവിന് വേണ്ടത് പശ്ചാത്തപിച്ച് മടങ്ങുന്ന ഹൃദയങ്ങളെയാണ്. സ്വന്തം തെറ്റുകൾ സമ്മതിച്ച് അഹങ്കാരം നടിക്കാതെ അല്ലാഹുവിന് മുമ്പിൽ താഴ്മയോടെ പാപമോചനത്തിന് അപേക്ഷിക്കുക. അതിനുവേണ്ടിയാണ് അല്ലാഹു നമുക്ക് ദുൻയാവിൽ തന്നെ ചെറുതും വലുതുമായ പല ബുദ്ധിമുട്ടുകളും പ്രയാസങ്ങളും നൽകുന്നത്.

*(അവസാനിച്ചില്ല).*

# വിദ്വേഷ ഭാഷണങ്ങളും വിശ്വാസി സമൂഹങ്ങളും

സുഫ്യാൻ അബ്ദുസ്സലാം
✆ : 81296 17676

**വിദ്വേഷ ഭാഷകരുടെ അധരവിസർജ്യങ്ങളാൽ ദുർഗന്ധപൂരിതമായിരിക്കുന്നു കേരളം! മുന്നണി പരീക്ഷണങ്ങൾ നടത്തി തളർന്ന ഒരു രാഷ്ട്രീയ ഭിക്ഷാംദേഹിയുടെ ഭാഗ്യാന്വേഷണ രസനാവിലാസങ്ങൾക്ക് ഈയിടെ നാട് നൽകിയ വില ചെറുതൊന്നുമല്ല. മത സൗഹാർദത്തിന്റെ കളിത്തൊട്ടിലായി രാഷ്ട്രശില്പികൾ വിശേഷിപ്പിച്ച കേരളത്തിന്റെ തലസ്ഥാന നഗരിയുടെ ഹൃദയകേന്ദ്രങ്ങളിലാണ് വർഗീയ വിദ്വേഷത്തിന്റെ ഈ പുരീഷ രസായനം നിവേദിച്ചിട്ടുള്ളത് എന്നതാണ് ഏറെ ഖേദകരം.**

കേരളം വിദ്വേഷഭാഷകരുടെ അധരവിസർജ്യങ്ങളാൽ ദുർഗന്ധപൂരിതമായിരിക്കുന്ന ലജ്ജിപ്പിക്കുന്ന സാഹചര്യങ്ങളിലൂടെയാണ് കടന്നുപോയിക്കൊണ്ടിരിക്കുന്നത്. ദൈവികമായ ഒട്ടേറെ അനുഗ്രഹങ്ങളാൽ ധന്യമായ, 'ദൈവത്തിന്റെ നന്മ' അഥവാ 'ഖൈറുല്ല' എന്ന് സഞ്ചാരികൾ വിളിച്ചുവന്ന പ്രദേശം വായിൽ വരുന്നതെല്ലാം വിളിച്ചുകൂവുന്ന പിശാചുക്കളുടെ വിളയാട്ടകേന്ദ്രമായി മാറിക്കൊണ്ടിരിക്കുകയാണ്.





പി.സി.ജോർജ് നടത്തിയ പരാമർശങ്ങൾ കേവലം വർഗീയം മാത്രമല്ല, വിഷലിപ്തവും മലയാളികൾക്ക് അപമാനവുമാണ്. പ്രസംഗമധ്യെ അറിയാതെ കടന്നുവന്നതല്ല, ആവേശത്തിന്റെ മച്ചിലിലേറി  വന്നതുമല്ല, മറിച്ച് കൃത്യമായ ആസൂത്രണത്തോടെ ഗൃഹപാഠം ചെയ്ത് പ്രത്യേക ലക്ഷ്യങ്ങൾ മുൻനിർത്തിയുള്ള നിന്ദാഭത്സനങ്ങളായിരുന്നു അത്. വിദ്വേഷം പ്രചരിപ്പിച്ചാൽ മതസമൂഹങ്ങളിൽ അകൽച്ചകൾ ഉണ്ടാക്കാമെന്നും അതുവഴി ഒരു മതസമുദായത്തിന്റെ പിന്തുണ ലഭിക്കുമെന്നുമുള്ള ദിവാസ്വപ്നങ്ങളാണ് ജോർജിനെ അതിന് പ്രേരിപ്പിച്ചിരിക്കുന്നത്.

കേരളത്തിന്റെ മുഖ്യധാരാ രാഷ്ട്രീയ മുന്നണികളിൽനിന്നും പുറത്തുപോയി പലതരത്തിലുള്ള പരീക്ഷണങ്ങൾ നടത്തി തളർന്ന ഒരു രാഷ്ട്രീയ ഭിക്ഷാംദേഹിയുടെ പുതിയ ഭാഗ്യാന്വേഷണം മാത്രമാണീ രസനാവിലാസങ്ങൾ. പക്ഷേ, ഇത്തരം രാഷ്ട്രീയ പരീക്ഷണങ്ങൾക്ക് കേരളം എന്തുമാത്രം വിലനൽകണം! മതസൗഹാർദത്തിന്റെ കളിത്തൊട്ടിലായി രാഷ്ട്രശില്പികൾ വിശേഷിപ്പിച്ചിട്ടുള്ള, രാജ്യത്തിന്റെതന്നെ അഭിമാനസ്തംഭമായി നിലകൊള്ളുന്ന, മഹാകവികളുടെയും സാഹിത്യകാരന്മാരുടെയും പ്രശംസകളാൽ പുളകിതമായിട്ടുള്ള നമ്മുടെ കേരളത്തിന്റെ തലസ്ഥാനനഗരിയുടെ ഹൃദയകേന്ദ്രത്തിലാണ് പ്ലാത്തോട്ടത്തിൽ ചാക്കോയുടെ മകൻ ജോർജിന്റെ വക വിദ്വേഷത്തിന്റെ 'പുരീഷ രസായനം' നിവേദിച്ചിട്ടുള്ളത്!


സംഘ്പരിവാർ രാജ്യത്താകമാനം മുസ്‌ലിം സമുദായത്തിനെതിരെ പ്രത്യക്ഷയുദ്ധം പ്രഖ്യാപിച്ച് ഓരോ സംസ്ഥാനത്തിലും വിവിധങ്ങളായ പ്രശ്നങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന വർത്തമാനകാലത്ത് പി.സി.ജോർജിന്റെ വർഗീയ പരാമർശങ്ങളെ കേവലം അബദ്ധജടിലം എന്ന് പറഞ്ഞു തള്ളാൻ കഴിയില്ല. കർണാടകയിൽ ഹിജാബും മഹാരാഷ്ട്രയിൽ ബാങ്ക്‌വിളിയും ഡൽഹിയിൽ ജഹാംഗീർ പുരിയിലെ കുടിയൊഴിപ്പിക്കലും യു.പിയിലും മറ്റു ചിലയിടങ്ങളിലും ആൾക്കൂട്ടഭീകരതയും മുസ്‌ലിംവിരുദ്ധ രാഷ്ട്രീയത്തിനുള്ള ആയുധങ്ങളായി മാറിക്കൊണ്ടിരിക്കുന്ന സന്ദർഭത്തിലും കേരളത്തിന്റെ മതേതര മനസ്സുകളിൽ വർഗീയതയുടെ ഇളക്കങ്ങൾ സൃഷ്ടിക്കാൻ പാകമായ ഒരു ആയുധവും നിർമിക്കാൻ സംഘ്പരിവാറിന് കാര്യമായും സാധിച്ചിട്ടില്ല. എങ്കിൽ തരാതരം അഭിപ്രായങ്ങൾ മാറ്റിമാറ്റി പറഞ്ഞുകൊണ്ടിരിക്കുന്ന, താത്കാലിക നേട്ടങ്ങൾക്കായി എന്തു പണിയും ചെയ്യുവാൻ തയ്യാറായി നിൽക്കുന്ന കൂട്ടിക്കൊടുപ്പുകാരെ വേഷംകെട്ടിച്ച് വല്ലതും നേടാൻ സാധിക്കുമോ എന്ന പരീക്ഷണത്തിലാണ് സംഘ്പരിവാർ. ഇത്തരം കൂട്ടിക്കൊടുപ്പുകാർ എത്രകാലം തങ്ങളുടെ കൂടെ നിൽക്കുമെന്ന് അൽപകാലം കൂടി കഴിഞ്ഞാൽ സംഘ്പരിവാറിന് ബോധ്യമായിക്കൊള്ളും.

മതവും രാഷ്ട്രീയവുമെല്ലാം ഓരോ വ്യക്തിയുടെയും സ്വന്തമായ അഭി

**ദൈവികമായ ഒട്ടേറെ അനുഗ്രഹങ്ങളാൽ ധന്യമായ, 'ദൈവത്തിന്റെ നന്മ' അഥവാ 'ഖൈറുല്ല' എന്ന് സഞ്ചാരികൾ വിളിച്ചുവന്ന പ്രദേശം വായിൽ വരുന്നതെല്ലാം വിളിച്ചുകൂവുന്ന പിശാചുക്കളുടെ വിളയാട്ടകേന്ദ്രമായി മാറിക്കൊണ്ടിരിക്കുകയാണ്. പി.സി.ജോർജ് നടത്തിയ പരാമർശങ്ങൾ കേവലം വർഗീയം മാത്രമല്ല, വിഷലിപ്തവും മലയാളികൾക്ക് അപമാനവുമാണ്. പ്രസംഗമധ്യെ അറിയാതെ കടന്നുവന്നതല്ല, ആവേശത്തിന്റെ മച്ചിലിലേറി  വന്നതുമല്ല, മറിച്ച് കൃത്യമായ ആസൂത്രണത്തോടെ ഗൃഹപാഠം ചെയ്ത് പ്രത്യേക ലക്ഷ്യങ്ങൾ മുൻനിർത്തിയുള്ള നിന്ദാഭത്സനങ്ങളായിരുന്നു അത്. വിദ്വേഷം പ്രചരിപ്പിച്ചാൽ മതസമൂഹങ്ങളിൽ അകൽച്ചകൾ ഉണ്ടാക്കാമെന്നും അതുവഴി ഒരു മതസമുദായത്തിന്റെ പിന്തുണ ലഭിക്കുമെന്നുമുള്ള ദിവാസ്വപ്നങ്ങളാണ് ജോർജിനെ അതിന് പ്രേരിപ്പിച്ചിരിക്കുന്നത്.**

പ്രായങ്ങൾക്കനുസരിച്ചും പരമ്പരാഗതമായ ശീലങ്ങൾക്കനുസരിച്ചുമെല്ലാം രൂപപ്പെട്ടുവരുന്ന കാര്യങ്ങളാണ്. കേരളീയ ജനത ഇക്കാര്യത്തിൽ പ്രബുദ്ധമാണ്. വിവിധ മതവിഭാഗങ്ങളുടെ ആരാധനാലയങ്ങൾ തൊട്ടുരുമ്മി നിൽക്കുന്ന കേരളത്തിൽ പരസ്പരമുള്ള സ്നേഹസൗഹൃദങ്ങളുടെ കൊടുക്കൽ വാങ്ങലുകൾ സജീവമാണ്. വിശ്വാസവും ആചാരവും ഓരോ വിശ്വാസി സമൂഹത്തിനും പ്രിയപ്പെട്ടതാണ്. അപരന്റെ വിശ്വാസത്തെയും ആചാരങ്ങളെയും ബഹുമാനിക്കുവാൻ ശീലിച്ചുകൊണ്ടാണ് മലയാളികൾ ഇക്കാലമത്രയും ജീവിച്ചുവന്നത്. വേഷങ്ങളിലും ഭക്ഷണരീതികളും സമ്പ്രദായങ്ങളിലുമെല്ലാം വ്യത്യസ്തകൾ ഉണ്ടെങ്കിൽപോലും ഒരേ ജനതയാണെന്ന വികാരമാണ് അവരെ ഭരിച്ചുകൊണ്ടിരിക്കുന്നത്. വിവിധ മതമേലധ്യക്ഷന്മാർ ഒരുമിച്ചിരുന്ന് സൗഹൃദത്തിന്റെ സന്ദേശം കൈമാറുന്ന എത്രയോ പരിപാടികളും






സമ്മേളനങ്ങളും കേരളത്തിൽ നടന്നുവന്നിട്ടുള്ളതാണ്. ഒരൊറ്റ ജനതയാണെന്ന വികാരത്തോടെ ദൃഢമായ സാംസ്കാരികാവബോധം നിലനിൽക്കുന്ന, സാമൂഹികഭദ്രത കൈവന്നിട്ടുള്ള ഒരു സംസ്ഥാനത്ത് ജാതിയും മതവും പറഞ്ഞുള്ള അധിക്ഷേപങ്ങളെ അറപ്പോടെയും വെറുപ്പോടെയുമല്ലാതെ കേരളജനത വീക്ഷിക്കില്ല.

ഈ സ്നേഹാദരവുകളുടെ നേർക്കാഴ്ച സമ്മാനിച്ച ഒരു വീഡിയോ കൊല്ലം ജില്ലയിൽനിന്നും അടുത്തായി പുറത്തുവരികയുണ്ടായി. കരുനാഗപ്പള്ളി വെറ്റമുക്ക് ശ്രീകൃഷ്ണ സ്വാമി ക്ഷേത്രത്തിലെ സപ്താഹത്തോടനുബന്ധിച്ചുള്ള ഘോഷയാത്ര വെറ്റമുക്ക് മസ്ജിദിന്റെ മുന്നിലൂടെ കടന്നുപോകുന്നു. ആ സമയത്താണ് മസ്ജിദിൽനിന്നും മഗ്‌രിബ് ബാങ്ക് മുഴങ്ങിക്കേൾക്കുന്നത്. നോമ്പുകാലമാണ്. മുസ്‌ലിം വിശ്വാസിസമൂഹം നോമ്പുതുറക്കുന്ന സമയം. ഹൈന്ദവ വിശ്വാസികൾ ഘോഷയാത്ര നടത്തുന്ന സമയത്ത് പള്ളിയിൽനിന്നുള്ള ബാങ്കൊലികൾ അന്തരീക്ഷത്തിൽ അലിഞ്ഞുചേർന്നപ്പോൾ ഘോഷയാത്രയിലെ വാദ്യമേളങ്ങൾ നിശ്ചലമായി. പി.സി.ജോർജിന്റെ കാളകൂടം പൊട്ടിയൊലിച്ച് കേരളീയ സമൂഹത്തെ നാണം കെടുത്തിയതിന് ശേഷമായിരുന്നു ഈ സംഭവമെന്നത് അത്തരം വിദ്വേഷഭാഷണം നടത്തുന്നവർക്കുള്ള മറുപടി കൂടിയായി വിലയിരുത്തപ്പെടുന്നു. ഇത് കേരളത്തിലെ ഒറ്റപ്പെട്ട കാഴ്ചയല്ല. കേരളം ഇങ്ങനെയാണ്. ഇങ്ങനെയായിരിക്കണം. വർഗീയതയുടെ വിഷക്കയത്തിൽ കേരള ജനതയെ മുക്കിക്കൊല്ലാൻ ആരെല്ലാം ശ്രമിച്ചാലും വർധിതവീര്യത്തോടെ അതിൽനിന്നും കേരളത്തിലെ വിവിധ വിശ്വാസിസമൂഹങ്ങൾ കുതറിയോടുമെന്നതിനുള്ള ഉദാഹരണമാണ് ഈ സംഭവം. കേരളത്തിന്റെ പാരമ്പര്യം അതാണെന്നുകൂടി ഇത് ബോധ്യപ്പെടുത്തുന്നു.

വക്കം മൗലവിയും കുമാരനാശാനും ജീവിച്ച മണ്ണാണിത്. ശ്രീനാരായണ ഗുരുവും ശിഹാബ് തങ്ങളും ഉഴുതുമറിച്ച സാംസ്കാരിക ഭൂമികയാണിത്. എല്ലാ മതവിഭാഗങ്ങളും മറന്നുപോകാതെ നെഞ്ചോട് ചേർത്തുവെക്കേണ്ട സംസ്കാരമാണിത്. മനസ്സിൽ സൂക്ഷിച്ചുവെക്കേണ്ട സന്ദേശമാണിത്. ഒരു മതേതര, മതനിരപേക്ഷ സമൂഹത്തിൽ നമുക്ക് ഇഷ്ടമുണ്ടെങ്കിലും ഇല്ലെ

**സംഘ്പരിവാർ രാജ്യത്താകമാനം മുസ്‌ലിം സമുദായത്തിനെതിരെ പ്രത്യക്ഷയുദ്ധം പ്രഖ്യാപിച്ച് ഓരോ സംസ്ഥാനത്തിലും വിവിധങ്ങളായ പ്രശ്നങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന വർത്തമാനകാലത്ത് പി.സി. ജോർജിന്റെ വർഗീയ പരാമർശങ്ങളെ കേവലം അബദ്ധജടിലം എന്ന് പറഞ്ഞു തള്ളാൻ കഴിയില്ല. കർണാടകയിൽ ഹിജാബും മഹാരാഷ്ട്രയിൽ ബാങ്ക്‌വിളിയും ഡൽഹിയിൽ ജഹാംഗീർ പുരിയിലെ കുടിയൊഴിപ്പിക്കലും യു.പിയിലും മറ്റു ചിലയിടങ്ങളിലും ആൾക്കൂട്ടഭീകരതയും മുസ്‌ലിംവിരുദ്ധ രാഷ്ട്രീയത്തിനുള്ള ആയുധങ്ങളായി മാറിക്കൊണ്ടിരിക്കുന്ന സന്ദർഭത്തിലും കേരളത്തിന്റെ മതേതര മനസ്സുകളിൽ വർഗീയതയുടെ ഇളക്കങ്ങൾ സൃഷ്ടിക്കാൻ പാകമായ ഒരു ആയുധവും നിർമിക്കാൻ സംഘ്പരിവാറിന് കാര്യമായും സാധിച്ചിട്ടില്ല.**






ങ്കിലും യോജിപ്പുണ്ടെങ്കിലും ഇല്ലെങ്കിലും മറ്റുള്ളവരുടെ വിശ്വാസങ്ങളോടും അഭിപ്രായങ്ങളോടും അസഹിഷ്ണുത ഉണ്ടായിരിക്കാൻ പാടില്ല. 'നിങ്ങൾക്ക് നിങ്ങളുടെ വിശ്വാസം, എനിക്കെന്റെ വിശ്വാസം' എന്ന വിശുദ്ധ ഖുർആനിന്റെ പ്രഖ്യാപിത നിലപാടും ഇതുതന്നെയാണല്ലോ.

മുസ്‌ലിംവിരുദ്ധത ഒരു രാഷ്ട്രീയമായി രൂപപ്പെടുത്തുവാനാണ് സംഘ്പരിവാറും അതിന് വളമിട്ടുനൽകുന്ന ചിലരും ശ്രമിക്കുന്നത്. മലപ്പുറത്ത് ഉമ്മമാർ പന്നികൾ പെറ്റുകൂട്ടുന്നതുപോലെയാണ് പെറ്റുകൂട്ടുന്നത് എന്നു പറഞ്ഞ ഡോ. എൻ. ഗോപാലകൃഷ്ണനെയും പൈപ്പ് വെള്ളത്തിലൂടെ 'താത്താമാർക്ക്' ഗർഭനിരോധന മരുന്നുകൾ നൽകണമെന്ന് പറഞ്ഞ കെ.ആർ.ഇന്ദിരയെയും കേരളം അവജ്ഞയോടെ കുപ്പത്തൊട്ടിയിലേക്ക് എറിയുകയാണുണ്ടായത്. സംഘപരിവാറിന്റെ അജണ്ട നടപ്പാക്കാൻ ക്രിസ്ത്യാനികളുടെ പേരിൽ രൂപംകൊണ്ട 'കാസ'യെ ക്രിസ്തീയ സമൂഹം പാടെ തള്ളിക്കളഞ്ഞിരിക്കുകയാണ്.

ക്രിസ്തീയ സമുദായാംഗവും കേരളത്തിലെ അറിയപ്പെടുന്ന മാധ്യമ പ്രവർത്തകനുമായ ജേക്കബ് ജോർജിന്റെ നിരീക്ഷണം പ്രസക്തമാകുന്നത് ഇവിടെയാണ്. അദ്ദേഹം പറയുന്നത് ഇങ്ങനെയാണ്: "കേരളത്തിലെ ഹിന്ദുക്കൾക്കിടയിൽ വർഗീയതയുടെ വിത്ത് പാകുന്നതിനുവേണ്ടിയുള്ള തന്ത്രം പയറ്റുന്നതിൽ ബിജെപി പരാജയപ്പെട്ടപ്പോൾ ക്രിസ്ത്യാനികളുമായി കൂട്ടുകൂടാനും മുസ്‌ലിംകളുമായി ഭിന്നത സൃഷ്ടിക്കാനും അവർ ശ്രമിച്ചുവരികയാണ്. അതിനായി പി.സി ജോർജിനെപ്പോലുള്ള രാഷ്ട്രീയക്കാരെയും കാസ തുടങ്ങിയ സംഘടനകളെയും അവർ ഉപയോഗിച്ചുവരികയാണ്. ക്രിസ്ത്യൻ ഗ്രൂപ്പുകളുടെ 'ലൗ ജിഹാദ്,' 'നാർക്കോട്ടിക് ജിഹാദ്' പ്രചാരണങ്ങളുടെ പിന്നിൽ പ്രവർത്തിക്കുന്നതും സംഘ്പരിവാർ ഗൂഢാലോചനയാണ്" (ഡെക്കാൻ ഹെറാൾഡ്, മെയ് 2).

സംഘ്പരിവാർ ക്രിസ്തീയ സമുദായവുമായി പാലമിട്ട് പ്രവർത്തിക്കാനുള്ള ശ്രമം തുടങ്ങിയിട്ട് വർഷങ്ങൾ ഏറെയായി. 2014ലെ പൊതുതെരഞ്ഞെടുപ്പിന് ശേഷമാണ് അവർ ഇതിനായുള്ള പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തിയത്. നേരത്തെ ഒരു 'മുസ്‌ലിം രാഷ്ട്രീയ മഞ്ച്' ഉണ്ടാക്കിയെങ്കിലും മുസ്‌ലിം സമുദായത്തിനകത്തേക്ക് നുഴഞ്ഞുകയറാൻ അവർക്ക് സാധിച്ചിരുന്നില്ല. മുസ്‌ലിംകളെ സാംസ്കാരികമായി ഹിന്ദുക്കളാക്കാനായിരുന്നു അവരുടെ ശ്രമം. എന്നാൽ മുസ്‌ലിംകൾക്കിടയിൽ നിലനിൽക്കുന്ന പൊതുവായ മുസ്‌ലിം സാംസ്കാരികബോധം അതിന് തടസ്സമാണെന്ന് അവർക്ക് മനസ്സിലായി. അങ്ങനെ മുസ്‌ലിം മഞ്ച് കേവലം ഒരു അലങ്കാര വസ്തുവായി പരിണമിച്ചു. അതോടെ അവർ കളം മാറ്റിച്ചവിട്ടി. ക്രിസ്ത്യൻ വിഭാഗങ്ങളിൽനിന്നും ഒരു വിഭാഗത്തെ അരുക്കാക്കികൊണ്ടുവരാനാണ് അവർ ശ്രമിച്ചുവന്നത്. ഇതിനായി 2016ൽ ഒരു 'രാഷ്ട്രീയ ഇസൈ മഞ്ച്' രൂപീകരിക്കാൻ അവർ തീരുമാനിച്ചു. ആർ.എസ്.എസ്. നേതാവ് ഇന്ദ്രേഷ് കുമാർ ആയിരുന്നു ഇതിന്റെ മുന്നിൽ നിന്നത്. ചില ആർച്ച് ബിഷപ്പുമാരുമായി അദ്ദേഹം ചർച്ച നടത്തി. കേരളത്തിലേക്ക് ഒരു ഉന്നതസംഘത്തെ അയക്കുകയും ചില ക്രിസ്തീയ നേതാക്കളുമായി സംഭാഷണം നടത്താൻ കളമൊരുക്കുകയും ചെയ്തു. 2017ൽ ചർച്ച്

**വക്കം മൗലവിയും കുമാരനാശാനും ജീവിച്ച മണ്ണാണിത്. ശ്രീനാരായണ ഗുരുവും ശിഹാബ് തങ്ങളും ഉഴുതുമറിച്ച സാംസ്കാരിക ഭൂമികയാണിത്. എല്ലാ മതവിഭാഗങ്ങളും മറന്നുപോകാതെ നെഞ്ചോട് ചേർത്തുവെക്കേണ്ട സംസ്കാരമാണിത്. മനസ്സിൽ സൂക്ഷിച്ചു വെക്കേണ്ട സന്ദേശമാണിത്. ഒരു മതേതര, മതനിരപേക്ഷ സമൂഹത്തിൽ നമുക്ക് ഇഷ്ടമുണ്ടെങ്കിലും ഇല്ലെങ്കിലും യോജിപ്പുണ്ടെങ്കിലും ഇല്ലെങ്കിലും മറ്റുള്ളവരുടെ വിശ്വാസങ്ങളോടും അഭിപ്രായങ്ങളോടും അസഹിഷ്ണുത ഉണ്ടായിരിക്കാൻ പാടില്ല. 'നിങ്ങൾക്ക് നിങ്ങളുടെ വിശ്വാസം, എനിക്കെന്റെ വിശ്വാസം' എന്ന വിശുദ്ധ ഖുർആനിന്റെ പ്രഖ്യാപിത നിലപാടും ഇതുതന്നെയാണല്ലോ.**



**മുസ്‌ലിംവിരുദ്ധത ഒരു രാഷ്ട്രീയമായി രൂപപ്പെടുത്തുവാനാണ് സംഘ്പരിവാറും അതിന് വളമിട്ടു നൽകുന്ന ചിലരും ശ്രമിക്കുന്നത്. മലപ്പുറത്ത് ഉമ്മമാർ പന്നികൾ പെറ്റുകൂട്ടുന്നതുപോലെയാണ് പെറ്റുകൂട്ടുന്നത് എന്നു പറഞ്ഞ ഡോ. എൻ. ഗോപാലകൃഷ്ണനെയും പൈപ്പ് വെള്ളത്തിലൂടെ 'താത്താമാർക്ക്' ഗർഭനിരോധന മരുന്നുകൾ നൽകണമെന്ന് പറഞ്ഞ കെ.ആർ.ഇന്ദിരയെയും കേരളം അവജ്ഞയോടെ കുപ്പത്തൊട്ടിയിലേക്ക് എറിയുകയാണുണ്ടായത്. സംഘപരിവാറിന്റെ അജണ്ട നടപ്പാക്കാൻ ക്രിസ്ത്യാനികളുടെ പേരിൽ രൂപംകൊണ്ട 'കാസ'യെ ക്രിസ്തീയ സമൂഹം പാടെ തള്ളിക്കളഞ്ഞിരിക്കുകയാണ്.**

ഓഫ് നോർത്ത് ഇന്ത്യയുമായി ബന്ധമുള്ള, ആഗ്ര ആസ്ഥാനമായി പ്രവർത്തിക്കുന്ന ഒരു സംഘം ആർ.എസ്.എസ്. നേതാക്കളുമായി ചർച്ചനടത്തി. നാഗ്പൂരിലും ഡൽഹിയിലുമായി ചർച്ചകൾ പുരോഗമിച്ചു.

കെ.എസ് സുദർശന്റെ നേതൃത്വത്തിൽ നേരത്തെ തുടങ്ങിവെച്ച പ്രവർത്തനങ്ങളുടെ ഭാഗമായി 36 ക്രിസ്ത്യൻ സംഘങ്ങളെ ആർ.എസ്.എസുമായി അഫിലിയേറ്റ് ചെയാൻ സാധിച്ചിട്ടുണ്ടെന്ന് പൊളിറ്റിക്കൽ സയന്റിസ്റ്റ് വാൾട്ടർ കെ. ആൻഡേഴ്സണും ശ്രീധർ ദാംലെയും എഴുതിയ 'ആർ.എസ്.എസ്: എ വ്യൂ ടു ദി ഇൻസൈഡ്' എന്ന പുസ്തകത്തിൽ പരാമർശിക്കുന്നുണ്ട്. അതേസമയം ഹിന്ദുക്കളെ മതം മാറ്റുന്നതിൽ ഏറെ സജീവമായി ഇടപെടുന്ന ഒട്ടേറെ ക്രിസ്ത്യൻ മിഷനറി സംഘങ്ങൾ പ്രവർത്തിക്കുന്നതിനാൽ അവരുമായി നേരിട്ടുള്ള ഇടപെടലുകളും അഫിലിയേഷനും സാധിക്കില്ലെന്ന ശക്തമായ മറുവാദവും സംഘപരിവാറിനകത്തുണ്ട്. ഗോത്രമേഖലകളിൽ ഇവാഞ്ചലിക്കൽ ഗ്രൂപ്പുകൾ ശക്തമാണെന്നിരിക്കെ 'വനവാസി കല്യാൺ ആശ്രം' പോലുള്ള സംഘടനകൾ അവർക്കെതിരെ സജീവമായി പ്രവർത്തിക്കുന്ന സാഹചര്യത്തിൽ ഒരു ക്രിസ്ത്യൻ-ആർ.എസ്.എസ് ബന്ധം ദോഷകരമാണെന്നാണ് അവരുടെ വിലയിരുത്തൽ.

ആർ.എസ്.എസ് ഒരുക്കുന്ന കെണികളിൽ വീഴാതിരിക്കാനുള്ള ശ്രദ്ധ ക്രിസ്തീയ സഭകളും പണ്ഡിതരും സംഘടനകളും കാണിക്കണമെന്ന വികാരമാണ് പൊതുവിൽ ക്രിസ്ത്യൻ സമൂഹത്തിലുള്ളത്. എന്നാൽ രാഷ്ട്രീയ താല്പര്യങ്ങൾക്ക് അടിമപ്പെട്ട് കഴിയുന്ന ചില ക്രിസ്ത്യൻ നേതാക്കൾ അവരുടേതായ താല്പര്യങ്ങൾ സംരക്ഷിക്കാൻ ആർ.എസ്.എസുമായി അഫിലിയേഷന് ശ്രമിച്ചുവരികയാണ്. ഇത് തീർച്ചയായും സമീപഭാവിയിൽതന്നെ ക്രിസ്ത്യൻ സമുദായത്തിന് ദോഷകരമായി ഭവിക്കുമെന്ന കാര്യത്തിൽ സംശയമില്ല. ക്രിസ്ത്യൻ സാംസ്കാരിക സ്വത്വത്തെ ഹിന്ദുത്വയിൽ ലയിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾക്ക് ക്രിസ്തീയ സഭകൾ കൂട്ടുനിൽക്കുകയാണെങ്കിൽ ആ ഒറ്റിന്റെ വില മുപ്പത് വെള്ളിക്കാശിൽ ഒതുങ്ങില്ലെന്ന് ക്രിസ്ത്യൻ പൊതുസമൂഹത്തിനറിയാം. ഹൈന്ദവ വിഭാഗങ്ങൾ പോലും സംഘ്പരിവാറിന്റെ ഹിന്ദുത്വയിൽ ലയിക്കാൻ തയ്യാറായിട്ടില്ലെന്നുകൂടി ഇതിന്റെകൂടെ മനസ്സിലാക്കേണ്ടതുണ്ട്.

പി.സി ജോർജിന്റെ ലക്ഷ്യം ഇവിടെയാണ് അനാവരണം ചെയ്യപ്പെടുന്നത്. മുസ്‌ലിം സമൂഹത്തെ ചൂണ്ടിക്കാണിച്ച് ക്രൈസ്തവ സമൂഹത്തെ ഭയപ്പെടുത്തുന്ന രീതി ജോർജ് അവലംബിച്ചതിൽനിന്നും ഇത് വ്യക്തമാണ്. മുസ്‌ലിം ഭൂരിപക്ഷ പ്രദേശങ്ങളിൽ ജീവിക്കുന്ന ക്രിസ്ത്യാനികളും ക്രിസ്ത്യൻ ഭൂരിപക്ഷ പ്രദേശങ്ങളിൽ ജീവിക്കുന്ന മുസ്‌ലിംകളും ഇക്കാലമത്രയും ജീവിച്ചുവന്നത് സഹോദരങ്ങളെപ്പോലെയാണ്. 'ലൗ ജിഹാദ്' എന്നത് നിർബന്ധിത മതപരിവർത്തനം നടത്തി ഒരു സ്ത്രീയെ മതം മാറ്റുന്ന പരിപാടിയാണെങ്കിൽ യഥാർഥ മുസ്‌ലിംകളാരും അതിനോട് യോജിക്കില്ല. അതിനെ ശക്തമായി എതിർക്കുക തന്നെ ചെയ്യും.

പിതാവിന്റെയും മാതാവിന്റെയും സംരക്ഷണയിൽ വളർന്നുവന്ന ഒരു പെൺകുട്ടി അവരെയെല്ലാം ധിക്കരിച്ച് ഇഷ്ടപ്പെട്ട ചെക്കന്റെകൂടെ ഒളിച്ചോടിപ്പോകുന്നത് നിയമത്തിന്റെ മുമ്പിൽ ശരിയാകാമെങ്കിലും ധാർമികമായി ശരിയല്ല. എല്ലാ മതവിഭാഗങ്ങളിലും പെട്ട മാതാപിതാക്കളും ഇത് അനുഭവിച്ചുവരുന്നുണ്ട്. ഇതിന് വളരെ ശക്തമായ ധാർമിക ഉദ്ബോധനങ്ങളും കൃത്യമായ ശാസനകളുമാണ് അനിവാര്യമായിട്ടുള്ളത്. എന്നിട്ടും വേലി കടന്ന് കടന്നുകളയുന്നവരെ എന്തുചെയ്യാൻ സാധിക്കും? കോടതിയിൽ ഹാജരായി തങ്ങൾ പരസ്പരം ഇഷ്ടപ്പെട്ട് വിവാഹിതരായതാണെന്ന് മൊഴി കൊടുത്തുകഴിഞ്ഞാൽ പ്രായം തികഞ്ഞെങ്കിൽ അത് അംഗീകരിക്കാനേ കോടതിക്കും കഴിയൂ. ഓരോ മാതാവിന്റെയും പിതാവിന്റെയും നെഞ്ചിൽ തീ കോരിയിട്ടുകൊണ്ടാണ് ഈ കുട്ടികൾ പ്രവർത്തിക്കുന്നത്. പക്ഷേ, ഇതിന് മതം എന്തു പിഴച്ചു? മതവിദ്വേഷത്തിന്റെ ചുക്കാൻ പിടിക്കുന്ന ജോർജ് പോലും 15 വർഷം മുമ്പ് സ്വന്തം മകന് ഒരു ഹിന്ദു പെൺകുട്ടിയെ വിവാഹം ചെയ്യുകൊടു




ത്തത് അവളെ ക്രിസ്തീയ മതത്തിലേക്ക് പരിവർത്തനം ചെയ്തതിന് ശേഷമായിരുന്നു എന്ന വസ്തുത മറന്നുപോകരുത്. ഇക്കാര്യത്തിൽ ലൗ ജിഹാദിനെ കുറിച്ച് വാതോരാതെ പ്രസംഗിക്കുന്ന സംഘ്പരിവാറിന് ഒന്നും പറയാനില്ലേ? ലൗ ജിഹാദ് പറഞ്ഞു മുസ്‌ലിം സമുദായത്തെ പ്രതിക്കൂട്ടിൽ കയറ്റാൻ ശ്രമിക്കുന്ന ജോർജിനും മകനും ഒന്നും പറയാനില്ലേ?


വിദ്വേഷഭാഷകർ നടത്തുന്ന ധ്രുവീകരണ പ്രവർത്തനങ്ങൾക്കെതിരെ സമൂഹത്തെ ബോധവൽക്കരിക്കാനുള്ള ശ്രമങ്ങളാണ് വിശ്വാസി സമൂഹങ്ങളിൽനിന്നും ഉണ്ടാവേണ്ടത്. ഏത് മതവിഭാഗത്തിൽപെട്ടവരായിരുന്നാലും പ്രഭാഷണങ്ങളിൽ മിതത്വം പാലിക്കേണ്ടതുണ്ട്. ശത്രുക്കൾക്കെതിരെയോ പ്രതിയോഗികൾക്കെതിരെയോ സംസാരിക്കുമ്പോൾ വികാരമല്ല, വിവേകമാണ് നയിക്കേണ്ടത്. ഇങ്ങനെ വിവേകമില്ലാതെ വൈകാരികമായി സംസാരിക്കുന്നവരുടെ വാക്കുകളിലേക്ക് ജനങ്ങൾ ആകർഷിക്കപ്പെട്ടേക്കാം. അവർക്കായിരിക്കാം പ്രസംഗ വിപണിയിൽ കൂടുതൽ മാർക്കറ്റ് ലഭിക്കുക. ശാന്തമായും അവധാനതയോടെയും വിവേകത്തോടെയും സംസാരിക്കുന്നവർ ശ്രദ്ധിക്കപ്പെടാതെ പോകുന്നുവെങ്കിൽ അത് ആ പ്രദേശത്തിന്റെയും സമൂഹത്തിന്റെയും ദുരവസ്ഥയെയാണ് ബോധ്യപ്പെടുത്തുന്നത്.

വിശ്വാസിസമൂഹങ്ങൾ വിദ്വേഷ പ്രചാരണങ്ങളിൽനിന്നും മുക്തമാകേണ്ടതുണ്ട്. അത്തരക്കാരെ ജാതിമത രാഷ്ട്രീയ ഭേദമന്യെ അകറ്റി നിർത്തുകയും ചെയ്യേണ്ടതുണ്ട്. സംസാരങ്ങളിൽ കൗതുകങ്ങളും അതിശയോക്തിയും ആവേശവുമല്ല വേണ്ടത്, ജനസമൂഹങ്ങളെ ഒന്നിപ്പിക്കുവാനും അവർക്കിടയിൽ രഞ്ജിപ്പും സ്നേഹവും ഉണ്ടാക്കുവാനുമാണ് വിവേകമതികൾ ശ്രമിക്കേണ്ടത്. വിവിധ മതവിഭാഗങ്ങൾക്ക് ഉപദേശങ്ങൾ നൽകിക്കൊണ്ടിരിക്കുന്ന സ്വാമിമാരും മൗലവിമാരും ബിഷപ്പുമാരും വിവേകത്തോടെ മാത്രം സംസാരിക്കാൻ ശീലിക്കുക. അവിവേകികളെ പ്രോത്സാഹിപ്പിക്കാതിരിക്കുകയും ചെയ്യുക. സ്വന്തം സമുദായത്തിൽ പെട്ടവർ തെറ്റുചെയ്യുമ്പോൾ അവരെ ഉപദേശിക്കുകയും തെറ്റ് തിരുത്തിക്കാനുള്ള ശ്രമങ്ങൾ നടത്തുകയും ചെയ്യുക. നാവിട്ടലക്കുക എന്നതല്ല ഒരു സമൂഹത്തെ നേർവഴിക്ക് നടത്താനുള്ള മാർഗം.

മറ്റുള്ളവരെ അധിക്ഷേപിക്കുകയും ഭത്സിക്കുകയും ചെയ്യുക എന്നതായിരിക്കരുത് പ്രബോധനത്തിന്റെ മാർഗം. ഐക്യത്തിന്റെ വാതിലുകളെ കൊട്ടിയടക്കാനായിരിക്കരുത് നേതാക്കൾ ശ്രമിക്കേണ്ടത്. കേരളീയ സമൂഹത്തിന് പ്രഭാഷണ കലയുടെ ഉദാത്തമായ മാതൃകകൾ സമ്മാനിച്ച ഒട്ടേറെ ധിഷണാശാലികളുണ്ട്. അവരെ മാതൃകയാക്കുക. ധിഷണയും ഉദ്ബോധനങ്ങളും നഷ്ടപ്പെടുത്തി വൈകാരികതയിൽ ഊന്നിനിന്നുകൊണ്ട് സംസാരിക്കുമ്പോൾ അത് വഴിതെറ്റുക സ്വാഭാവികമാണ്. അത് വിദ്വേഷമായി പരിണമിക്കുകയും ചെയ്യും. ചില വൈകാരികതകൾ അനുവാചകരിൽ കൗതുകമുണർത്തിയേക്കാം. എന്നാൽ അത്തരം കൗതുകങ്ങൾ വലിയ ദുരന്തങ്ങളായിരിക്കും സമ്മാനിക്കുക.

**വിശ്വാസിസമൂഹങ്ങൾ വിദ്വേഷ പ്രചാരണങ്ങളിൽനിന്നും മുക്തമാകേണ്ടതുണ്ട്. അത്തരക്കാരെ ജാതിമത രാഷ്ട്രീയ ഭേദമന്യെ അകറ്റി നിർത്തുകയും ചെയ്യേണ്ടതുണ്ട്. സംസാരങ്ങളിൽ കൗതുകങ്ങളും അതിശയോക്തിയും ആവേശവുമല്ല വേണ്ടത്, ജനസമൂഹങ്ങളെ ഒന്നിപ്പിക്കുവാനും അവർക്കിടയിൽ രഞ്ജിപ്പും സ്നേഹവും ഉണ്ടാക്കുവാനുമാണ് വിവേകമതികൾ ശ്രമിക്കേണ്ടത്. വിവിധ മതവിഭാഗങ്ങൾക്ക് ഉപദേശങ്ങൾ നൽകിക്കൊണ്ടിരിക്കുന്ന സ്വാമിമാരും മൗലവിമാരും ബിഷപ്പുമാരും വിവേകത്തോടെ മാത്രം സംസാരിക്കാൻ ശീലിക്കുക. അവിവേകികളെ പ്രോത്സാഹിപ്പിക്കാതിരിക്കുകയും ചെയ്യുക. സ്വന്തം സമുദായത്തിൽ പെട്ടവർ തെറ്റുചെയ്യുമ്പോൾ അവരെ ഉപദേശിക്കുകയും തെറ്റ് തിരുത്തിക്കാനുള്ള ശ്രമങ്ങൾ നടത്തുകയും ചെയ്യുക. നാവിട്ടലക്കുക എന്നതല്ല ഒരു സമൂഹത്തെ നേർവഴിക്ക് നടത്താനുള്ള മാർഗം.**

വിശുദ്ധ ഖുർആൻ പറയുന്നു: "ചില ആളുകളുണ്ട്; ഐഹികജീവിതത്തിൽ അവരുടെ സംസാരം നിന്നിൽ കൗതുകം ജനിപ്പിച്ചേക്കും. അവർ പറയുന്ന കാര്യങ്ങളിലെ ഹൃദയശുദ്ധിക്ക് അവർ ദൈവത്തെ സാക്ഷി നിർത്തുകയും ചെയ്തേക്കാം. വാസ്തവത്തിൽ അവർ സത്യത്തിന്റെ കഠിനവൈരികളത്രെ. അവർ തിരിച്ചുപോയാൽ ഭൂമിയിൽ കുഴപ്പമുണ്ടാക്കാനും വിളകളും ജീവനുകളും നശിപ്പിക്കാനുമായിരിക്കും ശ്രമിക്കുക. നശീകരണം ദൈവം ഇഷ്ടപ്പെടുന്നതല്ല. ദൈവത്തെ സൂക്ഷിക്കുക എന്ന് അവരോട് ആരെങ്കിലും പറഞ്ഞാൽ ദുരഭിമാനം അവരെ പാപത്തിൽ പിടിച്ചുനിർത്തുന്നു. അവർക്ക് നരകം മതിയാകും. അത് എത്ര മോശമായ മെത്ത!" (ഖുർആൻ 2:204-206). ■



ലേഖനം

# ജീവിതവിശുദ്ധിയുടെ ഇസ്‌ലാമിക പാഠങ്ങൾ 2

ഉസ്മാൻ പാലക്കാഴി
: 9656292244

ദൈവിക മാർഗദർശനം സ്വീകരിക്കൽ, സ്വീകരിക്കുമ്പോൾ ആവശ്യമായി വരുന്ന പരിവർത്തനങ്ങൾ, ആ പരിവർത്തനങ്ങളുടെ നേട്ടങ്ങൾ, ദൈവിക മാർഗദർശനം സ്വീകരിക്കാതിരിക്കുന്നതിന്റെ പ്രേരണകൾ, ആ സമീപനത്തിന്റെ അനിവാര്യഫലങ്ങൾ എന്നിവയൊക്കെ ഉപരിസൂചിത വചനങ്ങൾ ഉൾക്കൊള്ളുന്നുണ്ട്. ദൈവിക മാർഗദർശനം സ്വീകരിക്കുന്നത് വ്യക്തികളിൽ പരിവർത്തനമുണ്ടാകുവാനാണ്. മനസ്സിൽ നിന്നുമാണ് പരിവർത്തനത്തിന്റെ ആരംഭം. വിശ്വസിക്കേണ്ട കാര്യങ്ങളിൽ വിശ്വസിക്കുക എന്നത് പരിവർത്തനത്തിനുള്ള മാനസികമായ മുന്നൊരുക്കമാണ്.

സ്വാഭാവികമായും സത്യത്തിന്റെ ആഗമനത്തോടെ അസത്യത്തിന്റെ ചേരി വേർതിരിയും. അവർ അവരുടെ ദുർബുദ്ധിയുടെയും തെറ്റായ യുക്തികളുടെയും അടിസ്ഥാനത്തിലുള്ള എതിർവാദങ്ങൾ ഉന്നയിക്കും. കള്ളക്കഥകൾ കെട്ടിച്ചമയ്ക്കുകയും തങ്ങൾ അനുവർത്തിക്കുന്ന തിന്മകളിൽ പിടിച്ചുനിൽക്കുവാനുള്ള ന്യായീകരണങ്ങൾ ആരായുകയും ചെയ്യും. പരിവർത്തനത്തോടുള്ള, ജീവിത വിമലീകരണത്തോടുള്ള വിമുഖതയാണ് ഇത്തരം പ്രവണതകളുടെ പ്രേരണയായി വർത്തിക്കുന്നത്. പരിവർത്തനത്തോട് ആഭിമുഖ്യവും ജീവിതനവീകരണത്തിനുള്ള താൽപര്യവുമുള്ള വ്യക്തികൾ ഒരിക്കലും ദൈവിക മാർഗദർശനത്തോട് വിമുഖരാവുകയില്ല. എന്നാൽ നഷ്ടക്കാരാകാൻ വിധിക്കപ്പെടുകയും അക്രമത്തിന്റെപാത പിന്തുടരുകയും ചെയ്യുന്നവർ പരിവർത്തനം എന്ന ആശയത്തെ വിലമതിക്കുകയില്ലെന്നാണ് പൂർവകാല പ്രവാചകന്മാരുടെ ജനതയുടെ ചരിത്രം ചൂണ്ടിക്കാട്ടുന്നത്.

പരിവർത്തനത്തിനുള്ള സന്നദ്ധതയെ വിശ്വാസങ്ങളും പ്രതീക്ഷകളുമാണ് പരുവപ്പെടുത്തുന്നത്. തന്റെ ജീവിതവും പ്രവർത്തനങ്ങളും ഈ രീതിയിൽ തുടർന്നാൽ തനിക്ക് വരാൻപോകുന്ന അനുഭവങ്ങൾ എപ്രകാരമായിരിക്കുമെന്ന് ചിന്തിക്കുവാൻ കഴിയുന്നവർക്ക് മാത്രമെ പരിവർത്തനത്തിന്റെ ആവശ്യകത യഥാവിധി ഉൾക്കൊള്ളാൻ കഴിയുകയുള്ളൂ.

മനുഷ്യന്റെ സ്വഭാവനിർണയത്തിൽ അവന്റെ വിശ്വാസത്തിനും ഭാവിയെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾക്കും വലിയ പ്രാധാന്യമുണ്ട്. 'നാളെ' എന്ന കാലം 'ഇന്ന്' എന്ന കാലത്തിന്റെ തുടർച്ചയാണെന്ന് ചിന്തിക്കുന്നവർ മാത്രമെ ഇന്നിനെ ശരിയാംവിധം വിനിയോഗിക്കുകയും നാളെയിലേക്കായി ഇന്നിനെ ഉപയോഗപ്പെടുത്തുകയും ചെയ്യുകയുള്ളൂ. പരലോകത്തെ വലിയൊരു നാളെയെക്കുറിച്ചുള്ള വിശ്വാസം ഇഹലോകമാകുന്ന ഇന്നിന്റെ പ്രവർത്തനങ്ങളിൽ

നന്മയും പുണ്യവും കാത്തുസൂക്ഷിക്കുവാൻ നിർബന്ധിക്കുന്നതാണ്. എന്നാൽ അത്തരമൊരു വിശ്വാസമില്ലാത്തവർ ദൈവിക മാർഗദർശനത്തെ നിരാകരിക്കുകയും സ്വന്തം താൽപര്യങ്ങളുടെ സംരക്ഷണം ലക്ഷ്യമാക്കിയുള്ള വികല വീക്ഷണങ്ങളുടെ പിന്നാലെ പോവുകയും ചെയ്യും. പണ്ടുമുതലേ മാനവരാശിയിൽ നിലനിൽക്കുന്ന ഈ പ്രവണതയെക്കുറിച്ച് ഖുർആൻ നിരവധി സ്ഥലങ്ങളിൽ പരാമർശിച്ചിട്ടുണ്ട്. പൂർവകാല ജനസമൂഹങ്ങളുടെ സത്യനിഷേധത്തിനാധാരം ഇത്തരത്തിലുള്ള പ്രവണതകളും പരലോക വിശ്വാസമില്ലായ്മയുമായിരുന്നു. സ്രഷ്ടാവിൽ വിശ്വസിക്കുക എന്നതിന്റെ അനിവാര്യമായ തുടർച്ചയാണ് പരലോകവിശ്വാസം. ദൈവത്തിൽ വിശ്വസിക്കുകയും എന്നാൽ ആ വിശ്വാസം ജീവിതത്തിൽ പ്രതിഫലിക്കാതിരിക്കുകയും ചെയ്യുന്ന അവസ്ഥയിൽനിന്ന് മാറ്റമുണ്ടാകുന്നത് പരലോക വിശ്വാസത്തിന്റെ ഫലമായിട്ടാണ്.

നന്മതിന്മകൾക്ക് അർഹമായ പ്രതിഫലം ലഭിക്കുമെന്ന് വിശ്വസിക്കുക, സൽകർമങ്ങൾ അനുഷ്ഠിക്കുക, തങ്ങളുടെ രക്ഷിതാവിനെ വിനയപൂർവം സ്മരിച്ച് അവങ്കലേക്ക് മടങ്ങുക എന്നിങ്ങനെ പരസ്പരബന്ധിതങ്ങളായ പ്രവൃത്തികൾ ചെയ്യുന്നവർ വിജയികളായിരിക്കുമെന്നും; അവർക്ക് ശാശ്വതമായ മറ്റൊരു ജീവിതകാലം വരാനുണ്ട്, ആ ജീവിതം തീർത്തും ശുഭകരമായിരിക്കുമെന്നുമാണ് 11:23ൽ പറയുന്നത്.



"തീർച്ചയായും വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും തങ്ങളുടെ രക്ഷിതാവിങ്കലേക്ക് വിനയപൂർവം മടങ്ങുകയും ചെയ്തവരാരോ അവരാകുന്നു സ്വർഗാവകാശികൾ. അവരതിൽ നിത്യവാസികളായിരിക്കും" (ഖുർആൻ 11:23).

വിശ്വാസത്തിന്റെ അനിവാര്യമായ പ്രകടനമാണ് ഇവിടെ സൽകർമങ്ങൾ. അപ്രകാരംതന്നെ സ്രഷ്ടാവിനെക്കുറിച്ച് വിനയത്തോടെയും ഭക്തിപൂർവവും സ്മരിക്കുന്നതും വിശ്വാസത്തിന്റെ തുടർച്ചയാണ്. വിശ്വസിക്കുന്നു എന്ന് പറയുകയും, എന്നാൽ അതിന്റെ യാതൊരുവിധ ലക്ഷണവും പ്രവൃത്തിപഥത്തിൽ കാണാതിരിക്കുകയും ചെയ്യുന്നത് വിശ്വാസത്തിന്റെ ദുർബലതയാണ്.

സ്രഷ്ടാവിനെക്കുറിച്ചുള്ള വിനയാന്വിതമായ ചിന്തകളും സ്മരണകളും ജീവിതത്തിന്റെ ശീലമായിക്കഴിഞ്ഞ ഒരാൾ കൃത്യമായും ദൈവികമാർഗദർശനമനുസരിച്ച് തന്റെ ജീവിതത്തിൽ ആവശ്യമായ പരിവർത്തനങ്ങൾ വരുത്തുന്നവനായിരിക്കും. കഴിഞ്ഞ കാലത്തിന്റെ തിന്മകളെ ഭാവികാലത്തിന്റെ ജീവിത ചര്യയാക്കുവാൻ വിശേഷബുദ്ധിയുള്ള മനുഷ്യന് സാധ്യമല്ല. 'ഇതുവരെ ഞാൻ ജീവിച്ചത് ഇങ്ങനെയൊക്കെയാണ്, ഇവ്വിധമങ്ങ് അവസാനിച്ചാൽ മതി' എന്നല്ല; 'ഇവ്വിധമല്ല ഞാൻ എന്റെ സ്രഷ്ടാവിന്റെ വിചാരണദിനത്തിലേക്ക് കടന്നുചെല്ലേണ്ടത്' എന്നാണ് വിവേകമുള്ള മനുഷ്യൻ ചിന്തിക്കേണ്ടത്. ഈ ചിന്താശേഷിയെ കാഴ്ചയും കേൾവിയുമായിട്ടും ഇതിന്റെ അഭാവത്തെ അന്ധതയും ബധിരതയുമായിട്ടും വിശേഷിപ്പിക്കുന്ന ഖുർആൻ, 11:24ൽ ജീവിതത്തിൽ പരിവർത്തനം വരുത്തുകയെന്നതും മാർഗദർശനാനുസൃതം ജീവിതത്തെ നവീകരിക്കുക എന്നതും വിവേചനശേഷിയുടെ ലക്ഷണമായി വിശേഷിപ്പിക്കുന്നത് ശ്രദ്ധേയമാണ്:

"ഈ രണ്ട് വിഭാഗങ്ങളുടെയും ഉപമ അന്ധനും ബധിരനുമായ ഒരാളെപ്പോലെയും, കാഴ്ചയും കേൾവിയുമുള്ള മറ്റൊരാളെപ്പോലെയുമാകുന്നു. ഇവർ ഇരുവരും ഉപമയിൽ തുല്യരാകുമോ? അപ്പോൾ നിങ്ങൾ ചിന്തിച്ചുനോക്കുന്നില്ലേ?'' (ഖുർആൻ, 11:24).

മനുഷ്യരാശിയെ തിന്മയിൽനിന്ന് പൂർണമായി വിമോചിപ്പിക്കുന്നതിനുള്ള നിർദേശങ്ങൾ അടങ്ങിയ ഇസ്‌ലാം ജീവിതത്തിന്റെ സംസ്കാരവും ശീലവുമായിത്തീരുമ്പോൾ ഒരാൾക്ക് ഭൂതകാലത്തിന്റെ അടിമയാകേണ്ടിവരുന്നില്ല. എന്നാൽ സ്വയം രക്ഷിക്കുവാനുള്ള അവസരം പാഴാക്കുകയും തന്നെത്തന്നെ വലിയൊരു നഷ്ടത്തിലേക്ക് നയിക്കുകയും ചെയ്യുന്നതാണ് പശ്ചാത്താപത്തിൽനിന്നും പരിവർത്തനത്തിൽ നിന്നുമുള്ള വിമുഖതയും പിന്നോട്ടുപോക്കും. ഞാൻ എന്റെ സ്രഷ്ടാവിനെ വെല്ലുവിളിക്കുകയാണ് എന്ന ധാർഷ്ട്യത്തോടെ ഒരു മനുഷ്യൻ ചെയ്യുന്ന തിന്മകളും ജീവിത പ്രവാഹത്തിന്റെ ഗതിവിഗതികൾക്കിടയിൽ അകപ്പെട്ടുപോകുന്ന യാദൃച്ഛികങ്ങളായ തിന്മകളും തമ്മിൽ ഭിന്നതയുണ്ട്.

തനിക്കൊരു സ്രഷ്ടാവുണ്ട്, അവൻ തന്നെ നിരന്തരം വീക്ഷിച്ചുകൊണ്ടിരിക്കുന്നു, അവൻ നൽകിയ അനുഗ്രഹങ്ങൾക്ക് മുകളിലാണ് ഭൂമിയിലെ തന്റെ വാസം, ഒരുനാൾ അവനോട് മറുപടി പറയേണ്ടിവരും എന്നീ കാര്യങ്ങൾ ഓർത്തുകൊണ്ടിരുന്നിട്ടും, ബോധപൂർവം തിന്മകൾ പ്രവർത്തിക്കുന്നവർ സ്രഷ്ടാവിനോടുള്ള വെല്ലുവിളിയുടെ തിക്തഫലം അനുഭവിക്കേണ്ടിവരും. അവരെക്കുറിച്ചുള്ള കണക്കെടുപ്പും വിചാരണയും നടക്കുക നീതിപൂർവകം തന്നെയായിരിക്കും. എന്നാൽ ഈ കടുത്ത നിഷേധത്തിനിടയിലും വീണ്ടുവിചാരത്തിന്റെ മാനസികാവസ്ഥകളിലേക്ക് മനുഷ്യൻ നയിക്കപ്പെടാം. അത്തരം ഘട്ടത്തിൽ താൻ ഇതുവരെ ചെയ്തതൊക്കെയും കടുത്ത ദൈവനിന്ദയാകുന്നു. അതിനാൽ ഇനി രക്ഷയുണ്ടോ എന്ന് സംശയിക്കേണ്ടതില്ല.

*(അവസാനിച്ചില്ല)*



# വാർത്താവിനിമയം: ക്വുർആനിക മാർഗരേഖ

ശമീർ മദീനി
: 9048221212

ചുറ്റുപാടും നടക്കുന്ന കാര്യങ്ങളുടെ വാർത്തകൾ അറിയാനുള്ള ആഗ്രഹം മനുഷ്യസഹജമാണ്. വിശിഷ്യാ നമ്മളുമായി കൂടുതൽ അടുപ്പവും ബന്ധവുമുള്ള വാർത്തകൾ അറിയാനും അറിയിക്കാനും പ്രത്യേകമായ ഉത്സാഹം കാണാറുണ്ട്. അതുകൊണ്ടാണ് പത്രങ്ങളിലാണെങ്കിലും മറ്റു വാർത്താവിനിമയ മാധ്യമങ്ങളിലാണെങ്കിലും പ്രാദേശിക വാർത്തകൾക്കായി പ്രത്യേക ഇടം നീക്കിവെക്കുന്നത്.

വാർത്തകൾ മറ്റുള്ളവരിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്നതിലൂടെ പല ഗുണഫലങ്ങളും അതോടൊപ്പം ചില ദോഷഫലങ്ങളും ഉണ്ടാകാറുണ്ട്. അതിനാൽ ആ മേഖലയിൽ കൃത്യമായ ശ്രദ്ധയും ജാഗ്രതയും ആവശ്യമാണ്. ഒരു നല്ല വാർത്തയാണ് സമൂഹത്തിൽ പ്രചരിക്കുന്നതെങ്കിൽ ആ നന്മയുടെ പ്രചാരകരും സഹകാരികളുമാകാൻ നമുക്ക് സാധിക്കുകയും ആ നന്മയുടെ വ്യാപനത്തിൽ ഭൗതികമായ മറ്റേത് ലാഭങ്ങളെക്കാളുമുപരി ഒരു പ്രത്യേക തൃപ്തിയും സന്തോഷവും അതിന്റെ വിനിമയത്തിലൂടെ നമുക്ക് ലഭിക്കുന്നു. നേരെ മറിച്ച്

**വാർത്തകൾ മറ്റുള്ളവരിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്നതിലൂടെ പല ഗുണഫലങ്ങളും അതോടൊപ്പം ചില ദോഷഫലങ്ങളും ഉണ്ടാകാറുണ്ട്. അതിനാൽ ആ മേഖലയിൽ കൃത്യമായ ശ്രദ്ധയും ജാഗ്രതയും ആവശ്യമാണ്. ഒരു നല്ല വാർത്തയാണ് സമൂഹത്തിൽ പ്രചരിക്കുന്നതെങ്കിൽ ആ നന്മയുടെ പ്രചാരകരും സഹകാരികളുമാകാൻ നമുക്ക് സാധിക്കുകയും ആ നന്മയുടെ വ്യാപനത്തിൽ ഭൗതികമായ മറ്റേത് ലാഭങ്ങളെക്കാളുമുപരി ഒരു പ്രത്യേക തൃപ്തിയും സന്തോഷവും അതിന്റെ വിനിമയത്തിലൂടെ നമുക്ക് ലഭിക്കുന്നു.**



സമൂഹത്തിൽ പ്രചരിപ്പിക്കപ്പെടുന്നത് തിന്മനിറഞ്ഞതും അപകടകരവുമായ വാർത്തകളാണെങ്കിൽ അതിന്റെ ദുരന്തവും ദൂരവ്യാപകമായ പ്രത്യാഘാതങ്ങളും നാം പേറേണ്ടിവരുന്നു.

അതിനാൽ വാർത്തകൾ കൈമാറുമ്പോൾ നാം ശ്രദ്ധിക്കേണ്ട ചില മൗലിക നിർദേശങ്ങൾ ഇസ്‌ലാം മുന്നോട്ടുവെക്കുന്നു. വ്യക്തിപരവും കുടുംബസംബന്ധവും സാമൂഹികവും അതിനപ്പുറത്തുള്ളതുമായ ഏത് മേഖലകളിലും അത് അനുധാവനം ചെയ്യുന്നുവെങ്കിൽ അവിടങ്ങളിൽ നന്മയും സുരക്ഷിതത്വവും സന്തോഷവും ഉറപ്പാക്കാൻ നമുക്ക് കഴിയുമെന്ന് പ്രത്യാശിക്കാം.

**1. അനുഗ്രഹങ്ങൾ ചോദ്യം ചെയ്യപ്പെടുമെന്ന ബോധം**

വാർത്താവിനിമയരംഗത്തും അല്ലാത്തിടത്തുമൊക്കെ നാം ഉപയോഗപ്പെടുത്തുന്ന ശേഷികളും സൗകര്യങ്ങളും സ്രഷ്ടാവിന്റെ ദാനവും അനുഗ്രഹങ്ങളുമാണ്. അവ എങ്ങനെ വിനിയോഗിക്കുന്നു എന്നതിനെ കുറിച്ച് വിചാരണ നേരിടേണ്ടിവരുമെന്ന ഒരു ബോധം ഇസ്‌ലാം അടിസ്ഥാനപരമായി ഉദ്ഘോഷിക്കുന്നുണ്ട്. മനുഷ്യൻ ഇടപെടുന്ന നാനാമേഖലകളിലും ധാർമികതയുടെ വഴി സ്വീകരിക്കാൻ പ്രസ്തുത ബോധം അവനെ പ്രാപ്തനാക്കും. കണ്ണും കാതും കയ്യും കാലും സമ്പത്തും മറ്റു സൗകര്യങ്ങളുമെല്ലാം ഈ ചോദ്യം ചെയ്യലിന് വിധേയമാണ്. അല്ലാഹു പറയുന്നു:

“നിനക്ക് അറിവില്ലാത്ത യാതൊരു കാര്യത്തിന്റെയും പിന്നാലെ നീ പോകരുത്. തീർച്ചയായും കേൾവി, കാഴ്ച, ഹൃദയം എന്നിവയെപ്പറ്റിയെല്ലാം ചോദ്യം ചെയ്യപ്പെടുന്നതാണ്” (17:36)

“നാം അവർക്ക് നൽകിയിട്ടുള്ളതിൽ അങ്ങനെ അവർ നന്ദികേട് കാണിക്കുന്നു. നിങ്ങൾ സുഖിച്ച് കൊള്ളുക. എന്നാൽ വഴിയെ നിങ്ങൾക്കറിയാം. നാം അവർക്ക് നൽകിയിട്ടുള്ളതിൽനിന്ന് ഒരു ഓഹരി, അവർക്കുതന്നെ ശരിയായ അറിവില്ലാത്ത ചിലതിന് (വ്യാജദൈവങ്ങൾക്ക്) അവർ നിശ്ചയിച്ചുവെക്കുന്നു. അല്ലാഹുവെതന്നെയാണ, നിങ്ങൾ കെട്ടിച്ചമയ്ക്കുന്നതിനെപ്പറ്റി തീർച്ചയായും നിങ്ങൾ ചോദ്യം ചെയ്യപ്പെടുന്നതാണ്” (16:55,56).

“പിന്നീട് ആ ദിവസത്തിൽ സുഖാനുഭവങ്ങളെ പറ്റി തീർച്ചയായും നിങ്ങൾ ചോദ്യം ചെയ്യപ്പെടുകതന്നെ ചെയ്യും” (102:8).

**2. കളവും വഞ്ചനയും വിലക്കി**

വാർത്താവിനിമയരംഗത്ത് മാത്രമല്ല മനുഷ്യർ ബന്ധപ്പെടുന്ന ഏത് മേഖലയിലും സത്യസന്ധത കൈക്കൊള്ളുവാനും ചതിയും വഞ്ചനയും കയ്യൊഴിക്കുവാനും ഇസ്‌ലാം ശക്തമായി കൽപിക്കുന്നു.

നബി(സ്വ) പറഞ്ഞു: “നിങ്ങൾ സത്യസന്ധത കൈക്കൊള്ളുക. നിശ്ച

യം സത്യസന്ധത പുണ്യത്തിലേക്കും പുണ്യം സ്വർഗത്തിലേക്കും നയിക്കുന്നതാണ്. ഒരാൾ സത്യം പറയുകയും സത്യസന്ധത അനുധാവനം ചെയ്യുന്നതിൽ കണിശത പാലിക്കുകയും ചെയ്യുന്നിടത്തോളം അല്ലാഹുവിന്റെ പക്കൽ അയാൾ സത്യസന്ധൻ എന്ന് രേഖപ്പെടുത്തപ്പെടും. നിങ്ങൾ കളവിനെ സൂക്ഷിക്കുക. നിശ്ചയം, കളവ് തെമ്മാടിത്തത്തിലേക്കും തെമ്മാടിത്തം നരകത്തിലേക്കും നയിക്കും. ഒരാൾ കളവ് പറയുകയും അതിന്റെ വക്താവായി മാറുകയും ചെയ്താൽ അല്ലാഹുവിന്റെ പക്കൽ അയാൾ വ്യാജവാദി എന്ന് രേഖപ്പെടുത്തപ്പെടുന്നതാണ്" (ബുഖാരി, മുസ്‌ലിം).

സത്യസന്ധതക്കും അതിന്റെ വക്താക്കൾക്കുമായിരിക്കും ആത്യന്തിക വിജയമെന്നും അതിനാൽ സത്യസന്ധത കൈക്കൊള്ളുവാനും സത്യവാന്മാരോടൊപ്പം നിലയുറപ്പിക്കുവാനും ക്വുർആൻ ഉപദേശിക്കുന്നു:

“സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും, സത്യവാൻമാരുടെ കൂട്ടത്തിൽ ആയിരിക്കുകയും ചെയ്യുക” (9:119).

“അല്ലാഹു പറയും: ഇത് സത്യവാൻമാർക്ക് തങ്ങളുടെ സത്യസന്ധത പ്രയോജനപ്പെടുന്ന ദിവസമാകുന്നു. അവർക്ക് താഴ്ഭാഗത്തുകൂടി അരുവികൾ ഒഴുകുന്ന സ്വർഗത്തോപ്പുകളുണ്ട്. അവരതിൽ നിത്യവാസികളായിരിക്കും. അവരെപ്പറ്റി അല്ലാഹു തൃപ്തിപ്പെട്ടിരിക്കുന്നു. അവർ അവനെപ്പറ്റിയും തൃപ്തിപ്പെട്ടിരിക്കുന്നു. അതത്രെ മഹത്തായ വിജയം” (5:119).



“തീർച്ചയായും നുണയനും നന്ദികെട്ടവനുമായവനെ അല്ലാഹു നേർവഴിയിലാക്കുകയില്ല” (39:3).

കളവിന്റെയും ചതിയുടെയും വഞ്ചനയുടെയുമൊക്കെ കൂടെപ്പിറപ്പുകളായ ഊഹാപോഹങ്ങളും പരദൂഷണങ്ങളും പറയുന്നതും പ്രചരിപ്പിക്കുന്നതും വിലക്കുകയും വലിയ ശിക്ഷയാണ് അതിന്റെയെല്ലാം വക്താക്കളെ കാത്തിരിക്കുന്നത് എന്ന് ഓർമിപ്പിക്കുകയും ചെയ്തു.

“സത്യവിശ്വാസികളേ, ഊഹത്തിൽ മിക്കതും നിങ്ങൾ വെടിയുക. തീർച്ചയായും ഊഹത്തിൽ ചിലത് കുറ്റമാകുന്നു. നിങ്ങൾ ചാരവൃത്തി നടത്തുകയും അരുത്. നിങ്ങളിൽ ചിലർ ചിലരെപ്പറ്റി അവരുടെ അഭാവത്തിൽ ദുഷിച്ചുപറയുകയും അരുത്. തന്റെ സഹോദരൻ മരിച്ചുകിടക്കുമ്പോൾ അവന്റെ മാംസം ഭക്ഷിക്കുവാൻ നിങ്ങളാരെങ്കിലും ഇഷ്ടപ്പെടുമോ? എന്നാൽ അത് (ശവം തിന്നുന്നത്) നിങ്ങൾ വെറുക്കുകയാണു ചെയ്യുന്നത്. അല്ലാഹുവെ നിങ്ങൾ സൂക്ഷിക്കുക. തീർച്ചയായും അല്ലാഹു പശ്ചാത്താപം സ്വീകരിക്കുന്നവനും കരുണാനിധിയുമാകുന്നു”(49:12).

**3. നിജസ്ഥിതിയെക്കുറിച്ച് ഉറപ്പില്ലാത്ത വാർത്തകൾ സ്വീകരിക്കുന്നത് വിലക്കി**

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓا۟ إِن جَآءَكُمْ فَاسِقٌۢ بِنَبَإٍ فَتَبَيَّنُوٓا۟ أَن تُصِيبُوا۟
قَوْمًۢا بِجَهَٰلَةٍ فَتُصْبِحُوا۟ عَلَىٰ مَا فَعَلْتُمْ نَٰدِمِينَ

**4. കിംവദന്തികൾക്കു പിന്നാലെ പോകരുതെന്ന് താക്കീത് ചെയ്തു:**

“നിനക്ക് അറിവില്ലാത്തയാതൊരു കാര്യത്തിന്റെയും പി

**തന്റെ വാർത്തകൾക്ക് കൂടുതൽ വക്താക്കളെയും പ്രചാരകരെയും കിട്ടണമെന്നും അതുവഴി പല ലാഭങ്ങളും നേടാനുണ്ടെന്നും കരുതുന്നവർ ‘സെൻസേഷനലുകൾ’ക്ക് പിന്നാലെയായിരിക്കും സദാസമയവും. കളവുകളും അർധസത്യങ്ങളും വികലമാക്കപ്പെട്ട വസ്തുതകളുമൊക്കെ നിരത്തി പൊടിപ്പും തൊങ്ങലും വെച്ചുകൊണ്ടുള്ള ചില അവതരണങ്ങൾ കേട്ടാൽ പലതും കേട്ടിരുന്നുപോകുമെന്ന് മാത്രമല്ല ജനങ്ങൾക്കിടയിൽ അവയ്ക്ക് വലിയ സ്വീകാര്യതയുമായിരിക്കും ഉണ്ടാവുക. കപടവിശ്വാസികളെ കുറിച്ച് ക്വുർആൻ പറഞ്ഞതുപോലെയാണ് അത്തരക്കാരുടെ അവസ്ഥ!**



**“നിനക്ക് അറിവില്ലാത്ത യാതൊരു കാര്യത്തിന്റെയും പിന്നാലെ നീ പോകരുത്. തീർച്ചയായും കേൾവി, കാഴ്ച, ഹൃദയം എന്നിവയെപ്പറ്റിയെല്ലാം ചോദ്യം ചെയ്യപ്പെടുന്നതാണ്'' (17:36). “നിങ്ങൾ അത് കേട്ട സന്ദർഭത്തിൽ ഞങ്ങൾക്ക് ഇതിനെ പറ്റി സംസാരിക്കുവാൻ പാടുള്ളതല്ല. (അല്ലാഹുവേ,) നീ എത്ര പരിശുദ്ധൻ! ഇത് ഭയങ്കരമായ ഒരു അപവാദം തന്നെയാകുന്നു എന്ന് നിങ്ങൾ എന്തുകൊണ്ട് പറഞ്ഞില്ല?'' (24:16). ഒരു വ്യക്തിയിൽ സംഭവിച്ചുപോയ തെറ്റുകുറ്റങ്ങൾ പരസ്യപ്പെടുത്തി വഷളാക്കി അയാളെ അതിന്റെ എന്നെന്നേക്കുമുള്ള വക്താവാക്കി മുദ്രകുത്തുന്നതിന് പകരം ന്യൂനതകൾ മറച്ചുവെച്ച് ഗുണദോഷിക്കുവാനാണ് നബി (സ്വ) പഠിപ്പിച്ചത്.**

ന്നാലെ നീ പോകരുത്. തീർച്ചയായും കേൾവി, കാഴ്ച, ഹൃദയം എന്നിവയെപ്പറ്റിയെല്ലാം ചോദ്യം ചെയ്യപ്പെടുന്നതാണ്'' (17:36).

“നിങ്ങൾ അത് കേട്ട സന്ദർഭത്തിൽ ഞങ്ങൾക്ക് ഇതിനെ പറ്റി സംസാരിക്കുവാൻ പാടുള്ളതല്ല. (അല്ലാഹുവേ,) നീ എത്ര പരിശുദ്ധൻ! ഇത് ഭയങ്കരമായ ഒരു അപവാദം തന്നെയാകുന്നു എന്ന് നിങ്ങൾ എന്തുകൊണ്ട് പറഞ്ഞില്ല?” (24:16).

ഒരു വ്യക്തിയിൽ സംഭവിച്ചുപോയ തെറ്റുകുറ്റങ്ങൾ പരസ്യപ്പെടുത്തി വഷളാക്കി അയാളെ അതിന്റെ എന്നെന്നേക്കുമുള്ള വക്താവാക്കി മുദ്രകുത്തുന്നതിന് പകരം ന്യൂനതകൾ മറച്ചുവെച്ച് ഗുണദോഷിക്കുവാനാണ് നബി (സ്വ) പഠിപ്പിച്ചത്.

**5. അവധാനത കൈക്കൊള്ളുക**

കാള പെറ്റു എന്ന് കേൾക്കുമ്പോഴേക്കും കയറെടുക്കുന്ന രീതി ഏറെ ആപൽക്കരമായിരിക്കും. അത് പിന്നീട് കൊടും ഖേദത്തിന് ഇട വരുത്തിയേക്കും. അതിനാൽ അവധാനതയോടെ കാര്യങ്ങൾ വിലയിരുത്തി നിജസ്ഥിതി ഉറപ്പുവരുത്തിയിട്ട് വേണം അതിന്റെ തുടർ നടപടികളിലേക്ക് നീങ്ങാൻ എന്ന് ക്വുർആൻ നമ്മെ ഓർമിപ്പിക്കുന്നു.

സുലൈമാൻ നബി(അ)യുടെ ചരിത്രത്തിലൂടെയും ഇക്കാര്യം നമ്മെ ഓർമപ്പെടുത്തുന്നുണ്ട്. ഹുദ്ഹുദ് പക്ഷിയെ നിരീക്ഷിക്കുന്നതിലും അത് കൊണ്ടുവന്ന വാർത്തയെ കുറിച്ച് മനസ്സിലാക്കുന്നതിലും സുലൈമാൻ നബി(അ) കാണിച്ച അവധാനതയും തീരുമാനവും സംബന്ധിച്ച് അല്ലാഹു പറയുന്നു:

“സുലൈമാൻ പറഞ്ഞു: നീ സത്യം പറഞ്ഞതാണോ അതല്ല നീ കള്ളം പറയുന്നവരുടെ കൂട്ടത്തിലായിരിക്കുന്നുവോ എന്ന് നാം നോക്കാം'' (27:27).

എന്നാൽ ഇത്തരത്തിലുള്ള മൂല്യബോധങ്ങളൊന്നുമില്ലാതെ ആദ്യം ആ വാർത്ത റിപ്പോർട്ട് ചെയ്തത് ഞാനും എന്റെ സ്ഥാപനവുമായിരിക്കണം എന്ന വ്യഗ്രതയിൽ അവധാനതക്ക് ഒട്ടും ഇടം നൽകാതെ വാർത്തകൾ പ്രചരിപ്പിക്കുമ്പോൾ കളവുകളുടെ പ്രളയമാണ് തങ്ങൾ തീർക്കുന്നതെന്ന് പലരും മനസ്സിലാക്കുന്നില്ല.

തന്റെ വാർത്തകൾക്ക് കൂടുതൽ വക്താക്കളെയും പ്രചാരകരെയും കിട്ടണമെന്നും അതുവഴി പല ലാഭങ്ങളും നേടാനുണ്ടെന്നും കരുതുന്നവർ ‘സെൻസേഷനുകൾ’ക്ക് പിന്നാലെയായിരിക്കും സദാസമയവും. കളവുകളും അർധസത്യങ്ങളും വികലമാക്കപ്പെട്ട വസ്തുതകളുമൊക്കെ നിരത്തി പൊടിപ്പും തൊങ്ങലും വെച്ചുകൊണ്ടുള്ള ചില അവതരണങ്ങൾ കേട്ടാൽ പലരും കേട്ടിരുന്നുപോകുമെന്ന് മാത്രമല്ല ജനങ്ങൾക്കിടയിൽ അവയ്ക്ക് വലിയ സ്വീകാര്യതയുമായിരിക്കും ഉണ്ടാവുക. കപടവിശ്വാസികളെ കുറിച്ച് ക്വുർആൻ പറഞ്ഞതുപോലെയാണ് അത്തരക്കാരുടെ അവസ്ഥ!

“നീ അവരെ കാണുകയാണെങ്കിൽ അവരുടെ ശരീരങ്ങൾ നിന്നെ അത്ഭുതപ്പെടുത്തും. അവർ സംസാരിക്കുന്നപക്ഷം നീ അവരുടെ വാക്ക് കേട്ടിരുന്നുപോകും. അവർ ചാരിവെച്ച മരത്തടികൾ പോലെയാകുന്നു. എല്ലാ ഒച്ചയും തങ്ങൾക്കെതിരാണെന്ന് അവർ വിചാരിക്കും. അവരാകുന്നു ശത്രു. അവരെ സൂക്ഷിച്ചുകൊള്ളുക. അല്ലാഹു അവരെ നശിപ്പിക്കട്ടെ. എങ്ങനെയാണവർ വഴിതെറ്റിക്കപ്പെടുന്നത്?” (63:4).

*(തുടരും)*

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

അധ്യായം: 47

# മുഹമ്മദ്

(മദീനയിൽ അവതരിച്ചത്)

1. അവിശ്വസിക്കുകയും അല്ലാഹുവിന്റെ മാർഗത്തിൽനിന്ന് (ജനങ്ങളെ) തടയുകയും ചെയ്തവരാരോ അവരുടെ കർമങ്ങളെ അല്ലാഹു പാഴാക്കിക്കളയുന്നതാണ്.
2. വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും മുഹമ്മദ് നബിയുടെ മേൽ അവതരിപ്പിക്കപ്പെട്ടതിൽ - അതത്രെ അവരുടെ രക്ഷിതാവിങ്കൽനിന്നുള്ള സത്യം- വിശ്വസിക്കുകയും ചെയ്തവരാരോ അവരിൽനിന്ന് അവരുടെ തിന്മകൾ അവൻ (അല്ലാഹു) മായ്ച്ചുകളയുകയും അവരുടെ അവസ്ഥ അവൻ നന്നാക്കിത്തീർക്കുകയും ചെയ്യുന്നതാണ്.
3. അതെന്തുകൊണ്ടെന്നാൽ സത്യനിഷേധികൾ അസത്യത്തെയാണ് പിന്തുടർന്നത്. വിശ്വസിച്ചവരാകട്ടെ തങ്ങളുടെ രക്ഷിതാവിങ്കൽനിന്നുള്ള സത്യത്തെയാണ് പിൻപറ്റിയത്. അപ്രകാരം അല്ലാഹു ജനങ്ങൾക്കുവേണ്ടി അവരുടെ മാതൃകകൾ വിശദീകരിക്കുന്നു.
4. ആകയാൽ സത്യനിഷേധികളുമായി നിങ്ങൾ ഏറ്റുമുട്ടിയാൽ (നിങ്ങൾ) പിരടികളിൽ വെട്ടുക. അങ്ങനെ അവരെ നിങ്ങൾ അമർച്ച ചെയ്തുകഴിഞ്ഞാൽ നിങ്ങൾ അവരെ ശക്തിയായി ബന്ധിക്കുക. എന്നിട്ട് അതിനുശേഷം (അവരോട്) ദാക്ഷിണ്യം കാണിക്കുകയോ, അല്ലെങ്കിൽ മോചനമൂല്യം വാങ്ങി വിട്ടയക്കുകയോ ചെയ്യുക. യുദ്ധം അതിന്റെ ഭാരങ്ങൾ ഇറക്കിവെക്കുന്നതുവരെയത്രെ അത്. അതാണ് (യുദ്ധത്തിന്റെ) മുറ. അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ അവരുടെനേരെ അവൻ ശിക്ഷാനടപടി സ്വീകരിക്കുമായിരുന്നു. പക്ഷേ, നിങ്ങളിൽ ചിലരെ മറ്റു ചിലരെക്കൊണ്ട് പരീക്ഷിക്കേണ്ടതിനായിട്ടാകുന്നു ഇത്. അല്ലാഹുവിന്റെ മാർഗത്തിൽ കൊല്ലപ്പെട്ടവരാകട്ടെ അല്ലാഹു അവരുടെ കർമങ്ങൾ പാഴാക്കുകയേ ഇല്ല.

ٱلَّذِينَ كَفَرُوا۟ وَصَدُّوا۟ عَن سَبِيلِ ٱللَّهِ أَضَلَّ
أَعْمَٰلَهُمْ ﴿١﴾

وَٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ وَءَامَنُوا۟ بِمَا
نُزِّلَ عَلَىٰ مُحَمَّدٍ وَهُوَ ٱلْحَقُّ مِن رَّبِّهِمْ ۙ كَفَّرَ عَنْهُمْ
سَيِّـَٔاتِهِمْ وَأَصْلَحَ بَالَهُمْ ﴿٢﴾

ذَٰلِكَ بِأَنَّ ٱلَّذِينَ كَفَرُوا۟ ٱتَّبَعُوا۟ ٱلْبَٰطِلَ وَأَنَّ ٱلَّذِينَ
ءَامَنُوا۟ ٱتَّبَعُوا۟ ٱلْحَقَّ مِن رَّبِّهِمْ ۚ كَذَٰلِكَ يَضْرِبُ ٱللَّهُ
لِلنَّاسِ أَمْثَٰلَهُمْ ﴿٣﴾

فَإِذَا لَقِيتُمُ ٱلَّذِينَ كَفَرُوا۟ فَضَرْبَ ٱلرِّقَابِ حَتَّىٰٓ إِذَآ
أَثْخَنتُمُوهُمْ فَشُدُّوا۟ ٱلْوَثَاقَ فَإِمَّا مَنًّۢا بَعْدُ وَإِمَّا فِدَآءً
حَتَّىٰ تَضَعَ ٱلْحَرْبُ أَوْزَارَهَا ۚ ذَٰلِكَ وَلَوْ يَشَآءُ ٱللَّهُ
لَٱنتَصَرَ مِنْهُمْ وَلَٰكِن لِّيَبْلُوَا۟ بَعْضَكُم بِبَعْضٍ ۗ
وَٱلَّذِينَ قُتِلُوا۟ فِى سَبِيلِ ٱللَّهِ فَلَن يُضِلَّ أَعْمَٰلَهُمْ ﴿٤﴾

سيهديهم ويصلح بالهم ٥

ويدخلهم الجنة عرفها لهم ٦

يا أيها الذين آمنوا إن تنصروا الله ينصركم
ويثبت أقدامكم ٧

والذين كفروا فتعسا لهم وأضل أعمالهم ٨

ذلك بأنهم كرهوا ما أنزل الله فأحبط
أعمالهم ٩ ۞

5. അവൻ അവരെ ലക്ഷ്യത്തിലേക്ക് നയിക്കുകയും അവരുടെ അവസ്ഥ നന്നാക്കിത്തീർക്കുകയും ചെയ്യുന്നതാണ്.

6. സ്വർഗത്തിൽ അവരെ അവൻ പ്രവേശിപ്പിക്കുകയും ചെയ്യും. അവർക്ക് അതിനെ അവൻ മുമ്പേ പരിചയപ്പെടുത്തിക്കൊടുത്തിട്ടുണ്ട്.

7. സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സഹായിക്കുന്നപക്ഷം അവൻ നിങ്ങളെ സഹായിക്കുകയും നിങ്ങളുടെ പാദങ്ങൾ ഉറപ്പിച്ചു നിർത്തുകയും ചെയ്യുന്നതാണ്.

8. അവിശ്വസിച്ചവരാരോ, അവർക്ക് നാശം. അവൻ(അല്ലാഹു) അവരുടെ കർമങ്ങളെ പാഴാക്കിക്കളയുന്നതുമാണ്.

9. അതെന്തുകൊണ്ടെന്നാൽ അല്ലാഹു അവതരിപ്പിച്ചതിനെ അവർ വെറുത്തുകളഞ്ഞു. അപ്പോൾ അവരുടെ കർമങ്ങളെ അവൻ നിഷ്ഫലമാക്കിത്തീർത്തു.

1). സത്യവിശ്വാസികളുടെ പ്രതിഫലം, ധിക്കാരികൾക്കുള്ള ശിക്ഷ, അവയ്ക്കുള്ള കാരണം ഇവയെക്കുറിച്ചുള്ള പരാമർശങ്ങളാണ് ഈ വചനങ്ങളിലുള്ളത്. അതിനെ ഗൗരവപരമായി കാണാൻ പ്രേരിപ്പിക്കാൻ വേണ്ടിയാണ്. അല്ലാഹു പറയുന്നു: (അവിശ്വസിക്കുകയും അല്ലാഹുവിന്റെ മാർഗത്തിൽനിന്ന് തടയുകയും ചെയ്യുന്നവർ) ഇവർ വഴികേടിന്റെ നായകരും അവിശ്വാസത്തിന്റെ നേതാക്കളുമാണ്. അല്ലാഹുവിലും അവന്റെ വചനങ്ങളിലും അവിശ്വസിക്കുകയും അവരെയും മറ്റുള്ളവരെയും അല്ലാഹുവിന്റെ മാർഗത്തിൽനിന്നും തടയുകയും ചെയ്തു; പ്രവാചകന്മാരും അവരെ പിൻപറ്റിയവരും ജനങ്ങളെ ക്ഷണിച്ചുകൊണ്ടിരുന്ന സത്യവിശ്വാസത്തിൽനിന്ന്. അതിനാൽ ഇക്കൂട്ടരുടെ പ്രവർത്തനങ്ങളെ അല്ലാഹു പാഴാക്കിക്കളഞ്ഞു. അതായത് അവയെ നിഷ്ഫലമാക്കി. അതുകാരണം, അവർ കഷ്ടത്തിലാവുകയും ചെയ്തു. അവർ ചെയ്ത പ്രവർത്തനങ്ങൾ സത്യത്തോടും അല്ലാഹുവിന്റെ മിത്രത്തോടുമുള്ള കുതന്ത്രങ്ങൾക്കായിരുന്നു. അല്ലാഹു അവരുടെ കുതന്ത്രങ്ങളെ അവർക്ക് നേരത്തെതന്നെ തിരിച്ചുവിട്ടു. അവരുദ്ദേശിച്ചതൊന്നും അവർ നേടിയില്ല. പ്രതിഫലമാഗ്രഹിച്ചതായ പ്രവർത്തനങ്ങൾ അല്ലാഹു നിഷ്ഫലമാക്കി. കാരണം അവർ അസത്യത്തെ പിൻപറ്റുന്നവരായിരുന്നു. ബിംബാരാധനപോലുള്ള, അല്ലാഹുവിന്റെ പ്രീതി ഉദ്ദേശിക്കപ്പെടാത്ത സർവതും അസത്യത്തെ സഹായിക്കുന്ന പ്രവർത്തനങ്ങളാണ്. അക്കാരണങ്ങളെകൊണ്ടൊക്കെത്തന്നെ അവ നിഷ്ഫലവുമാണ്.

2). (വിശ്വസിച്ചവർ) പ്രവാചകന്മാർക്ക് ഇറക്കിയതിൽ പൊതുവിലും മുഹമ്മദ് നബി(സ്വ)ക്ക് ഇറക്കിയതിൽ പ്രത്യേകിച്ചും. (സൽകർമങ്ങൾ പ്രവർത്തിക്കുകയും) അല്ലാഹുവോടും അവന്റെ അടിമകളോടുമുള്ള നിർബന്ധവും ഐഛികവുമായ കടമകളും ബാധ്യതകളും നിർവഹിച്ചവർ. (മായ്ച്ചുകളയുകയും) അല്ലാഹു. (അവരുടെ തിന്മകൾ) ചെറുതും വലുതുമായതെല്ലാം. അവരുടെ പാപങ്ങൾ പൊറുക്കപ്പെട്ടാൽ ഇഹപര ശിക്ഷകളിൽനിന്ന് അവർ രക്ഷപ്പെടും. (അവരുടെ അവസ്ഥ അവൻ നന്നാക്കിത്തീർക്കുകയും ചെയ്യുന്നതാണ്) അതായത് അവരുടെ മതവും ഭൗതികകാര്യങ്ങളും ഹൃദയവും പ്രവർത്തനങ്ങളുമെല്ലാം അവൻ നന്നാക്കിത്തീർക്കും. അവർക്കുള്ള പ്രതിഫലത്തെ വളർത്തിയും വർധിപ്പിച്ചും അവൻ നന്നാക്കും. അവരുടെ മുഴുവൻ അവസ്ഥകളെയും അവൻ നല്ലതാക്കിത്തീർക്കും.

3). അവർക്കിതു ലഭിക്കാൻ കാരണം, ഉറപ്പുള്ളതും സത്യസന്ധവുമായ ഈ സത്യത്തെഅവർ പിൻപറ്റി എന്നുള്ളതുതന്നെയാണ്. സത്യമെന്നതിൽ വാത്സല്യത്തോടെ നിയന്ത്രിക്കുകയും കാരുണ്യത്തോടെ സംരക്ഷിക്കുകയും ചെയ്യുന്ന തങ്ങളുടെ രക്ഷിതാവിൽനിന്നും വന്ന മഹത്തായ ക്വുർആനും ഉൾപ്പെടും. സത്യത്തിലൂടെ അല്ലാഹു അവരെ വളർത്തി. അവരതിനെ പിൻപറ്റി അവരുടെ കാര്യങ്ങളെല്ലാം

നന്നായിത്തീരുകയും ചെയ്തു. അവരുടെ ഉദ്ദേശ്യലക്ഷ്യം വ്യക്തവും ശേഷിക്കുന്നതും അല്ലാഹുവിൽ നിന്നുള്ള സത്യവുമായി ബന്ധപ്പെട്ടതുമായിരുന്നു. മാർഗം നല്ലതും ശേഷിക്കുന്നതുമായതിനാൽ അതിന്റെ പ്രതിഫലവും ശേഷിക്കുന്നതായി. (അപ്രകാരം അല്ലാഹു ജനങ്ങൾക്കുവേണ്ടി അവരുടെ മാതൃകകൾ വിശദീകരിക്കുന്നു). നന്മയുടെയും തിന്മയുടെയും ആളുകളാരാണെന്ന് അവർക്ക് വ്യക്തമാകത്തക്ക വിധം അവരിലോരോരുത്തരെക്കുറിച്ചും മനസ്സിലാക്കാനും വേർതിരിച്ചറിയാനും കഴിയുന്ന രൂപത്തിൽ.

"നിങ്ങൾ (താഴ്‌വരയിൽ, മദീനയോട്) അടുത്ത ഭാഗത്തും അവർ അകന്ന ഭാഗത്തും സാർഥവാഹക സംഘം നിങ്ങളെക്കാൾ താഴെയുമായിരുന്ന സന്ദർഭം(ഓർക്കുക). നിങ്ങൾ അന്യോന്യം (പോരിന്) നിശ്ചയിച്ചിരുന്നുവെങ്കിൽ നിങ്ങൾ ആ നിശ്ചയത്തിന് വിപരീതം പ്രവർ ത്തിക്കുമായിരുന്നു. പക്ഷേ, ഉണ്ടാകേണ്ട ഒരു കാര്യം അല്ലാഹു നിർവഹിക്കുന്നതിനു വേണ്ടിയായിരുന്നു അത്. അതായത് നശിച്ചവർ വ്യക്തമായ തെളിവ് കണ്ടുകൊണ്ട് നശിക്കാനും ജീവിച്ചവർ വ്യക്തമായ തെളിവ് കണ്ടുകൊണ്ട് ജീവിക്കാനും വേണ്ടി. "തീർച്ചയായും അല്ലാഹു എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാകുന്നു"(8:42).

4). ശത്രുക്കൾക്കെതിരെ സഹായം ലഭിക്കുന്നതും തന്റെ അടിമകൾക്ക് നന്മയുണ്ടാക്കുന്നതുമായ ചില മാർഗനിർദേശങ്ങളാണ് അല്ലാഹു ഇവിടെ നൽകുന്നത്. (ആകയാൽ സത്യനിഷേധികളുമായി നിങ്ങൾ ഏറ്റുമുട്ടിയാൽ) യുദ്ധങ്ങളിലും ഏറ്റുമുട്ടലുകളിലും. യുദ്ധത്തിൽ നിങ്ങൾ ഉറച്ചുനിൽക്കുകയും പിരടികളിൽ വെട്ടുകയും ചെയ്യുക. (അങ്ങനെ അവരെ നിങ്ങൾ അമർച്ച ചെയ്തുകഴിഞ്ഞാൽ) അവരുടെ ശക്തിയെ നിങ്ങൾ തകർത്തുകഴിഞ്ഞാൽ അവരെ ബന്ധനസ്ഥരാക്കുന്നതാണ് നല്ലത്. നിങ്ങളവരെ ശക്തിയായി ബന്ധിക്കുക; അതായത് കെട്ടുക. ഇത് ബന്ധനസ്ഥരാക്കുമ്പോൾ ഓടിപ്പോകാതെ സൂക്ഷിക്കുവാൻ വേണ്ടിയാണ്. ബന്ധനം ശക്തമായാൽ അവരുടെ ഉപദ്രവങ്ങളിൽനിന്നും യുദ്ധത്തിൽനിന്നും മുസ്‌ലികൾക്ക് സമാധാനമാകും. അവരെ നിങ്ങൾ ബന്ധനസ്ഥരാക്കിക്കഴിഞ്ഞാൽ അവരോട് ദയ കാണിക്കണമോ പണം വാങ്ങാതെ മോചിപ്പിക്കണമോ എന്നത് തീരുമാനിക്കാൻ നിങ്ങൾക്ക് സ്വാതന്ത്ര്യമുണ്ട് (അവരോട് ദാക്ഷിണ്യം കാണിക്കുകയോ അല്ലെങ്കിൽ മോചനമൂല്യം വാങ്ങി വിട്ടയക്കുകയോ ചെയ്യുക).

അവർക്ക് സ്വയം ഒരു വില നിശ്ചയിക്കുകയോ അതല്ലെങ്കിൽ അവരുടെ വിലകൊടുത്തവരെ വാങ്ങുകയോ അതുമല്ലെങ്കിൽ ഒരു മുസ്‌ലിമിന്റെ ബന്ധനസ്ഥതയിൽ ആക്കുകയോ ചെയ്യാതെ അവരെ നിങ്ങൾ മോചിപ്പിക്കരുത്. ഈ നില നിങ്ങൾ തുടരണം. (യുദ്ധം

**അസത്യത്തെ സഹായിക്കുകയും തങ്ങളുടെ രക്ഷിതാവിനെ നിഷേധിക്കുകയും ചെയ്യുന്നവർ നാശത്തിലാണ്. അവരുടെ കാര്യങ്ങൾ കീഴ്മേൽ മറിയുകയും നഷ്ടമാവുകയും ചെയ്യും. (അവൻ അവരുടെ കർമങ്ങളെ പാഴാക്കിക്കളയുന്നതുമാണ്) സത്യത്തോട് കാണിക്കുന്ന കുതന്ത്ര പ്രവർത്തനങ്ങൾ അവൻ നിഷ്ഫലമാക്കും. അങ്ങനെ അവരുടെ കുതന്ത്രം അവരുടെ നെഞ്ചിലേക്ക് തിരിച്ചുവരും. അല്ലാഹുവിന്റെ പ്രീതിക്കു വേണ്ടിയാണെന്ന് അവർ വാദിക്കുന്ന പ്രവർത്തനങ്ങൾ അങ്ങനെ നിഷ്ഫലമാകും. ഈ നിഷ്ഫലതയും നാശവുമെല്ലാം അവിശ്വാസികൾക്ക് സംഭവിക്കാൻ കാരണം; (അല്ലാഹു അവതരിപ്പിച്ചതിനെ അവർ വെറുത്തുകളഞ്ഞു). മനുഷ്യന്റെ വിജയത്തിനും നന്മയ്ക്കുംവേണ്ടി അവതരിപ്പിച്ച ക്വുർആനിനെ അവർ സ്വീകരിച്ചില്ല. മാത്രവുമല്ല, അതിനെ അവർ വെറുക്കുകയും അതിനോട് വിദ്വേഷം കാണിക്കുകയും ചെയ്തു. (അപ്പോൾ അവരുടെ കർമങ്ങളെ അവൻ നിഷ്ഫലമാക്കിത്തീർത്തു).**

അതിന്റെ ഭാരങ്ങൾ ഇറക്കിവെക്കുന്നതുവരെ). ഒരു യുദ്ധ വും ഇനിയുണ്ടാകാത്തവിധം സമധാന സന്ധികളും യുദ്ധകരാറുകളും ഉണ്ടാക്കുക. ഓരോ സന്ദർഭത്തിനും യോജിക്കുന്ന വാക്കുകളുണ്ട്. ഓരോ സാഹചര്യത്തിനും ഓരോ ചില പ്രത്യേക വിധികളുമുണ്ട്. ഈ വാക്യത്തിൽ പരാമർശിച്ചിട്ടുള്ള വിധികൾ യുദ്ധത്തിന്റെ സാഹചര്യങ്ങളുമായി ബന്ധപ്പെട്ടതാണ്.

മുൻകഴിഞ്ഞ സന്ദർഭങ്ങൾ യുദ്ധത്തിന്റെയും ഏറ്റുമുട്ടലിന്റെതുമാണെങ്കിൽ ചില സന്ദർഭങ്ങൾ പ്രത്യേക കാരണങ്ങളാൽ യുദ്ധമില്ലാ ത്തതായിരിക്കും. അപ്പോൾ വധമോ ബന്ധനസ്ഥതയോ പാടില്ല. (അത്) ഇവിടെ പരാമർശിക്കപ്പെട്ട വിധി സത്യനിഷേധികളെക്കൊണ്ട് മുസ്‌ലിംകൾ പരീക്ഷിക്കപ്പെടുന്ന സന്ദർഭത്തിലാണ്; വിജയം അവർക്കിടയിൽ മാറിമാറി വരികയും ചെയ്യുമ്പോൾ. (അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവരുടെനേരെ അവൻ ശിക്ഷാനടപടി സ്വീകരിക്കുമായിരുന്നു) തീർച്ചയായും അല്ലാഹു എല്ലാ

റ്റിനും കഴിവുള്ളവനാകുന്നു. ഒരു സന്ദർഭത്തിലും അവിശ്വാസികളെ വിജയിപ്പിക്കാതിരിക്കാൻ അവന് കഴിയും; മുസ്‌ലിംകളെ എന്നും സൗഭാഗ്യത്തിലാക്കാനും. (പക്ഷേ, നിങ്ങളിൽ ചിലരെ മറ്റു ചിലരെക്കൊണ്ട് പരീക്ഷിക്കേണ്ടതിനായിട്ട്). ധർമസമരം നിലനിൽക്കുന്നതിലൂടെ അല്ലാഹുവിന്റെ അടിമകളിൽ സത്യസന്ധരും അല്ലാത്തവരും വ്യക്തമാവും. വിശ്വസിക്കുന്നവർ ഭൂരിപക്ഷത്തെ പിൻപറ്റുക എന്ന നിലക്കല്ലാതെ ഉൾക്കാഴ്ചയോടെ ശരിയായി വിശ്വസിക്കാൻവേണ്ടി. ദുർബല വിശ്വാസിക്ക് പരീക്ഷണ ഘട്ടങ്ങളിൽ ഉറച്ചുനിൽക്കാനാവില്ല. (അല്ലാഹുവിന്റെ മാർഗത്തിൽ കൊല്ലപ്പെട്ടവരാകട്ടെ) അവർക്ക് ഭംഗിയായതും മഹത്തായതുമായ പ്രതിഫലമുണ്ട്. യുദ്ധം ചെയ്യാൻ അനുമതി നൽകപ്പെട്ടവരോട് അവർ യുദ്ധം ചെയ്യുന്നു. അല്ലാഹുവിന്റെ വചനം ഉന്നതമായിരിക്കുവാൻ വേണ്ടി. (പാഴാക്കുകയേ ഇല്ല) അല്ലാഹു. (അവരുടെ കർമങ്ങൾ) അതായത്, അല്ലാഹു അവരുടെ കർമങ്ങളെ നിഷ്ഫലമക്കുകയോ പാഴാക്കുകയോ ഇല്ല. മറിച്ച്, അത് അവൻ സ്വീകരിക്കുകയും അവർക്ക് അതിനെ പരിപോഷിപ്പിച്ചുനൽകുകയും ഇഹലോകത്തും പരലോകത്തും അവരുടെ പ്രവർത്തനഫലങ്ങളെ കാണിച്ചുകൊടുക്കുകയും ചെയ്യും.

5). (അവരെ ലക്ഷ്യത്തിലേക്ക് നയിക്കും).സ്വർഗത്തിലേക്കെത്തിക്കുന്ന വഴിയിൽ പ്രവേശിക്കാൻ. (അവരുടെ അവസ്ഥ നന്നാക്കിത്തീർക്കുകയും ചെയ്യും) അതായത്, അവരുടെ അവസ്ഥയും സർവകാര്യങ്ങളും. അവരുടെ പ്രതിഫലമാകട്ടെ നല്ലതും പരിപൂർണവും കലർപ്പില്ലാത്തതുമാകുന്നു.

6) (സ്വർഗത്തിൽ അവൻ അവരെ പ്രവേശിപ്പിക്കുകയും ചെയ്യും). അതായത്, ആ സ്വർഗത്തിലേക്ക് അവരെ താൽപര്യപ്പെടുത്താൻ. സ്വർഗത്തെ അവൻ പരിചയപ്പെടുത്തുന്നു. അവർക്കതിനെ വർണിച്ച് നൽകുന്നു. അതിലേക്കെത്താവുന്ന പ്രവർത്തനങ്ങൾ അവർക്ക് പറഞ്ഞുകൊടുക്കുകയും ചെയ്യുന്നു. ആ പ്രവർത്തനങ്ങളിൽ ഉൾപ്പെട്ടത് തന്നെയാണ് രക്തസാക്ഷിത്വവും. അവൻ കൽപിച്ചതും പ്രോത്സാഹിപ്പിച്ചതുമായ കാര്യങ്ങൾ നിർവഹിക്കുവാൻ അവർക്ക് അവൻ സഹായം നൽകുകയും ചെയ്യുന്നു. പിന്നീടവൻ സ്വർഗത്തിൽ പ്രവേശിച്ചാൽ ലഭിക്കുന്ന ഭവനങ്ങളെയും സമാധാന ജീവിതത്തെയും നിത്യസുഖങ്ങളെയും അവർക്ക് വിശദീകരിച്ചുകൊടുക്കുകയും ചെയ്യുന്നു.

7). സത്യവിശ്വാസികൾക്ക് അല്ലാഹുവിൽനിന്നുള്ള ചില നിർദേശങ്ങളാണിത്. അവന്റെ ശത്രുക്കൾക്കെതിരെയുള്ള ധർമസമരം, അവനിലേക്കുള്ള പ്രബോധനം, അവന്റെ മതം ആചരിക്കൽ എന്നിവയെല്ലാം ചെയ്ത് അവന്റെ ലക്ഷ്യത്തെ പിന്തുണയ്ക്കാൻ അവരോട് നിർദേശിക്കുന്നു. (അവരുടെ പാദങ്ങളെ ഉറപ്പിച്ചു നിർത്തുകയും ചെയ്യും) അതായത് അവരുടെ ഹൃദയത്തെ. ക്ഷമ, സ്ഥൈര്യം, സമാധാനം എന്നിവയാൽ ഉറപ്പിച്ചുനിർത്തും. അവരുടെ ശരീരങ്ങൾ ക്ഷമകാണിക്കും. അത് ശത്രുക്കൾക്കെതിരെ അവർക്ക് സഹായകമാകും. ഈ വാഗ്ദാനം ഔദാര്യവാനും കരാർ പാലിക്കുന്നവനുമായവനിൽനിന്നാണ്. ആര് അവനെ വാക്കുകൊണ്ടും പ്രവർത്തനംകൊണ്ടും സഹായിക്കുന്നുവോ അവനെ അവന്റെ യജമാനനും സഹായിക്കും. വിജയത്തിനും ധൈര്യത്തിനുമുള്ള വഴികൾ അവന് എളുപ്പമാക്കിക്കൊടുക്കുകയും ചെയ്യും.

8) എന്നാൽ അസത്യത്തെ സഹായിക്കുകയും തങ്ങളുടെ രക്ഷിതാവിനെ നിഷേധിക്കുകയും ചെയ്യുന്നവർ നാശത്തിലാണ്. അവരുടെ കാര്യങ്ങൾ കീഴ്മേൽ മറിയുകയും നഷ്ടമാവുകയും ചെയ്യും. (അവൻ അവരുടെ കർമങ്ങളെ പാഴാക്കിക്കളയുന്നതുമാണ്) സത്യത്തോട് കാണിക്കുന്ന കുതന്ത്ര പ്രവർത്തനങ്ങൾ അവൻ നിഷ്ഫലമാക്കും. അങ്ങനെ അവരുടെ കുതന്ത്രം അവരുടെ നെഞ്ചിലേക്ക് തിരിച്ചുവരും. അല്ലാഹുവിന്റെ പ്രീതിക്കു വേണ്ടിയാണെന്ന് അവർ വാദിക്കുന്ന പ്രവർത്തനങ്ങൾ അങ്ങനെ നിഷ്ഫലമാകും.

9) ഈ നിഷ്ഫലതയും നാശവുമെല്ലാം അവിശ്വാസികൾക്ക് സംഭവിക്കാൻ കാരണം; (അല്ലാഹു അവതരിപ്പിച്ചതിനെ അവർ വെറുത്തുകളഞ്ഞു). മനുഷ്യന്റെ വിജയത്തിനും നന്മയ്ക്കുംവേണ്ടി അവതരിപ്പിച്ച ഖുർആനിനെ അവർ സ്വീകരിച്ചില്ല. മാത്രവുമല്ല, അതിനെ അവർ വെറുക്കുകയും അതിനോട് വിദ്വേഷം കാണിക്കുകയും ചെയ്തു. (അപ്പോൾ അവരുടെ കർമങ്ങളെ അവൻ നിഷ്ഫലമാക്കിത്തീർത്തു).

10) പ്രവാചകനെ കളവാക്കുന്ന ഇവർ സഞ്ചരിച്ചിട്ടില്ലേ? (എങ്കിൽ നിങ്ങളുടെ മുൻഗാമികളുടെ പര്യവസാനം എങ്ങനെയായിരുന്നു എന്നവർക്ക് നോക്കാമായിരുന്നു). ചീത്ത പര്യവസാനം മാത്രമാണവർക്ക് ഉണ്ടായതെന്ന് അവർക്ക് കാണാൻ കഴിയും. അവർ ഇടത്തോട്ടോ വലത്തോട്ടോ ഒക്കെ തിരിഞ്ഞുനോക്കിയാലും നിഷേധവും കളവാക്കലും അവരുടെ മുൻഗാമികളെ നാമാവശേഷമാക്കുകയും നശിപ്പിക്കുകയുമാണുണ്ടായതെന്ന് അവർ കണ്ടെത്തും. അങ്ങനെ അവർ കെട്ടടങ്ങി. വീടും സ്വത്തുമെല്ലാം അല്ലാഹു തകർത്തുകളഞ്ഞു. അവരുടെ ചെയ്തികളെയും കുതന്ത്രങ്ങളെയും അവൻ തകർത്തെറിഞ്ഞു. സത്യനിഷേധികൾക്ക് എല്ലാകാലത്തും ദേശത്തും ഇങ്ങനെ നിന്ദ്യമായ ശിക്ഷയും ദുഷിച്ച പര്യവസാനവും തന്നെയാണുള്ളത്. എന്നാൽ സത്യവിശ്വാസികൾ, അവരെ അല്ലാഹു ശിക്ഷയിൽനിന്ന് രക്ഷപ്പെടുത്തുകയും ധാരാളം പ്രതിഫലം നൽകുകയും ചെയ്യും. ■



# പ്രവാചകന്റെ വിവാഹങ്ങൾ



ഹുസൈൻ സലഫി
: +971 50 634 6963

**സൗദ ബിൻത് സംഅ**

ഉമ്മുൽ അസ്‌വദ് എന്നായിരുന്നു മഹതിയുടെ വിളിപ്പേര്. അസ്‌വദ് എന്നതിന് നേതൃത്വം എന്ന അർഥമാണ് വരുന്നത്. സൗദ(റ) ബനൂആമിർ ഗോത്രക്കാരിയായിരുന്നു. ബനൂനജ്ജാറും ബനൂആമിറും പരസ്പരം ബന്ധമുള്ളവരായിരുന്നു. നജ്ജാർ എന്നയാൾ മദീനയിലെ ഖസ്‌റജിന്റെ മക്കളിൽപെട്ടയാളായിരുന്നു. ബനൂനജ്ജാർ ഗോത്രത്തിൽനിന്നായിരുന്നു നബി(സ്വ)യുടെ പിതാമഹൻ ഹാഷിം വിവാഹം ചെയ്തിരുന്നത്. നബി (സ്വ) മദീനയിലെത്തിയപ്പോൾ ഏറ്റവും കൂടുതൽ സ്വീകരണം നൽകിയവരിലും ബനൂനജ്ജാറുകാർ ഉണ്ടായിരുന്നതായി നമുക്ക് കാണാം.

ഖദീജ(റ)യുടെ മരണശേഷം നബി(സ്വ) രണ്ടാമത് വിവാഹം ചെയ്തത് സൗദ(റ)യെയായിരുന്നു. സൗദ(റ) ചെറുപ്പക്കാരിയായിരുന്നില്ല. സക്‌റാൻ ഇബ്‌നു അംറ് എന്ന് പേരുള്ള ആളായിരുന്നു അവരുടെ ആദ്യത്തെ ഭർത്താവ്. സുഹൈൽ ഇബ്‌നു അംറിന്റെ സഹോദരനാണ് സക്‌റാൻ. ഹുദൈബിയ സന്ധിയിൽ ശത്രുഭാഗത്താണ് സുഹൈൽ(റ) ഉണ്ടായിരുന്നത്. പിന്നീട് ഇസ്‌ലാം സ്വീകരിച്ചു.

സക്‌റാൻ(റ) ഇസ്‌ലാമിനെക്കുറിച്ച് കേട്ട ആദ്യനാളുകളിൽതന്നെ ഇസ്‌ലാം സ്വീകരിച്ചു. ഇസ്‌ലാമിലേക്ക് ആദ്യമായി വന്നവർക്ക് ശത്രുക്കളിൽനിന്നും കൊടുംപീഡനങ്ങളായിരുന്നു അനുഭവിക്കേണ്ടിവന്നത്. ശത്രുക്കളുടെ മർദനം സഹിക്കവയ്യാതായപ്പോൾ മുസ്‌ലിംകൾ ആദ്യം എത്യോപ്യയിലേക്ക് ഹിജ്റ പോയിരുന്നല്ലോ. ആ ഹിജ്റയിൽ സൗദ(റ)യും ഭർത്താവ് സക്‌റാനും(റ) ഉണ്ടായിരുന്നു. അവിടെനിന്നും മക്കയിലേക്കു മടങ്ങവെ സക്‌റാൻ(റ) മരണപ്പെടുകയുണ്ടായി. സൗദ(റ) മദീനയിലേക്ക് ഹിജ്റ പോയവരുടെ കൂട്ടത്തിലും ഉണ്ടായിരുന്നു.

മതത്തിന്റെ പേരിൽ ഭർത്താവിന്റെ കൂടെ മക്കയിൽനിന്നും ഹിജ്റ പോയ സൗദ(റ) വിധവയായി. ആരും അവരെ സഹായിക്കാൻ ഇല്ലായിരുന്നു. കുടുംബത്തിന്റെയോ നാട്ടുകാരുടെയോ ഒന്നും പിന്തുണയില്ലാതെ അവർ നിരാലംബയായി. സക്‌റാനി(റ)ൽ അവർക്ക് മക്കളും ഉണ്ടായിരുന്നു. 55 വയസ്സ് പിന്നിട്ട സൗദ(റ)യെ സംരക്ഷിക്കാൻ ആരുമില്ലാത്ത അവസ്ഥയിൽ നബി(സ്വ) തന്നെ ഏറ്റെടുത്തു. ഖദീജ(റ)യുടെ

വിയോഗത്തിന് ശേഷമുള്ള, നബി(സ്വ)യുടെ ആദ്യവിവാഹം ഇതായിരുന്നു. പിന്നീട് മദീനയിൽ എത്തിയതിന് ശേഷമായിരുന്നു നബി(സ്വ)യുടെ മറ്റു വിവാഹങ്ങൾ. അതിനിടക്ക് മൂന്നുകൊല്ലം നബി(സ്വ)യുടെ കൂടെ ഒറ്റക്ക് ജീവിക്കാൻ അവർക്ക് അവസരം ലഭിച്ചു. സൗദ(റ)യുമായുള്ള വിവാഹം നടന്നശേഷം കൂടുതൽ താമസിയാതെ ആഇശ(റ)യുമായുള്ള നിക്കാഹ് നടന്നിരുന്നു. വീടുകൂടൽ നടന്നിരുന്നില്ല. ഏതാണ്ട് മൂന്നുകൊല്ലത്തിന് ശേഷമാണ് ആഇശ(റ)യെ നബി(സ്വ) തന്റെ വീട്ടിലേക്ക് കൂട്ടിക്കൊണ്ടുവരുന്നത്.

ഖദീജ(റ) മരണപ്പെട്ടപ്പോൾ മറ്റൊരു വിവാഹത്തെ സംബന്ധിച്ച് നബി(സ്വ)യോട് സംസാരിക്കാൻ ആർക്കും സാധിക്കുമായിരുന്നില്ല. അത്രയും വലിയ വേദനയാൽ അവിടുന്ന് കഴിയുന്ന കാലത്താണ് സൗദ(റ)യുമായുള്ള വിവാഹം നടക്കുന്നത്.

സക്റാൻ(റ) മരണപ്പെട്ടപ്പോൾ ഉസ്മാൻ ഇബ്നു മള്ഊനി(റ)ന്റെ ഭാര്യ ഖൗല(റ) നബി(സ്വ)യെ സമീപിച്ച് വിവാഹസംബന്ധമായ കാര്യങ്ങൾ സംസാരിച്ചു. ഖദീജ(റ)ക്ക് ശേഷം ആ സ്ഥാനത്ത് വരാൻ യോഗ്യതയുള്ള ആരാണുള്ളത് എന്ന് നബി(സ്വ) അവരോട് തിരിച്ചു ചോദിച്ചു. കന്യകകളും വിധവകളുമായവരെ എനിക്കറിയാം, അങ്ങേക്ക് സമ്മതമുള്ളവരെ പറ്റി നമുക്ക് ആലോചിക്കാം എന്ന് അവർ മറുപടി നൽകി. നബി(സ്വ) ചോദിച്ചു: 'കന്യകയെന്നതുകൊണ്ട് ആരെയാണ് നീ ഉദ്ദേശിക്കുന്നത്?' ഖൗല(റ) പറഞ്ഞു: 'അങ്ങ് ഏറ്റവും കൂടുതൽ സ്നേഹിക്കുന്ന അബൂബക്റിന്റെ മകൾ ആഇശയെ.' നബി(സ്വ) മൗനം പാലിച്ചു. പിന്നീട് നബി(സ്വ) ചോദിച്ചു: 'വിധവയായിട്ട് ആരെയാണ് നീ കണ്ടിട്ടുള്ളത്?' ഖൗല(റ) പറഞ്ഞു: 'ആരും വിശ്വസിക്കാതിരുന്ന കാലത്തും അങ്ങയെ വിശ്വസിക്കുകയും പിന്തുടരുകയും ചെയ്ത, ഇപ്പോൾ ഭർത്താവ് മരണപ്പെട്ട് വിധവയായ സൗദ ബിൻത് സംഅയയെ.' നബി(സ്വ) അതിന് സമ്മതം നൽകി. അങ്ങനെ ഖൗല(റ) സൗദ(റ)യുടെ അരികിൽ ചെന്ന് 'അല്ലാഹു നിങ്ങൾക്ക് എന്തൊരു അനുഗ്രമാണ് ചെയ്തിരിക്കുന്നത്' എന്ന് പറഞ്ഞു. അവർ ചോദിച്ചു: 'അത് എന്താണ്?' 'എന്നെ അല്ലാഹുവിന്റെ റസൂൽ(സ്വ) വിവാഹാലോചനയുമായി നിയോഗിച്ചതാണ്' എന്ന് മറുപടി നൽകി. അവർക്ക് സന്തോഷമായി. മഹതി ഒരു ദാമ്പത്യജീവിതം ലഭിച്ചതിലല്ല സന്തോഷവതിയായത്. മറിച്ച്, പുണ്യനബിയുടെ ഭാര്യയാകാനും ലോകാവസാനം വരെയുള്ള വിശ്വാസികളുടെ മാതാവാകാനും സ്വർഗത്തിൽ നബി(സ്വ)യുടെ കൂടെ കഴിയാനും സാധിക്കുക എന്ന മഹാഭാഗ്യം ലഭിക്കുന്നത് ഓർത്തുകൊണ്ടാണ് അവർ സന്തോഷിച്ചത്. പിന്നീട് പിതാവിനെ കാര്യം അറിയിച്ചു. പിതാവും സമ്മതിച്ചു. ശേഷം വിവാഹം നടക്കുകയും ചെയ്തു.

സൗദ(റ) അൽപം കടുത്ത പ്രകൃതക്കാരിയായിരുന്നു. പക്ഷേ, വളരെ പെട്ടന്നുതന്നെ ലോലപ്രകൃതിയിലേക്ക് മാറുകയും ചെയ്യുമായിരുന്നു എന്ന് ആഇശ(റ) പറയുന്നത് കാണാൻ സാധിക്കും. അവർ നബി(സ്വ)യെ നന്നായി മാനിക്കുകയും ചെയ്യുമായിരുന്നു. ആഇശ(റ)ക്ക് അവരെ നല്ല ഇഷ്ടമായിരുന്നു.

നബി(സ്വ)യുടെ കൂടെ എല്ലാ ഭാര്യമാരും ഹജ്ജ് ചെയ്തിരുന്നു. അതിനുശേഷം വീടുകളിൽ ഒതുങ്ങിക്കൂടാൻ അവിടുന്ന് അവരോട് കൽപിക്കുകയുണ്ടായി. ആ സമയത്ത് അവർ പറഞ്ഞു: 'പ്രവാചകരുടെ വിയോഗത്തിനുശേഷം മറ്റൊരു വാഹനപ്പുറത്തും പുറപ്പെടുകയില്ല.' ഈ വാക്ക് അവർ പാലിച്ചിരുന്നു എന്നത് സൗദ(റ)യുടെ മഹത്ത്വം പറയുന്ന കൂട്ടത്തിൽ ചരിത്രം രേഖപ്പെടുത്തിയത് കാണാം. അതുപോലെ ഹിജാബിന്റെ ആയത്തിറങ്ങിയതും മഹതിയുടെ കാര്യത്തിലായിരുന്നു എന്നും പറയപ്പെട്ടിട്ടുണ്ട്.

നബി(സ്വ)യുടെ പെൺമക്കളെയെല്ലാം ഏറ്റവും ഉത്തമമായ രൂപ

**മതത്തിന്റെ പേരിൽ ഭർത്താവിന്റെ കൂടെ മക്കയിൽനിന്നും ഹിജ്റ പോയ സൗദ(റ) വിധവയായി. ആരും അവരെ സഹായിക്കാൻ ഇല്ലായിരുന്നു. കുടുംബത്തിന്റെയോ നാട്ടുകാരുടെയോ ഒന്നും പിന്തുണയില്ലാതെ അവർ നിരാലംബയായി. സക്റാനി(റ)ൽ അവർക്ക് മക്കളും ഉണ്ടായിരുന്നു. 55 വയസ്സ് പിന്നിട്ട സൗദ(റ)യെ സംരക്ഷിക്കാൻ ആരുമില്ലാത്ത അവസ്ഥയിൽ നബി(സ്വ) തന്നെ ഏറ്റെടുത്തു.** **ഖദീജ(റ)യുടെ വിയോഗത്തിന് ശേഷമുള്ള, നബി(സ്വ)യുടെ ആദ്യവിവാഹം ഇതായിരുന്നു. പിന്നീട് മദീനയിൽ എത്തിയതിന് ശേഷമായിരുന്നു നബി(സ്വ)യുടെ മറ്റു വിവാഹങ്ങൾ. അതിനിടക്ക് മൂന്നുകൊല്ലം നബി(സ്വ)യുടെ കൂടെ ഒറ്റക്ക് ജീവിക്കാൻ അവർക്ക് അവസരം ലഭിച്ചു. സൗദ(റ)യുമായുള്ള വിവാഹം നടന്നശേഷം കൂടുതൽ താമസിയാതെ ആഇശ(റ)യുമായുള്ള നിക്കാഹ് നടന്നിരുന്നു. വീടുകൂടൽ നടന്നിരുന്നില്ല. ഏതാണ്ട് മൂന്നുകൊല്ലത്തിന് ശേഷമാണ് ആഇശ(റ)യെ നബി(സ്വ) തന്റെ വീട്ടിലേക്ക് കൂട്ടിക്കൊണ്ടുവരുന്നത്.**



**അബൂബക്ർ സ്വിദ്ദീക്വി(റ) ന്റെ മകളായതിനാൽ ‘സ്വിദ്ദീക്വ’ എന്ന പേരിൽ ആഇശ(റ) വിളിക്കപ്പെട്ടിരുന്നു. എല്ലാ ഭാര്യമാരും അറിയപ്പെട്ടതുപോലെ ‘ഉമ്മുൽ മുഅ്മിനീൻ’ എന്ന പേരിലും അറിയപ്പെട്ടു. ഹദീസ് ഗ്രന്ഥങ്ങളിൽ ഉമ്മുൽ മുഅ്മിനീൻ എന്ന നാമം ഏറ്റവും കൂടുതൽ പരാമർശിക്കപ്പെട്ടത് ആഇശ(റ)യെ സംബന്ധിച്ചാണെന്ന് നമുക്ക് കാണാം. നബി(സ്വ) ആഇശ(റ)യെ വിവാഹം ചെയ്യുന്ന സമയത്ത് വേറെയും ആളുകൾ വിവാഹം അന്വേഷിച്ചതായി നമുക്ക് ചരിത്രത്തിൽ കാണാം. ആഇശ(റ)യെ ഇത്ര ചെറുപ്രായത്തിൽ വിവാഹം ചെയ്തതിനെ വലിയ തെറ്റും കുറ്റവുമായി ചിലരെല്ലാം കാണുന്നുണ്ടല്ലോ. എന്നാൽ നബി(സ്വ)യുടെ കാലത്തെ ശത്രുക്കൾ ആരുംതന്നെ നബി(സ്വ)യുടെ ഈ വിവാഹത്തെ വിമർശിച്ചതായി നമുക്ക് കാണാൻ സാധ്യമേയല്ല. ആ കാലത്ത് ചെറുപ്രായത്തിൽ വിവാഹം നടത്തുക എന്നത് ഒരു പുതുമയുള്ള കാര്യമായിരുന്നില്ല എന്നത് തന്നെയായിരുന്നു കാരണം.**

ത്തിൽ സൗദ(റ) വളർത്തി. അങ്ങനെ ഉത്തമ ഭാര്യയായി അവർ നബി(സ്വ)യുടെകൂടെ ജീവിച്ചു. വൃദ്ധയായ സൗദ(റ) നബി(സ്വ)യോട് ഇപ്രകാരം പറഞ്ഞു:

“അല്ലാഹുവിന്റെ റസൂലേ, അങ്ങ് എന്നെ നിലനിർത്തണം. അല്ലാഹുവാണെ സത്യം, മറ്റു ഭാര്യമാരെക്കാൾ ഒരു താൽപര്യവും എനിക്കില്ല. പക്ഷേ, അന്ത്യനാളിൽ അല്ലാഹു എന്നെ അങ്ങയുടെ ഭാര്യയായി ഉയിർത്തെഴുന്നേൽപിക്കുവാനാണ് ഞാൻ ഇഷ്ടപ്പെടുന്നത്” (അൽഇസ്വാബ).

പ്രായം അധികമായതിനാൽ സൗദ(റ) നബി(സ്വ)യുടെ കൂടെയുള്ള കഴിയാനുള്ള ദിവസങ്ങൾ ചെറുപ്പക്കാരിയായ ആഇശ(റ)ക്ക് നൽകിയിരുന്നു.

നബി(സ്വ)യുടെ വഫാത്തിന് ശേഷവും സൗദ(റ) ഏറെക്കാലം ജീവിച്ചിരുന്നു. ഉമറി(റ)ന്റെ ഭരണകാലത്തിന്റെ അവസാനത്തിലാണ് മഹതി മരണപ്പെട്ടത് എന്നാണ് ചരിത്രം പറയുന്നത്.

**ആഇശ(റ)**

ആഇശ(റ) ഇസ്‌ലാമിക ചരിത്രത്തിൽ പ്രസിദ്ധയായ മഹതിയാണ്. അവരുടെ അറിവും നബി(സ്വ)യോടുകൂടെയുള്ള ജീവിതത്തിലെ നിമിഷങ്ങളും ധാരാളം രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്.

നബി(സ്വ)യുടെ പ്രിയ കൂട്ടുകാരൻ അബൂബക്ർ(റ) ആയിരുന്നു പിതാവ്. ഉമ്മുറൂമാൻ എന്നായിരുന്നു മാതാവിന്റെ പേര്. അബൂബക്ർ(റ) അവരെ വിവാഹം ചെയ്യുന്നതിനുമുമ്പ് മറ്റൊരാൾ വിവാഹം ചെയ്തിരുന്നു. ആ ഭർത്താവ് മരണപ്പെട്ടതിനുശേഷമാണ് അബൂബക്ർ(റ) അവരെ വിവാഹം കഴിക്കുന്നത്. ഈ ബന്ധത്തിൽ ഉണ്ടായ മക്കളാണ് ആഇശ(റ), അബ്ദുർറഹ്മാൻ(റ) എന്നിവർ.

അബൂബക്ർ സ്വിദ്ദീക്വി(റ)ന്റെ മകളായതിനാൽ ‘സ്വിദ്ദീക്വ’ എന്ന പേരിൽ ആഇശ(റ) വിളിക്കപ്പെട്ടിരുന്നു. എല്ലാ ഭാര്യമാരും അറിയപ്പെട്ടതുപോലെ ‘ഉമ്മുൽ മുഅ്മിനീൻ’ എന്ന പേരിലും അറിയപ്പെട്ടു. ഹദീസ് ഗ്രന്ഥങ്ങളിൽ ഉമ്മുൽ മുഅ്മിനീൻ എന്ന നാമം ഏറ്റവും കൂടുതൽ പരാമർശിക്കപ്പെട്ടത് ആഇശ(റ)യെ സംബന്ധിച്ചാണെന്ന്

> **ആ കാലത്ത് അറബികൾക്കിടയിൽ പ്രായംകൂടിയ പുരുഷൻ പ്രായംകുറഞ്ഞവളെയോ പ്രായം കുറഞ്ഞ പുരുഷൻ പ്രായംകൂടിയ സ്ത്രീയെയോ വിവാഹം ചെയ്യുന്നത് ഒരു പ്രശ്നമായേ കണ്ടിരുന്നില്ല. അതിനാൽതന്നെ നബി(സ്വ) ആഇശ(റ)യെ വിവാഹം ചെയ്തതിനെ അന്നത്തെ ശത്രുക്കൾ എതിർക്കാനുള്ള കോപ്പായി കണ്ടിരുന്നില്ല.**

നമുക്ക് കാണാം.

നബി(സ്വ)ക്ക് നുബുവ്വത്ത് (പ്രവാചകത്വം) ലഭിച്ചതിനുശേഷം ഏകദേശം അഞ്ചാംവർഷത്തിന്റെ അവസാനത്തിലായിരുന്നു ആഇശ(റ) ജനിച്ചത്. നബി(സ്വ)യിൽ ആദ്യം വിശ്വസിച്ചയാളാണ് പിതാവ് അബൂബക്ർ(റ). അതിനാൽ കൊച്ചുനാളിലേ നബി(സ്വ)യുടെ അധ്യാപനപ്രകാരം മുന്നോട്ടുപോകുന്ന ഒരു വീട്ടിലാണ് മഹതി വളർന്നത്. അതിനാൽതന്നെ കേൾക്കുന്നതും പറയുന്നതുമെല്ലാം അല്ലാഹുവിനെ സംബന്ധിച്ചും നബി(സ്വ)യെ സംബന്ധിച്ചുമായിരുന്നു. ചെറുപ്പം മുതൽക്കേ ഈ രൂപത്തിൽ വളരാൻ ഭാഗ്യം ലഭിച്ച നബി(സ്വ)യുടെ ഏക ഭാര്യ ആഇശ(റ)യായിരുന്നു.

ആഇശ(റ) ചെറുപ്പംമുതലേ വിനോദത്തിൽ തൽപരയായിരുന്നു. പാവക്കുട്ടികളുമായുള്ള കളി, ഊഞ്ഞാലാട്ടം എന്നിവയായിരുന്നു വിനോദങ്ങളിൽ അവർക്ക് ഏറ്റവും പ്രിയങ്കരം എന്നാണ് ചരിത്രം പറയുന്നത്. കൂട്ടുകാരികളുടെ കൂടെ നന്നായി കളിക്കും. നന്നായി ബഹളമുണ്ടാക്കും. പിതാവ് അപ്പോൾ കണ്ണുരുട്ടി പേടിപ്പിക്കാൻ ശ്രമിക്കുമായിരുന്നു. അത് നബി(സ്വ)ക്ക് ഇഷ്ടമായിരുന്നില്ല. നബി(സ്വ) അതിന് അനുവാദം നൽകും. ചിലപ്പോൾ കൂട്ടുകാരികൾ ഓടിപ്പോകുമ്പോൾ അവരെ വിളിച്ചുവരുത്തി ആഇശ(റ)യുടെ കൂടെ കളിപ്പിക്കുകയും ചെയ്യുമായിരുന്നു.

ഖൗല(റ) തന്നെയായിരുന്നു ഈ വിവാഹത്തെ സംബന്ധിച്ചുള്ള ആലോചനയിൽ മുഖ്യ പങ്ക് വഹിച്ചിരുന്നത്. നബി(സ്വ) സമ്മതം നൽകിയപ്പോൾ അബൂബക്റി(റ)നോട് അതു സംബന്ധമായി സംസാരിച്ചു. അബൂബക്ർ(റ) ചോദിച്ചു: 'അദ്ദേഹം എന്റെ സഹോദരനല്ലേ?' ഏറ്റവും വലിയ സുഹൃദ്ബന്ധത്തിലുള്ളവരുമായി വിവാഹബന്ധം പാടില്ലെന്ന ഒരു ധാരണ അക്കാലത്ത് അറബികൾക്കിടയിൽ ഉണ്ടായിരുന്നു. ഇത് ഖൗല(റ) നബി(സ്വ)യോട് പറഞ്ഞു. അപ്പോൾ നബി(സ്വ) പറഞ്ഞു: "നീ അദ്ദേഹത്തോട് ചെന്ന് പറയുക: 'താങ്കൾ ഇസ്‌ലാമിൽ എന്റെ സഹോദരനാണ്. ആ ബന്ധം വിവാഹം നടക്കുന്നതിന് തടസ്സമല്ല." അങ്ങനെ അവർ അബൂബക്റി(റ)നെ വിവരമറിയിച്ചു. വിവാഹം നടക്കുകയും ചെയ്തു. ആഇശ(റ)ക്ക് ആറ് വയസ്സ് പ്രായമുള്ളപ്പോഴായിരുന്നു ഈ വിവാഹം. ഒമ്പതാമത്തെ വയസ്സിൽ നബി(സ്വ) തന്റെ വീട്ടിലേക്ക് കൂട്ടികൊണ്ടുവരികയും ചെയ്തു. നബി(സ്വ) വിവാഹം ചെയ്ത കന്യകയായ ഏക ഭാര്യയായിരുന്നു ആഇശ(റ). നബി(സ്വ) മരണപ്പെടുന്ന വേളയിൽ ആഇശ(റ)ക്ക് 18 വയസ്സ് മാത്രമെ പ്രായമുണ്ടായിരുന്നുള്ളൂ. അതിനുശേഷം 40 കൊല്ലത്തോളം അവർ വിജ്ഞാനം പകർന്ന് ജീവിച്ചു.

നബി(സ്വ)യുടെ അനുചരന്മാരിൽ അവിടുത്തേക്ക് ഏറ്റവും പ്രിയപ്പെട്ട ആളായിരുന്നു അബൂബക്ർ(റ). അദ്ദേഹവുമായുള്ള ബന്ധത്തിന് കൂടുതൽ ദൃഢത ലഭിക്കുവാനും അടുപ്പം ലഭിക്കുവാനും വേണ്ടി അദ്ദേഹത്തിന്റെ മകളെ നബി(സ്വ) വിവാഹം കഴിക്കുകയായിരുന്നു.

നബി(സ്വ) ആഇശ(റ)യെ വിവാഹം ചെയ്യുന്ന സമയത്ത് വേറെയും ആളുകൾ വിവാഹം അന്വേഷിച്ചതായി നമുക്ക് ചരിത്രത്തിൽ കാണാം. ആഇശ(റ)യെ ഇത്ര ചെറുപ്രായത്തിൽ വിവാഹം ചെയ്തതിനെ വലിയ തെറ്റും കുറ്റവുമായി ചിലരെല്ലാം കാണുന്നുണ്ടല്ലോ. എന്നാൽ നബി(സ്വ)യുടെ കാലത്തെ ശത്രുക്കൾ ആരുംതന്നെ നബി(സ്വ)യുടെ ഈ വിവാഹത്തെ വിമർശിച്ചതായി നമുക്ക് കാണാൻ സാധ്യമേയല്ല. ആ കാലത്ത് ചെറുപ്രായത്തിൽ വിവാഹം നടത്തുക എന്നത് ഒരു പുതുമയുള്ള കാര്യമായിരുന്നില്ല എന്നത് തന്നെയായിരുന്നു കാരണം.

സ്ത്രീകൾക്ക് ചെറുപ്രായത്തിൽതന്നെ പ്രായപൂർത്തിയെത്തുന്ന അവസ്ഥയായിരുന്നു അന്നുണ്ടായിരുന്നത്. ആഇശ(റ)യാകട്ടെ, അക്കാലത്തെ എല്ലാ സ്ത്രീകളെക്കാളും ശാരീരികമായി വളർച്ചയും പക്വതയും നേടിയിരുന്നതായി ചരിത്രം പറയുന്നുണ്ട്. ആറാം വയസ്സിൽ നിക്കാഹ് നടത്തിയിരുന്നെങ്കിലും ഒമ്പതാമത്തെ വയസ്സിലായിരുന്നല്ലോ നബി(സ്വ)യോടൊത്ത് വീടുകൂടിയത്. അപ്പോഴേക്കും മഹതി എല്ലാ അർഥത്തിലും ഒരു ഇണയെ സ്വീകരിക്കാവുന്ന ശാരീരികവളർച്ച കൈവരിച്ചിരുന്നു. മാതാവും പിതാവും തങ്ങളുടെ മകൾക്ക് ഭർത്താവിന്റെ കൂടെ താമസിക്കാനുള്ള വളർച്ചയും പക്വതയും എത്തിയെന്ന് ബോധ്യമായപ്പോൾ തന്നെയായിരിക്കുമല്ലോ അതിന് സമ്മതം നൽകിയത്. ഒരു പെൺകുട്ടിയുടെ വളർച്ചയും മറ്റു കാര്യങ്ങളും ഏറ്റവും കൂടുതൽ അറിയുക മാതാവിനായിരിക്കുമല്ലോ. ഈ വിവാഹത്തിൽ ആഇശ(റ)യുടെ മാതാവും ഖൗല(റ)യും മുഖ്യപങ്കുകാരായതും അതുകൊണ്ടുതന്നെയാണ്.

ആ കാലത്ത് അറബികൾക്കിടയിൽ പ്രായംകൂടിയ പുരുഷൻ പ്രായംകുറഞ്ഞവളെയോ പ്രായം കുറഞ്ഞ പുരുഷൻ പ്രായംകൂടിയ സ്ത്രീയെയോ വിവാഹം ചെയ്യുന്നത് ഒരു പ്രശ്നമായേ കണ്ടിരുന്നില്ല. അതിനാൽതന്നെ നബി(സ്വ) ആഇശ(റ)യെ വിവാഹം ചെയ്തതിനെ അന്നത്തെ ശത്രുക്കൾ എതിർക്കാ



നുള്ള കോപ്പായി കണ്ടിരുന്നില്ല.

വിവാഹത്തിന് ഇസ്‌ലാം പ്രായപരിധി നിശ്ചയിച്ചിട്ടില്ല. ശാരീരികമായ വളർച്ചയും മാനസികമായ പക്വതയും എത്തിയിട്ടുണ്ടെങ്കിൽ വരന്റെയും വധുവിന്റെയും സമ്മതത്തോടെ രക്ഷിതാക്കൾക്ക് കൂടിയാലോചിച്ച് തീരുമാനമെടുക്കാവുന്ന കാര്യമാണ് ഇത്. വിവാഹത്തിന് വരനും വധുവും ശാരീരികമായും മാനസികമായും പക്വത എത്തിയിട്ടുണ്ടെങ്കിൽ അവരെ വിവാഹത്തിന് അനുവദിക്കാം എന്ന ഒരു പാഠം ലോകത്തിന് കൈമാറുക കൂടിയാണ് നബി(സ്വ) ഈ വിവാഹത്തിലൂടെ ചെയ്തത്.

ആഇശ(റ)യുമായുള്ള വിവാഹത്തിന്റെ പേരിൽ നബി(സ്വ)യെ വല്ലാതെ ആക്ഷേപിക്കുന്ന ചില ക്രൈസ്തവ വിമർശകരുണ്ട്. എന്നാൽ ക്വുർആൻ വിശിഷ്ടയായി പ്രഖ്യാപിച്ച മർയമി(അ)നെ പറ്റി അവരുടെ പക്കലുള്ള ബൈബിളിൽ പറയുന്നകാര്യം അവർ കാണാതെ പോകുന്നു.

ജോസഫ് എന്ന പേരുള്ള ഒരാൾ മർയമിനെ വിവാഹം അന്വേഷിക്കുന്ന സമയത്ത് തൊണ്ണൂറ് പിന്നിട്ട ഒരു വൃദ്ധനായിരുന്നെന്നും, അന്ന് മർയമിന് പത്തോ പതിനൊന്നോ വയസ്സേ ഉണ്ടായിരുന്നുള്ളൂ എന്നുമാണ് അതിലുള്ളത്. ഈ വാദം മുസ്‌ലിംകൾ അംഗീകരിക്കുന്നേയില്ല. ഇത് ക്വുർആൻ അറിയിച്ചുതന്നിട്ടില്ലാത്ത കാര്യമാണ്.

നബി(സ്വ)യുടെയും ആഇശ(റ)യുടെയും ദാമ്പത്യജീവിതവുമായി ബന്ധപ്പെട്ട പല കാര്യങ്ങളും ഹദീസ് ഗ്രന്ഥങ്ങളിൽ കാണാം. ഒട്ടേറെ ഗുണപാഠങ്ങൾ നമുക്ക് അതിൽനിന്നും ലഭിക്കുന്നതാണ്.

ആഇശ(റ)യെ വിവാഹം ചെയ്യുന്നതിനുമുമ്പ് നബി(സ്വ)ക്ക് അക്കാര്യം സ്വപ്നത്തിലൂടെ കാണിക്കപ്പെട്ടിരുന്നു. നബിമാരുടെ സ്വപ്നം ദിവ്യബോധനത്തിന്റെ ഭാഗമാണ്. അക്കാര്യം നബി(സ്വ) ആഇശ(റ)യോടുതന്നെ പറയുന്നത് കാണുക:

ആഇശ(റ)യിൽനിന്ന് നിവേദനം; നബി(സ്വ) അവരോട് പറഞ്ഞു: "സ്വപ്നത്തിൽ എനിക്ക് നിന്നെ രണ്ടുതവണ കാണിക്കപ്പെടുകയുണ്ടായി. പട്ടിനാലുള്ള ഒരു വസ്ത്രത്തിൽ ഞാൻ നിന്നെ കണ്ടു. (മലക്ക്) പറഞ്ഞു: 'ഇത് താങ്കളുടെ ഭാര്യയാകുന്നു. അതിനാൽ അവളെതൊട്ട് താങ്കൾ (മറ) നീക്കുക.' അപ്പോൾ അത് നീയായിരുന്നു. അപ്പോൾ ഞാൻ പറഞ്ഞു: ഇത് അല്ലാഹുവിങ്കൽനിന്നുള്ളതാണെങ്കിൽ അത് നടക്കുന്നതാകുന്നു" (ബുഖാരി).

നബി(സ്വ)യും അബൂബക്റും (റ) മദീനയിലേക്ക് ഹിജ്റ പോയി. അതിനുശേഷം ഇവരുടെ കുടുംബങ്ങളെ അവിടേക്ക് എത്തിക്കുന്നതിനുവേണ്ടി ചിലരെ ഏർപ്പാട് ചെയ്തു. അങ്ങനെ അവരെല്ലാവരും മദീനയിലെത്തി. ആ കൂട്ടത്തിൽ ആഇശ(റ)യും സൗദ(റ)യും മക്കളുമെ

**ആഇശ(റ)യുമായുള്ള വിവാഹത്തിന്റെ പേരിൽ നബി(സ്വ)യെ വല്ലാതെ ആക്ഷേപിക്കുന്ന ചില ക്രൈസ്തവ വിമർശകരുണ്ട്. എന്നാൽ ക്വുർആൻ വിശിഷ്ടയായി പ്രഖ്യാപിച്ച മർയമി(അ)നെ പറ്റി അവരുടെ പക്കലുള്ള ബൈബിളിൽ പറയുന്നകാര്യം അവർ കാണാതെ പോകുന്നു. ജോസഫ് എന്ന പേരുള്ള ഒരാൾ മർയമിനെ വിവാഹം അന്വേഷിക്കുന്ന സമയത്ത് തൊണ്ണൂറ് പിന്നിട്ട ഒരു വൃദ്ധനായിരുന്നെന്നും, അന്ന് മർയമിന് പത്തോ പതിനൊന്നോ വയസ്സേ ഉണ്ടായിരുന്നുള്ളൂ എന്നുമാണ് അതിലുള്ളത്. ഈ വാദം മുസ്‌ലിംകൾ അംഗീകരിക്കുന്നേയില്ല. ഇത് ക്വുർആൻ അറിയിച്ചുതന്നിട്ടില്ലാത്ത കാര്യമാണ്.**

ല്ലാം ഉണ്ടായിരുന്നു. നബി(സ്വ) മദീനയിലെത്തിയപ്പോൾ അവിടെ മസ്ജിദുന്നബവിയുടെ നിർമാണം തുടങ്ങി. പള്ളിക്ക് ചുറ്റുമായി നബി (സ്വ)ക്കും കുടുംബത്തിനും താമസിക്കുവാനുള്ള ചെറിയ കുടിലുകളും കെട്ടാൻ തുടങ്ങി. അങ്ങനെ അതിൽ നബി(സ്വ) താമസമാക്കുകയും ചെയ്തു. ആ സമയത്ത് നബി (സ്വ)യുടെ കൂടെ ഭാര്യയായി സൗദ(റ) മാത്രമാണുണ്ടായിരുന്നത്. കുറച്ചുദിവസം കഴിഞ്ഞപ്പോൾ അബൂബക്ർ(റ) നബി(സ്വ)യോട് ആഇശയെയുമായി വീടുകൂടുന്നതിനെ പറ്റി ചോദിച്ചു. അങ്ങനെ ആ വീടുകൂടൽ ചടങ്ങ് നടക്കുകയും ചെയ്തു.

ആഇശ(റ) അക്കാര്യം പറയുന്നു: “നബി(സ്വ) എന്നെ വിവാഹം ചെയ്തത് എന്റെ ആറാമത്തെ വയസ്സിലായിരുന്നു. അങ്ങനെ ഞങ്ങൾ മദീനയിലേക്ക് ഹിജ്റ പോയി. മക്കയിൽനിന്നും മദീനയിലേക്ക് ഹിജ്റ പോയിരുന്ന എല്ലാ മുഹാജിറുകൾക്കും രോഗം പിടിപെടുകയുണ്ടായി. അബൂബക്ർ(റ) പനി ബാധിച്ച് കിടപ്പിലായി. ഉപ്പാക്ക് രോഗം ഭേദമായപ്പോൾ എനിക്കും പനി പിടിപെട്ടു. പനിയുടെ കാഠിന്യം നിമിത്തം തലയിലെ മുടിയെല്ലാം കൊഴിഞ്ഞു. പിന്നീട് സമൃദ്ധമായ മുടിയെല്ലാം ഉണ്ടാകുകയും ചെയ്തു. അങ്ങനെ ഒരിക്കൽ ഞാൻ കൂട്ടുകാരികളുടെ കൂടെ ഊഞ്ഞാലാടി കളിച്ചുകൊണ്ടിരിക്കെ എന്റെ ഉമ്മ എന്നെ വിളിച്ചു. എന്തിനാണ് വിളിക്കുന്നത് എന്ന് എനിക്ക് പിടികിട്ടിയിരുന്നില്ല. ഞാൻ കിതച്ചുകൊണ്ട് ഉമ്മയെ സമീപിച്ചു. അപ്പോൾ വീട്ടിൽ ഒരു മുറിയിൽ കുറെ അൻസ്വാരി സ്ത്രീകൾ ഒത്തുകൂടിയിരുന്നു. അവിടേക്ക് ഉമ്മ എന്നെ കൊണ്ടുപോയി. എന്നെ നബി(സ്വ)യുടെ വീട്ടിലേക്ക് കൂട്ടിക്കൊണ്ടു പോകുകയാണെന്ന് അപ്പോൾ എനിക്ക് മനസ്സിലായി. അങ്ങനെ അവർ എന്റെ മുഖവും തലയും കഴുകി വൃത്തിയാക്കുകയും മുടി ചീകുകയും നല്ല വസ്ത്രം അണിയിപ്പിക്കുകയും ചെയ്തു. അതുപോലെ എനിക്ക് ബറകത്തിനായി അവർ അല്ലാഹുവിനോട് ചോദിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നുണ്ടായിരുന്നു. അങ്ങനെ ഏകദേശം ഇളയുച്ച നേരത്ത് റസൂൽ(സ്വ) എന്റെ അരികിൽ വന്നു. അപ്പോൾ അവർ എന്നെ നബി(സ്വ)യെ ഏൽപിക്കുകയും ചെയ്തു. അന്ന് എനിക്ക് ഒമ്പത് വയസ്സ് പ്രായമായിരുന്നു.”

**നബി(സ്വ) ആഇശ(റ)യ നിക്കാഹ് ചെയ്തതും വീടുകൂടിയതും ശവ്വാൽ മാസത്തിലായിരുന്നു എന്ന് ഇമാം ബുഖാരി(റ)യുടെ റിപ്പോർട്ടിൽ നിന്നും മനസ്സിലാക്കാവുന്നതാണ്. ശവ്വാലിൽ വിവാഹമോ വീടുകൂടലോ മറ്റോ നടക്കാൻ പാടില്ലെന്നും, അങ്ങനെ നടന്നാൽ ജീവിതം അവതാളത്തിലാകുമെന്നും അക്കാലത്ത് അറബികൾക്കിടയിൽ ഒരു തെറ്റായ വിശ്വാസമുണ്ടായിരുന്നു. അതിനെക്കൂടി നബി(സ്വ) ഇതിലൂടെ പിഴുതെറിയുകയാണ് ചെയ്തത്. ശവ്വാൽ മാസത്തെ സംബന്ധിച്ച് അവർക്കുണ്ടായിരുന്ന ഈ അന്ധവിശ്വാസത്തെ ആഇശ(റ) കളിയാക്കുകയും തന്നെപ്പോലെ സൗഭാഗ്യവതിയായ ഏത് സ്ത്രീയാണുള്ളതെന്ന് അവർ ചോദിക്കു കയും ചെയ്യാറുണ്ടായിരുന്നു.**

നബി(സ്വ) ആഇശ(റ)യ നിക്കാഹ് ചെയ്തതും വീടുകൂടിയതും ശവ്വാൽ മാസത്തിലായിരുന്നു എന്ന് ഇമാം ബുഖാരി(റ)യുടെ റിപ്പോർട്ടിൽനിന്നും മനസ്സിലാക്കാവുന്നതാണ്. ശവ്വാലിൽ വിവാഹമോ വീടുകൂടലോ മറ്റോ നടക്കാൻ പാടില്ലെന്നും, അങ്ങനെ നടന്നാൽ ജീവിതം അവതാളത്തിലാകുമെന്നും അക്കാലത്ത് അറബികൾക്കിടയിൽ ഒരു തെറ്റായ വിശ്വാസമുണ്ടായിരുന്നു. അതിനെക്കൂടി നബി(സ്വ) ഇതിലൂടെ പിഴുതെറിയുകയാണ് ചെയ്തത്. ശവ്വാൽ മാസത്തെ സംബന്ധിച്ച് അവർക്കുണ്ടായിരുന്ന ഈ അന്ധവിശ്വാസത്തെ ആഇശ(റ) കളിയാക്കുകയും തന്നെപ്പോലെ സൗഭാഗ്യവതിയായ ഏത് സ്ത്രീയാണുള്ളതെന്ന് അവർ ചോദിക്കുകയും ചെയ്യാറുണ്ടായിരുന്നു.

**നബി(സ്വ)യുടെ കൂടെയുള്ള ജീവിതത്തിൽ മതപരമായ വിജ്ഞാനം കരസ്ഥമാക്കുന്നതിൽ പിന്നീട് മഹതി അതിവേഗത്തിൽ കുതിക്കുകയായിരുന്നു. കാരണം, ലോകം കണ്ട ഏറ്റവും വലിയ അധ്യാപകന്റെ കൂടെയാണ് ജീവിക്കുന്നത്. അതിനാൽതന്നെ കണ്ടും കേട്ടും നബി(സ്വ)യിൽനിന്ന് മതം പഠിക്കാൻ മഹതിക്ക് ധാരാളം അവസരം ലഭിച്ചു. സംശമുള്ള കാര്യങ്ങൾ നേരിട്ട് അപ്പപ്പോൾ തന്നെ ചോദിച്ച് മനസ്സിലാക്കി. നബി(സ്വ)യിൽനിന്ന് മതം പഠിക്കാനുള്ള ഒരു അവസരവും മഹതി പാഴാക്കിയതുമില്ല. അങ്ങനെ മഹതി വലിയ ഒരു പണ്ഡിതയായി മാറി.**

നബി(സ്വ)യുടെ കൂടെയുള്ള ജീവിതത്തിൽ മതപരമായ വിജ്ഞാനം കരസ്ഥമാക്കുന്നതിൽ പിന്നീട് മഹതി അതിവേഗത്തിൽ കുതിക്കുകയായിരുന്നു. കാരണം, ലോകം കണ്ട ഏറ്റവും വലിയ അധ്യാപകന്റെ കൂടെയാണ് ജീവിക്കുന്നത്. അതിനാൽതന്നെ കണ്ടും കേട്ടും നബി(സ്വ)യിൽ നിന്ന് മതം പഠിക്കാൻ മഹതിക്ക് ധാരാളം അവസരം ലഭിച്ചു. സംശമുള്ള കാര്യങ്ങൾ നേരിട്ട് അപ്പോൾ തന്നെ ചോദിച്ച് മനസ്സിലാക്കി. നബി(സ്വ)യിൽനിന്ന് മതം പഠിക്കാനുള്ള ഒരു അവസരവും മഹതി പാഴാക്കിയതുമില്ല. അങ്ങനെ മഹതി വലിയ ഒരു പണ്ഡിതയായി മാറി.

*(തുടരും)*




# തശഹ്ഹുദിലെ പ്രാർഥന; നാം അറിയേണ്ടത്

**ദുൽക്കർഷാൻ അലനല്ലൂർ**
: 9447745299

ഇസ്‌ലാമിന്റെ പഞ്ചസ്തംഭങ്ങളിൽ രണ്ടാമത്തെതാണ് നമസ്കാരം. അബ്ദുല്ലാഹിബ്നു ഉമർ(റ) നിവേദനം, നബി(സ്വ) പറഞ്ഞു: "ഇസ്‌ലാം അഞ്ച് കാര്യങ്ങളിൽ പടുത്തുയർത്തപ്പെട്ടതാണ്. ആരാധനക്കർഹനായി അല്ലാഹുവല്ലാതെ മറ്റാരുമില്ല, മുഹമ്മദ് നബി(സ്വ) അല്ലാഹുവിന്റെ ദൂതനാകുന്നു എന്ന് സാക്ഷ്യം വഹിക്കൽ, നമസ്കാരം നിലനിർത്തൽ, സകാത്ത് നൽകൽ, റമദാനിൽ നോമ്പനുഷ്ഠിക്കൽ, കഅ്ബത്തിങ്കൽ (ചെന്ന്) ഹജ്ജ് ചെയ്യൽ" (ബുഖാരി, മുസ്‌ലിം).

മുആദി(റ)ന് നബി(സ്വ) നൽകിയ ഉപദേശങ്ങളിൽ ഇപ്രകാരം കാണാം; "കാര്യങ്ങളുടെ തല (അടിസ്ഥാനം) ഇസ്‌ലാമാണ്. അതിന്റെ തൂൺ നമസ്കാരമാണ്. അതിന്റെ ഉപരി ജിഹാദുമാണ്" (തിർമുദി).

കെട്ടിടം നിലനിൽക്കുന്നതും കെട്ടിടത്തിന്റെ ഉറപ്പും തൂണുകളിലാണ്. ഒരു തൂൺ നിർവഹിക്കുന്ന ദൗത്യം എന്തായിരുന്നുവെന്ന് അത് തകരുമ്പോഴാണ് മനസ്സിലാവുക; എല്ലാം നശിക്കും. അതിനാൽ നമസ്കരിക്കാത്തവന്ന് ഇസ്‌ലാമിൽ സ്ഥാനമില്ല. നമസ്കരിക്കാത്തവൻ മുസ്‌ലിമാണെന്ന് പറഞ്ഞുകൂടാ. മുസ്‌ലിമും സത്യനിഷേധിയും (കാഫിർ) തമ്മിലുള്ള പ്രധാനവേർതിരിവുകളിൽ ഒന്ന് നമസ്കാരമെന്ന മഹത്തായ ആരാധനയാണ്.

അബ്ദുല്ലാഹിബ്നു ബുറൈദ(റ) തന്റെ പിതാവിൽനിന്നും ഉദ്ധരിക്കുന്നു; നബി(സ്വ) പറഞ്ഞു: "നമുക്കും അവർക്കുമിടയിലുള്ള വേർതിരിവ് നമസ്കാരമാണ്. വല്ലവനും അതുപേക്ഷിച്ചാൽ അവൻ സത്യനിഷേധിയായി"(തിർമുദി).

അബ്ദുല്ലാഹിബ്നു ശഖീക്(റ) പറയുന്നു: "ഉപേക്ഷ വരുത്തുന്നതിലൂടെ കാഫിറായിപ്പോകുന്ന കാര്യമായി നമസ്കാരമല്ലാതെ മറ്റൊന്നും നബി(സ്വ)യുടെ സ്വഹാബികൾ കണ്ടിരുന്നില്ല."

ഒരു മുസ്‌ലിം ജീവിതത്തിൽ നിലനിർത്തേണ്ട കർമങ്ങളുടെ കൂട്ടത്തിലാണ് അല്ലാഹു നമസ്കാരത്തെ എണ്ണിയിട്ടുള്ളത്. അല്ലാഹു പറഞ്ഞു: "കീഴ്‌വണക്കം അല്ലാഹുവിന് മാത്രം ആക്കിക്കൊണ്ട് ഋജുമനസ്കരായ നിലയിൽ അവനെ ആരാധിക്കുവാനും നമസ്കാരം നിലനിർത്തുവാനും സകാത്ത് നൽകുവാനും അല്ലാതെ അവരോട് കൽപിക്കപ്പെട്ടിട്ടില്ല. അതത്രെ വക്രതയില്ലാത്ത മതം" (ക്വുർആൻ 98:5).

മുആദി(റ)നെ യമനിലേക്ക് പറഞ്ഞയക്കുമ്പോൾ നബി(സ്വ) പറഞ്ഞു: "രാത്രിയിലും പകലിലുമായി അഞ്ചുനേരത്തെ നമസ്കാരം അല്ലാഹു നിർബന്ധമാക്കിയിരിക്കുന്നു എന്ന് അവരെ അറിയിക്കുക" (ബുഖാരി).

അതിനാൽ ഒരു മുസ്‌ലിം അലസതയില്ലാതെ നിർബന്ധമായും നിർവഹിക്കേണ്ട ആരാധനയാണ് നമസ്കാരം. അത് നിൽവഹിക്കുന്നതിൽ അവന്റെ നാടോ, യാത്രയോ, സാഹചര്യങ്ങളോ ഒന്നും തന്നെ തടസ്സമായിക്കൂടാ. ഏതു സാഹചര്യത്തിലാണെങ്കിലും നിർവഹിക്കാവുന്ന രൂപവും ഇളവും ഇസ്‌ലാം നമസ്കാരത്തിന്റെ കാര്യത്തിൽ നൽകിയിട്ടുമുണ്ട്.

നമസ്കാരം തികഞ്ഞ ഭക്തിയോടെയും ആത്മാർഥമായും നിർവഹിക്കേണ്ട കർമമാണ്. അപ്രകാരം നിർവഹിക്കുന്നരാണ് വിജയികൾ എന്ന് വിശുദ്ധ ക്വുർആൻ പറയുന്നു: "സത്യവിശ്വാസികൾ വിജയം പ്രാപിച്ചിരിക്കുന്നു; തങ്ങളുടെ നമസ്കാരത്തിൽ ഭക്തിയുള്ളവരായ" (23:1,2).

ഇഹത്തിലും പരത്തിലും രക്ഷയും സമാധാനവുമാണ് നമസ്കാരം. അല്ലാഹു പറയുന്നു:

**"നിങ്ങളിലൊരാൾ തശഹ്ഹുദിലായാൽ നാല് കാര്യങ്ങളിൽനിന്ന് അല്ലാഹുവിനോട് കാവലിനെ തേടുക.'' നബി (സ്വ) പറഞ്ഞു: "അല്ലാഹുവേ, നരക ശിക്ഷയിൽനിന്ന് ഞാൻ നിന്നോട് കാവൽ ചോദിക്കുന്നു, ക്വബ്ർ ശിക്ഷയിൽനിന്നും ഞാൻ നിന്നോട് കാവൽ ചോദിക്കുന്നു, ജീവിതത്തിലെയും മരണത്തിലെയും പരീക്ഷണങ്ങളിൽനിന്നും ഞാൻ നിന്നോട് കാവൽ ചോദിക്കുന്നു, മസീഹുദ്ദജ്ജാലിന്റെ ഉപദ്രവത്തിൽനിന്നും ഞാൻ നിന്നോട് കാവൽ ചോദിക്കുന്നു'' (മുസ്‌ലിം). തശഹ്ഹുദിൽ അല്ലാഹുവിനോട് ചോദിച്ചുകൊണ്ടിരിക്കുന്ന ഈ നാല് കാര്യങ്ങളുടെ അർഥത്തെക്കുറിച്ച് നാം ആലോചിക്കേണ്ടതുണ്ട്. ചെറുപ്രായത്തിലേ നമസ്കാരം പഠിച്ച് അതൊരു ശീലമായി അനുഷ്ഠിച്ച് പോരുന്ന പലരും നമസ്കാരത്തിലേക്ക് തക്ബീർ ചൊല്ലി പ്രവേശിച്ചുകഴിഞ്ഞാൽ സലാം വീട്ടുന്നതുവരെ ആത്മാവില്ലാത്ത, കേവലം ശരീരം കൊണ്ടുള്ള വ്യായാമമായിട്ടാണ് അത് നിർവഹിക്കാറുള്ളത്.**

"(നബിയേ,) വേദഗ്രന്ഥത്തിൽനിന്നും നിനക്ക് ബോധനം നൽകപ്പെട്ടത് ഓതിക്കേൾപിക്കുകയും നമസ്കാരം മുറപോലെ നിർവഹിക്കുകയും ചെയ്യുക. തീർച്ചയായും നമസ്കാരം നീചവൃത്തിയിൽനിന്നും നിഷിദ്ധകർമത്തിൽ നിന്നും തടയുന്നു. അല്ലാഹുവെ ഓർമിക്കുക എന്നത് ഏറ്റവും മഹത്തായ കാര്യംതന്നെയാകുന്നു. നിങ്ങൾ പ്രവർത്തിക്കുന്നതെന്തോ അത് അല്ലാഹു അറിയുന്നു" (ക്വുർആൻ 29:45).

നമസ്കാരം തുടക്കംമുതൽ അവസാനംവരെ അല്ലാഹുവിനെക്കുറിച്ചുള്ള സ്മരണയും അവനെ വാഴ്ത്തിയും പ്രകീർത്തിച്ചും മഹത്ത്വപ്പെടുത്തിയും ക്വുർആൻ പാരായണം ചെയ്തും അവനോട് തന്റെ ആഗ്രഹങ്ങളും ആവശ്യങ്ങളും രക്ഷയും ചോദിച്ച് പ്രാർഥിച്ചുകൊണ്ടും നിർവഹിക്കപ്പെടുന്ന ആരാധനയുമാണ്.


നമസ്കാരത്തിൽ സലാം വീട്ടുന്നതിനുമുമ്പ് തശഹ്ഹുദിൽ പ്രാർഥിക്കാൻ വേണ്ടി നബി(സ്വ) ധാരാളം പ്രാർഥനകൾ പഠിപ്പിച്ചിട്ടുണ്ട്. അർഥം അറിഞ്ഞും ആശയം മനസ്സിലാക്കിയും മനസ്സാന്നിധ്യത്തോടെയുമാണ് നാം നമ്മുടെ റബ്ബിനോട് തേടേണ്ടത്. തശഹ്ഹുദിൽ നിർവഹിക്കുന്ന പ്രാർഥനകളിൽ ഒന്ന് ഇപ്രകാരമാണ്:

അബൂഹുറയ്റ(റ) നിവേദനം, നബി(സ്വ) പറഞ്ഞു: "നിങ്ങളിലൊരാൾ തശഹ്ഹുദിലായാൽ നാല് കാര്യങ്ങളിൽനിന്ന് അല്ലാഹുവിനോട് കാവലിനെ തേടുക." നബി (സ്വ) പറഞ്ഞു: "അല്ലാഹുവേ, നരക ശിക്ഷയിൽനിന്ന് ഞാൻ നിന്നോട് കാവൽ ചോദിക്കുന്നു, ക്വബ്ർ ശിക്ഷയിൽനിന്നും ഞാൻ നിന്നോട് കാവൽ ചോദിക്കുന്നു, ജീവിതത്തിലെയും മരണത്തിലെയും പരീക്ഷണങ്ങളിൽനിന്നും ഞാൻ നിന്നോട് കാവൽ ചോദിക്കുന്നു, മസീഹുദ്ദജ്ജാലിന്റെ ഉപദ്രവത്തിൽനിന്നും ഞാൻ നിന്നോട് കാവൽ ചോദിക്കുന്നു" (മുസ്‌ലിം).

തശഹ്ഹുദിൽ അല്ലാഹുവിനോട് ചോദിച്ചുകൊണ്ടിരിക്കുന്ന ഈ നാല് കാര്യങ്ങളുടെ അർഥത്തെക്കുറിച്ച് നാം ആലോചിക്കേണ്ടതുണ്ട്. ചെറുപ്രായത്തിലേ നമസ്കാരം പഠിച്ച് അതൊരു ശീലമായി അനുഷ്ഠിച്ച് പോരുന്ന പലരും നമസ്കാരത്തിലേക്ക് തക്ബീർ ചൊല്ലി പ്രവേശിച്ചുകഴിഞ്ഞാൽ സലാം വീട്ടുന്നതുവരെ ആത്മാവില്ലാത്ത, കേവലം ശരീരംകൊണ്ടുള്ള വ്യായാമമായിട്ടാണ് അത് നിർവഹിക്കാറുള്ളത്.

നബി(സ്വ) കാവൽ ചോദിക്കാൻ പറഞ്ഞ നാലുകാര്യങ്ങളും അതീവഗൗരവമുള്ളവയാണ്. ഈ നാലുകാര്യങ്ങളിൽനിന്നും ആത്മാർഥമായി ഒരടിമ കാവൽ ചോദിക്കുകയും അല്ലാഹു അവനിൽനിന്ന് അത് സ്വീകരിച്ച് ഉത്തരം നൽകുകയും ചെയ്താൽ അത് മഹാഭാഗ്യമാണ്. ആ നാലുകാര്യങ്ങൾ ഹ്രസ്വമായി മനസ്സിലാക്കാം.

*(തുടരും)*



മധുരം ജീവിതം

# ഉറച്ച തീരുമാനമുണ്ടാവുക!

ഡോ. സി. മുഹമ്മദ് റാഫി ചെമ്പ്ര

: 99460 42525

അങ്ങേയറ്റം ദേഷ്യത്തോടെയാണ് അയാൾ ആ ജ്ഞാനിയുടെ സമീപമെത്തിയത്. ഇനിയും അടങ്ങിയിട്ടില്ലാത്ത രോഷാഗ്നിയോടെ അയാൾ ആരാഞ്ഞു: "ഞാൻ ഇതുവരെ തൊണ്ണൂറ്റി ഒമ്പതു പേരെ കൊന്നിരിക്കുന്നു. എനിക്ക് പശ്ചാത്താപത്തിന് അവസരമുണ്ടോ?"

സമാധാനത്തെക്കുറിച്ച് മാത്രം സംസാരിച്ചിരുന്ന ജ്ഞാനിക്ക് ഉൾക്കൊള്ളാവുന്നതിലും എത്രയോ ഭയാനകരമായിരുന്നു ആ ചോദ്യം.

ജ്ഞാനി പ്രതിവചിച്ചു: "സാധ്യതയില്ല."

ക്രുദ്ധനായ അയാൾ ആ ജ്ഞാനിയെയും വകവരുത്തി. മുന്നോട്ടുപോയ അയാൾ മറ്റൊരു സാത്വികനെ കണ്ടു. അയാൾ ചോദിച്ചു: "ഞാൻ നൂറുപേരെ കൊന്ന വ്യക്തിയാണ്, എനിക്ക് പശ്ചാത്താപമുണ്ടോ?"

ജ്ഞാനി പ്രതിവചിച്ചു: "ഉണ്ട്, തീർച്ച! താങ്കൾ ഇവിടെനിന്നും ഞാൻ പറയുന്ന ഒരു നാട്ടിലേക്ക് പോകണം. അവിടെയെത്തി പാപങ്ങളിൽനിന്നകന്ന് ജീവിക്കണം."

അതീവസന്തോഷത്തോടെ അയാൾ യാത്രയാരംഭിച്ചു. പക്ഷേ, യാത്രാമധ്യെ മരണം അയാളെ തേടിയെത്തി, അയാൾ മരിച്ചുവീണു.

മലക്കുകൾ അയാളുടെ ജഡത്തിനടുത്തെത്തി ദൈവത്തോട് ചോദിച്ചു: "ഇയാളെ നന്മയുടെ പക്ഷത്തോ അതോ തിന്മയുടെ പക്ഷത്തോ, ഏതിലാണ് രേഖപ്പെടുത്തേണ്ടത്?"

ദൈവം മൊഴിഞ്ഞു: "അയാൾ നടന്നുതുടങ്ങിയ നാടും ലക്ഷ്യംവെച്ച നാടും അളന്നെടുക്കുക. ഏതിനോടാണോ അയാൾ കൂടുതൽ അടുത്തിരിക്കുന്നത് അതിലാണ് അയാളുടെ സ്ഥാനം."

അവർ അളന്നു. അയാൾ ലക്ഷ്യംവെച്ച നന്മയുടെ നാട്ടിലേക്ക് അയാൾ അടുത്തിരിക്കുന്നതായി അവർക്ക് മനസ്സിലായി. (കഥ, അവലംബം ഹദീസ്).

പാപത്തിന്റെയും പാപമോചനത്തിന്റെയും അതിർവരമ്പ് ഇത്രമാത്രം അടുത്താണിരിക്കുന്നത്. ചെയ്തുപോയ പാപമോർത്ത് ദുഃഖിച്ചിരിക്കേണ്ടവനല്ല വിശ്വാസി; പാപത്തിൽനിന്ന് അകലാനുള്ള അവസാന ശ്രമത്തിൽ മുഴുകേണ്ടവനാണ്.

മരണം എപ്പോൾ വരുമെന്ന് ഒരു നിശ്ചയവുമില്ലാത്ത നിസ്സഹായരാണ് നാം. അതിനാൽ പാപമുക്തരാവാൻ കാത്തിരിക്കാൻ നമുക്ക് സമയമില്ല.

പകൽ വന്നുപോയ തെറ്റുകൾ പൊറുക്കാനായി രാത്രി കാത്തിരിക്കുന്ന റബ്ബ്, രാത്രി വന്നുപോയ പിഴവുകൾ പരിഹരിച്ചുതരാനായി പകൽ തയ്യാറുള്ള നാഥൻ! വിശ്വാസിയുടെ മുമ്പിൽ സമാശ്വാസമല്ലാതെ മറ്റെന്താണ്?

മരണം ക്ഷണിക്കാതെ വന്നെത്തുന്ന അതിഥിയെപോലെ നമുക്കരികിലെത്താനിരിക്കുന്നു. ഇനിയും കാത്തുനിൽക്കാൻ സമയമുണ്ടോ നമുക്ക്? ഇല്ല, ഒരിക്കലുമില്ല! മനസ്സറിഞ്ഞ്, ഹൃദയുരുകി, കണ്ണുകൾ നിറഞ്ഞ്, കണ്ഠമിടറി റബ്ബിലേക്ക് മടങ്ങാൻ...പാപങ്ങളിലേക്കില്ലെന്ന് ഉറച്ച തീരുമാനമെടുക്കാൻ നമുക്കാവണം, നമുക്കേ അതിനാവൂ. ■


ഇനി പഠനം രസകരമാകും
peaceradio
peaceradio
e മദ്റസ
റെഗുലർ കോഴ്സ്
Class Tests
Activities
Star of the Week
Parent Review
Final Exam
Phone in Viva
Live Chat
പ്രക്ഷേപണം
ഇന്ത്യൻ സമയം
01:30 PM
നമ്മുടെ കൂട്ടുകാരെ രജിസ്റ്റർ ചെയ്യാൻ മറക്കരുത്
വീഡിയോ ക്ലാസുകൾ ലഭിക്കാൻ
Zameel Online Library
സന്ദർശിക്കുക
പീസ് റേഡിയോ നിങ്ങളുടെ ഫോണിൽ ലഭിക്കുവാൻ
Google play
Available on the App Store
Peace Radio
RadioForPeace

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
2022 May 14

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-


# അറിവ് തേടി അലയേണ്ടതില്ല... അറിയേണ്ടതെല്ലാം വിരൽ തുമ്പിലുണ്ട്... പീസ് റേഡിയോ.....




GET IT ON Google Play
Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
**+91 9746 95 0006** (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI
GooglePay Paytm